പാലമൂട്ടിലെ ദേവസ്യ അന്നാട്ടിലെ പ്രഭുവാണ്. തേവൻ അയാളുടെ സ്വന്തം അടിയാനാണ്. തേവന്റെ അപ്പന്മാരെല്ലാം അവിടത്തെ അടിയാന്മാരായിരുന്നു. അവരെല്ലാം വിശ്വസ്തതയോടുകൂടി പാലമൂട്ടിലേക്കു വേലചെയ്തു. തങ്ങളുടെ മരണക്കിടക്കയിൽ അവർ മക്കളോട് പറയും "മക്കളേ ! നിങ്ങ തമ്പുരാന്റെ ചോറാണ്. തിന്ന ചോറിന് നന്ദികേടു കാണിക്കരുത് !"—എല്ലാം അതിൽ അടങ്ങിയിരിക്കും. വിദ്യാഹീനരെങ്കിലും അതിന്റെ അർത്ഥം അവർ ഉള്ളറയിലെ മനസ്സിലാക്കും. തേവൻ ഓർക്കുന്നുണ്ട് അവന്റെ അച്ഛൻ പറഞ്ഞത്: "തേവാ, നീ പാലമൂട്ടിലെ തമ്പ്രാനെ വിട്ടേച്ചെങ്ങും പോകല്ലേ. തിന്നുന്ന ചോറിൽ കല്ലിടല്ലേടാ."

അതാണ് തേവന് സങ്കടം. അവന് അതൊന്നു പറഞ്ഞേച്ചുപോകാൻ ആളില്ല. എന്നാൽ എന്ത് ? അടുത്ത തലമുറയിൽ ഒരു മകൻ ചെയ്യേണ്ട ജോലി കൂടെ തേവൻ ഇപ്പോൾ ചെയ്യുന്നുണ്ട്. ജോലികഴിഞ്ഞാൽ കുറഞ്ഞതു രണ്ടാളുടെ ജോലിയെങ്കിലും ചെയ്തില്ലെങ്കിൽ തേവന് തൃപ്തിയാകുകയില്ല. സന്ധ്യയാകുന്നതാണ് അവന്റെ കണക്ക്. അതുവരെ തേവൻ നില്ക്കാതെ പണിയും. അതുകൊണ്ടായിരിക്കാം തേവൻ നാൾക്കുനാൾ ക്ഷീണിച്ചുവരുന്നത്. രോഗം വന്നാലും, അവൻ കിടക്കുകയില്ല. അവൻ പറയും അതവന്റെ തമ്പുരാനു നഷ്ടമാണെന്ന്. അന്നവൻ



ചെന്നില്ലെങ്കിൽ ഇന്നടത്ത് പണി വിട്ടയാണെന്ന്. ശരീരത്തെ മറന്ന്, ജീവനെ മറന്ന്, ആ യജമാനസ്നേഹി, തമ്പുരാനുവേണ്ടി പണിയുവനും. പാടത്തുചെന്നാൽ ഒരുത്തരും നോക്കിനില്ക്കാൻ തേവൻ സമ്മതിക്കയില്ല. തമ്പുരാൻ അവിടെങ്ങും ചെല്ലുകയേയില്ല. അയാൾക്കറിയാം തേവൻ വിശ്വസ്തനാണെന്ന്. തേവൻ, തന്റെ സ്വന്തമായിട്ടാണ് തമ്പുരാന്റെ സകലതിനെയും ഗണിച്ചിരുന്നതു്. അയാൾ മറ്റുള്ളവരോടായി പറയും, "ചൊവ്വേ ജോലി ചെയ്യാമെന്നുള്ളോരുമിങ്ങോട്ടു പോരണ്ടാ. നെല്ലും ചക്രമൊന്നും ചുമ്മാതങ്ങു കിട്ടുകേം മറ്റുമില്ല."

തമ്പുരാനോടു കൂലിക്കു കണക്കു പറയാൻ ഒരുത്തനേയും അയാൾ അനുവദിക്കയില്ല. അവൻ ഇടയ്ക്കുചാടിക്കയറിപ്പറയും 'ഇവിടിത്രേ തരത്തൊള്ളു. മനസ്സില്ലാത്തവനൊക്കെ നിങ്ങടെ പാട്ടിനു പോ. ഞങ്ങക്കു വേറെ ആളുകിട്ടും.' തേവൻ അവരുടെ കൂട്ടത്തിൽ ഒരു പ്രമുഖനാണ്. അവൻ പറഞ്ഞാൽ ആരും പിണങ്ങുകയില്ല. പിറ്റേദിവസവും അവരെല്ലാം ജോലിക്കു കാണും. അപ്പോൾ തമ്പുരാനും അതോടൊപ്പം തേവനും മുഷ്ക്കു കൂടും. രണ്ടുമൂന്നാളിന്റെ പണി ബാക്കിയുണ്ടെങ്കിൽ അതുകൂടി തീർത്തിട്ടേ തേവൻ ആളുകളെ കയറ്റിവിടുകയുള്ളു. ഇരുട്ടിയാലും അവർ അതു തീർത്തിട്ടേ കയറുകയുമുള്ളു. തേവനെ അനുസരിച്ചില്ലെങ്കിൽ ആപത്താണെന്ന് അവർക്കറിയാം. ഇങ്ങനെ അറിഞ്ഞും അറിയാതെയും തേവൻ തമ്പുരാന്റെ മടിശ്ശീല വീർപ്പിച്ചുകൊണ്ടിരുന്നു.

ഒരു ദിവസം തേവൻ കൂലിക്കു ചെന്നപ്പോൾ തമ്പുരാൻ പറഞ്ഞു.

"തേവാ, നാളെ വിശേഷിച്ചു ജോലിയൊന്നുമില്ല. അതുകൊണ്ടു പുറത്താരെയും വിളിക്കണ്ടാ. നീയും നിന്റെ കെട്ടിയോളും അതിരാവിലെ വല്ലതും കഴിച്ചുകൊണ്ടു ഇങ്ങു വന്നേക്കണം. ഇവിടെ വല്ല ചില്ലറജോലിയും കാണും."

'ഓ അങ്ങനെയാകട്ടെ,' അവൻ പ്രതിവചിച്ചു. തേവൻ കൂലി വാങ്ങിക്കൊണ്ടു പോയി.

തമ്പുരാൻ പറഞ്ഞതനുസരിച്ച് തേവനും നീലിയും അതിരാവിലെതന്നെ ചെന്നു. അവർക്ക് രണ്ടുപേർക്കും പിടിപ്പത് ജോലിയുണ്ടായിരുന്നു. ഇന്ന ജോലിയാണ് അവർ ചെയ്തതെന്നു പറയാൻ പ്രയാസമാണെങ്കിലും പ്രഭാതംമുതൽ പ്രദോഷംവരെ, അതുമിതുമായി മുടങ്ങാതെ പുരയിടത്തിൽ ജോലി ചെയ്തു. വൈകിയപ്പോൾ നീലിയെ അങ്ങു പറഞ്ഞുവിട്ടു. തേവൻ തമ്പുരാനെ കാത്തു നില്പായി. തമ്പുരാൻ വന്നു.

'തേവൻ പോയില്ലേടാ,' അയാൾ ചോദിച്ചു.

'ഇല്ല', തേവൻ പറഞ്ഞു.

'നാളെ അതിരാവിലെ എല്ലാരും ജോലിക്കിറങ്ങണം കേട്ടോ.'

'ഓ.'

'രണ്ടുമൂന്നു ദിവസത്തേയ്ക്കു ഞാനിവിടെ കാണുകയില്ല. ജോലിക്കാർക്കുള്ള കൂലി ഇവിടെ ഏല്പിച്ചേക്കാം.'

'ഓ.'

ഇങ്ങനെ വളരെയധികം കാര്യങ്ങൾ മുതലാളി തേവനെ ധരിപ്പിച്ചു. എല്ലാം അയാളുടെ കീശ വീർപ്പിക്കുന്ന കാര്യമായിരുന്നു.

'തേവാ മണി പത്തായി. ഇനിയും നില്ക്കണ്ടാ. പോ.' വാച്ചു നോക്കിട്ട് ഒടുവിൽ അയാൾ പറഞ്ഞു.

തേവൻ ഞെട്ടിയതു് മുതലാളി കണ്ടില്ല. പകൽ മുഴുവൻ താനും തന്റെ നീലിയും പണിയെടുത്തതിന്റെ കൂലി വാ

ട്ടാനാണ് തേവൻ നിന്നത്. കൂലി വാങ്ങി ഇരുട്ടുന്നതിനു മുമ്പ് അരിയുമായി ചെല്ലാമെന്നുള്ള കരാറിന്മേലാണ് നീലിയെ അവൻ പറഞ്ഞുവിട്ടത്. നീലി ചെന്ന് അത്താഴത്തിനു വെള്ളവുമിട്ട് അരിയുംനോക്കിയിരിക്കയാണ്. തേവന്റെ ചങ്കു പൊട്ടുന്നതുപോലെ അവനു തോന്നി. അവനും അവന്റെ പ്രിയപ്പെട്ട നീലിയും പട്ടിണി കിടക്കണം. അവനതു സഹിച്ചില്ലെങ്കിലും സഹിക്കാതെ നിവൃത്തിയില്ല. അവൻ എന്തോ പറഞ്ഞു. വെളിയിൽ കേട്ടില്ല. ഉണ്ടായ നാൾമുതൽ തമ്പുരാന്റെ ചോറുണ്ടാണ് അവൻ വളർന്നത്. എങ്ങനെയാണു തമ്പുരാന്റെ മുഖത്തു നോക്കി അവൻ കൂലി ചോദിക്കുന്നത്. നന്ദികേടു കാണിക്കുകയോ? അവൻ ഓർത്തു. "തേവാ! തിന്നുന്ന ചോറിൽ കല്ലിടല്ലേടാ."

തേവൻ ഒന്നും പറഞ്ഞില്ല. ഒരു നിമിഷംപോലും അവൻ അവിടെ നിന്നില്ല. കുറ്റിരുട്ടിയാൽ കാണാത്ത ഇരുട്ട്. ആ കൂരിരുട്ടിനെ പിളർന്നുകൊണ്ട് തേവൻ തമ്പുരാന്റെ അങ്കണം വിട്ടു. തേവന്റെ ദയനീയസ്ഥിതി കാണാൻ ആ കൊച്ചുതാരങ്ങൾക്കു കരുത്തില്ല. അവ അങ്ങനെ കാർമേഘത്തെ അഭയംപ്രാപിച്ചു. മിന്നാമിനുങ്ങുകൾ തേവനെ സഹായിക്കാൻ ശ്രമിച്ചു. കരിങ്കാറുകൾ നിറഞ്ഞ അന്തരീക്ഷം കറുത്തവാവിലെ കൂരിരുട്ടിനു മാറ്റുകൂട്ടി. പ്രകൃതിക്കു ശ്വാസം മുട്ടുമാറ് കാറ്റുനിലച്ചു. നിശ്ശബ്ദത. ഭയങ്കരനിശ്ശബ്ദത. തേവന്റെ പാദങ്ങൾ പുരോഗമിച്ചുകൊണ്ടിരുന്നു. അന്ധകാരത്തെ മുറിച്ച് അയാൾ നടന്നു.

കാൽപ്പെരുമാറ്റം കേട്ട് നീലി നോക്കി. അതു തേവൻ ആയിരുന്നു. അവൾ ഉദ്ദേശിച്ചതും അങ്ങനെയായിരുന്നു.

'എന്താ ഇത്രേം താമതിച്ചേ.' അവൾ അന്വേഷിച്ചു.

'തമ്പുരാൻ ഇതുവരേം വന്നില്ല.'

'ഇത്രേം താമതിച്ചപ്പം ഞാനും അങ്ങനാ കരുതിയേ.'

'തമ്പ്രാൻ വരാഞ്ഞതുകൊണ്ടു കൂലി കിട്ടിയില്ല.'

തമ്പുരാനെ രക്ഷിക്കാൻ അയാൾ അത്രയും പറഞ്ഞു. 'തമ്പുരാൻ കൂലി തന്നില്ല' എന്നു പറഞ്ഞാൽ നീലി എന്തെങ്കിലും പറഞ്ഞെങ്കിൽ അതു തമ്പുരാന്റെ അഭിമാനത്തെ ചോദ്യം ചെയ്യുകയാണെന്നു ഭയന്നാണ് ആ സ്വാമിഭക്തൻ തന്റെ പ്രിയപ്പെട്ട നീലിയോടു കള്ളം പറഞ്ഞുപോയത്. നീലി പരിഭവിച്ചില്ല.

'ഇന്നത്താഴമെങ്ങനാ' അവൾ അവളോടുതന്നെ ചോദിച്ചു.

തേവൻ അതിനു മറുപടി കൊടുത്തു: 'നമുക്കങ്ങു കെടന്നുകളയാം.'

അത്താഴത്തിനു വച്ച വെള്ളം ഇറക്കിവച്ചിട്ട് നീലി തേവന് പാ വിരിച്ചുകൊടുത്തു.

രക്തം വിയർപ്പുതുള്ളിയാകുമാറ് നിന്നു മുപ്പതുനാഴിക എല്ലുമുറിയെ പണിയെടുത്തശേഷം ആ പട്ടിണിയുടെ സന്തതികൾ ഒഴിഞ്ഞ കുക്ഷിയോടുകൂടി കിടന്നുറങ്ങുന്നു. അതിൽ അവർക്കു സങ്കടമില്ല. അവർ തമ്പുരാനുവേണ്ടിയാണല്ലോ. സുഖമായി ഉറങ്ങി.

* * *

നീണ്ട സംവത്സരങ്ങൾ പലതു കഴിഞ്ഞു. തേവന്റെ ശരീരം ഇഞ്ചിഞ്ചായി കുറഞ്ഞുകൊണ്ടിരുന്നു. മരണമടുത്തെന്ന് അവനു പ്രതിപത്തി തോന്നി. അവന്റെ ശക്തി ക്ഷയിച്ചു. രണ്ടാളുടെ [illegible] ണി നിക്ക് പ്രയാസം ചെയ്യുന്ന [illegible] വന് ഇന്ന് നടക്കാൻ വടി കൂട്ടുവേണം. ജീവിതത്തിനുള്ള വഴികൾ എല്ലാം അടഞ്ഞു. അരപ്പട്ടിണി മുഴുപ്പട്ടിണിയായി മുഴുരൂപം കൊണ്ടു. നന്നായി മാസ്സാൻ അവൻ വല്ലാതെ പണിപ്പെട്ടു. അവൻ ഒരു രോഗിയാണ്. ക്ഷയം. അതാണവന്റെ രോഗം. അവൻ പറയാറുണ്ട് 'എന്റെ ദൈവമേ! അതു ചത്താമതിയായിരുന്നു. ചിലപ്പോൾ പറയും, 'ക്ഷയംവന്നാലെന്താണ്. എന്റെ തമ്പുരാനുവേണ്ടിയാണല്ലോ.' അങ്ങനെ അവൻ തൃപ്തിയടയാറുണ്ട്.

തമ്പുരാൻ തേവന്റെ കാര്യം മറന്നുപോയി. അയാൾ വേറൊരടിയാനെ കണ്ടുപിടിച്ചു. തേവന്റെ പ്രിയപ്പെട്ട നീലിയാണ് ആ കുടുംബം പുലർത്തുന്നത്. എങ്ങനെ? പട്ടിണികൊണ്ടു ഒരു കുടുംബം പുലർത്തുന്നതിന് ആരെങ്കിലും വേണമോ? നീലി ഒരു യാചകിയായിത്തീർന്നു. അവൾ പല വീടുകളുടെയും പടികയറി. ആരും ഒന്നും കൊടുത്തില്ല. പട്ടിണി. അതേ! വീണ്ടും പട്ടിണി.

തേവനു സുഖക്കേടിന് ഒരു കുറവുമില്ല. അവൻ പ്രതിദിനം, പ്രതിനിമിഷം ക്ഷയിച്ചുകൊണ്ടിരുന്നു. മാംസം ഉരുകി എല്ലോടുചേർന്നു. അവന്റെ ഓരോ എല്ലും എണ്ണി എണ്ണിക്കാണാം. അവൻ അപ്പോൾ ഓർക്കും രാവും പകലുമില്ലാതെ ജീവനെയും ശരീരത്തെയും മറന്നു തമ്പുരാനെ സേവിച്ച കാലങ്ങൾ. അവന്റെ കണ്ണിൽ ജലം നിറയും. ചങ്കു തകരും. അവൻ അപ്പോഴും പറയും, 'എന്റെ തമ്പ്രാനുവേണ്ടിയാണല്ലോ.'

ചുമ, കരളുപറിക്കുന്ന ചുമ. ചുമച്ചു, ചുമച്ചു തേവന്റെ കണ്ണുകൾ രക്തനിറം പൂണ്ടു. ശബ്ദം താണു. ആരോ ഒരു വൈദ്യൻ ഒരു ഗുളിക കൊടുത്തു. പാലിൽ ഉരച്ചുകൊടുത്താൽ ചുമ കുറയുമെന്നു പറഞ്ഞു. പാൽ!! ഒരു കാശുപോലും സ്വന്തമായിട്ടില്ലാത്ത ആ തെണ്ടിക്കുടുംബത്തിന് എവിടെനിന്നാണു പാൽ കിട്ടുക. തേവൻ പറഞ്ഞു,

"കേട്ടോ, തമ്പ്രാ . . . ൻറ . . ." ചുമ സമ്മതിച്ചില്ല. നീലി കരഞ്ഞുകൂടി അടുത്തിരുന്നു.

'ഹയ്യോ! എ-ന്റെ . . . പകവാ . . . . നേ! ഈ . . . ചു . . . മ." പിന്നെയും ചുമ തന്നെ. നീലി അയാളുടെ പുറം തിരുമ്മി.

" തമ്പുരാ . . . .ൻറ . . . വിടെ . . . . ചെന്നാ. . . .ൽ . . . ഇച്ചിരി . . . . . . പാൽ . . . . കിട്ടാതി . . . രി . . . ക്കുകേല്ല.' ഒരു വിധത്തിൽ തേവൻ അതു പൂർത്തിയാക്കി. നീലിക്ക് അതൊരു നല്ല വഴിയായിത്തോന്നി.

" ന്നാ, ഇവിടെക്കെടക്ക്. ഞാനോടിപ്പോയേച്ചിപ്പം വരാം," അവൾ പറഞ്ഞു.

തേവനും നീലിയും മനോരാജ്യത്തിൽ പലതും കണ്ടു. തന്റെ ആയുസ്സിന്റെ ഇതുവരെയുള്ള സമയമത്രയും തമ്പുരാനുവേണ്ടിയാണു ചെലവഴിച്ചത്; തമ്പുരാനെന്തെങ്കിലും ചെയ്യാതിരിക്കയില്ല- എന്നിങ്ങനെ തേവൻ വിചാരിച്ചു.

നീലി, പാലമുറ്റിൽ ചെന്നു. തമ്പുരാനവിടെയുണ്ടായിരുന്നു. നീലിയെക്കണ്ടയുടൻ തമ്പുരാൻ അകത്തേക്കു പോയ്ക്കളഞ്ഞു. മുറ്റത്തിന്റെ അതിർത്തിയിലുള്ള ആ മാവിന്റെ ചുവട്ടിൽ നീലി ഒരു അലുമിനിയപ്പാത്രവും കയ്യിൽ പിടിച്ചുകൊണ്ടു നില്ക്കയാണ് പാൽ വാങ്ങാൻ. തമ്പുരാൻ തേവന്റെ സ്വന്തം തമ്പുരാനാണ്. തീർച്ചയായും കിട്ടാതിരിക്കയില്ല. തമ്പുരാന് ധാരാളം പശുക്കളുണ്ടല്ലോ, അവൾ വിചാരിച്ചു. തൊഴുത്തിൽനിന്ന പുള്ളിപ്പശു നീലിയെക്കണ്ടപ്പോൾ അമറി. നീലിയാണ് അതിനു പുല്ലും വെള്ളവും കൊടുക്കാറുള്ളത്. അല്ലാത്തപ്പോൾ തേവനും. അതതിന്റെ നന്ദി പ്രകാശിപ്പിച്ചു. നീലി പ്രതീക്ഷയോടുകൂടി [illegible]

ക്കിനിന്നു. മണിക്കൂറുകൾ പലതു കഴിഞ്ഞു. ആരെയും വെളിയിൽക്കണ്ടില്ല. അവൾ ഓർത്തു "നേരം വൈകുകയാണല്ലോ." ചുമച്ചു ചുമച്ച് ഉരുകുന്ന തേവന്റെ ദയനീയാവസ്ഥ അവൾ ഓർത്തു. രക്തംപോലുള്ള അവന്റെ കണ്ണുകൾ. കരൾ പറിക്കുന്ന ആ ചുമ. കഫം പറിയാത്ത ആ ചുമ.

'പെലക്കള്ളി എന്തിനാ വരുന്നേ.' അതു മുതലാളിയുടെ മകനായിരുന്നു. അഞ്ചുവയസ്സുള്ള അവനെക്കാൾ ചെറിയ കുട്ടികൾ അവിടെയില്ലായിരുന്നു.

'ഇച്ചിരി പാലിന്,' അവൾ പറഞ്ഞു.

ആ പയ്യൻ അകത്തേക്കു പോയി.

'കാശൊണ്ടോ?' രണ്ടുമിനിററു കഴിഞ്ഞു വീണ്ടും വന്ന ആ പയ്യൻ ചോദിച്ചു.

'ഇല്ല.' പയ്യൻ അകത്തേക്കു പോയി.

'ഇവിടെ പാലില്ല.' വീണ്ടും അതേ പയ്യൻ.

നീലിയുടെ ചങ്കു പൊടിഞ്ഞു. അവൾ നിന്നിടം താഴുന്നതുപോലെ അവൾക്കു തോന്നി.

'ഇവിടെ പാലില്ല', ആർക്കുവേണ്ടിയാണോ തേവൻ രോഗിയായതു്, ആർക്കുവേണ്ടിയാണോ തേവൻ അവന്റെ ജീവരക്തമൂററിയതു്?, ആരുടെ കീശ വീർപ്പിക്കാനാണോ തേവൻ പട്ടിണി പിടിച്ചതു്?, ആ മുതലാളി, ആ നന്ദികെട്ട പിശാചു്, അവൻ പറയുന്നു—അല്ല—പറയിപ്പിക്കുന്നു 'ഇവിടെ പാലില്ല.'

നീലി പിന്നെ അവിടെ നിന്നില്ല. നിരാശയോടെ അവൾ തിരിഞ്ഞുനടന്നു. ഓരായിരം ചിന്തകൾ അവളുടെ ഹൃദയത്തെ വേദനിപ്പിച്ചു കടന്നുപോയി. തമ്പുരാന്റെ ശേററ് അവളുടെ പിന്നിൽ അടുത്തു. ഭൂതകാലചരിത്രം അവൾ തിരിഞ്ഞുനോക്കി. പാടത്തും പറമ്പിലുമായി തേവന്റെ രൂപങ്ങൾ അവൾ കണ്ടു. 'കാശൊണ്ടോ', 'ഇവിടെ പാലില്ല', അവൾ അതു മറക്കുവാൻ ശ്രമിച്ചു. അവൾ അത്രയും വ്യക്തമായതേയുള്ളൂ. നീലി തേവന്റെ അടുത്തു ചെന്നിരുന്നു.

'പാലു കിട്ടിയോ?' അയാൾ ചുമയും മൂളിയും ഒപ്പിച്ചു. നീലി മിണ്ടിയില്ല.

'കിട്ടിയില്ലേ?'—അയാൾ വീണ്ടും ചോദിച്ചു.

'ഉം' അവൾ മൂളി.

തേവൻ നെടുതായി ഒന്നു നിശ്വസിച്ചു. അവന്റെ കരളുരുകി. കണ്ണുകൾ നിറഞ്ഞു.

* * *

'തേവനു ക്ഷയമാണ്', ചാത്തൻ—പാലമൂട്ടിലെ പുതിയ അടിയാൻ—തമ്പുരാനോടു പറഞ്ഞു.

'എന്ത്! ക്ഷയമോ?'—അയാൾ അത്ഭുതത്തോടുകൂടി ചോദിച്ചു.

"ക്ഷയമാണോ? എന്നാൽ അതു പകരുന്ന രോഗമാണല്ലോ. അവിടെ ങ്ങായിട്ടിരിക്കാനായി പോകുകയും വേണ്ടല്ലോ" ദേവസ്യ—തമ്പുരാൻ—വീണ്ടും പറഞ്ഞു.

തമ്പുരാനും ചാത്തനുംകൂടി വളരെനേരം സംസാരിച്ചു.

* * *

പിറേറദിവസം രാവിലെ ആ ഇടവഴിയിൽക്കൂടി രണ്ടുപേർ നീങ്ങുന്നതു കണ്ടു. ഒരു സ്ത്രീയും ഒരു പുരുഷനും. പുരുഷൻ വലതുകയ്യിൽ ഒരു മുളവടി ബലമായി നിലത്തൂന്നിപ്പിടിച്ചിട്ടുണ്ട്. ഇടതുകയ്യിൽ ആ സ്ത്രീ ബലമായി പിടിച്ചിട്ടുണ്ട്. കീറിപ്പറിഞ്ഞ ഒരു തോർത്തു മുട്ടോളംവരെ മാത്രം ഉടുത്തു്, ഒരൊററമുണ്ടു പുതച്ചിട്ടുള്ള ആ പുരുഷനും, ഇടതുകയ്യിൽ ഒരു പഴയപായ് ചുരുട്ടിപ്പിടിച്ചിട്ടുള്ള സ്ത്രീയും തേവനും നീലിയുമാണ്.



നീലി ചോദിച്ചു "നമ്മളിന്നെവിടാ ഒന്നന്തിയൊറങ്ങുന്നേ."

'ഹയ്യോ!'—ചുമ. സഹിക്കാൻവയ്യാത്ത ചുമ. തേവൻ അവിടെയിരുന്നു. 'ആ . . . ആ . . . ഒന്നു കെ . . . ട . . . ക്ക . . . ണം."

നീലി ആ പായ് അവിടെ വിരിച്ചു തേവനെ കിടത്തി. അയാളുടെ തല അവളുടെ മടിയിലേക്കൊന്നു പൊക്കിവച്ചുകൊണ്ട് അവൾ നെഞ്ചുതിരുമ്മി. തേവന്റെ ചുമ നിന്നില്ല. ചുമച്ചു, ചുമച്ചു ശബ്ദം കേൾക്കാനില്ല. അല്പംകഴിഞ്ഞു ആ ചുമയും അവസാനിച്ചു.

---

## ഓണനൃത്തം

(പി. വി. വേലായുധൻ, ക്ലാസ്സ് iii)

". . . . . . മണിമാളികയും മാടവുമായി
മാറിപ്പോയി, മലയാളം.
പണി ചെയ്യാക്കിപ്പട്ടിണി തന്നെ
പാടം ചെങ്കതിരിട്ടാലും.
പണ്ടുള്ളതാം 'രാച്യ'ത്തെങ്ങാ-
നുണ്ടോ പട്ടിണി മാവേലി.
അടിയാളന്മാർ ഞങ്ങൾക്കിന്നും
വയലും പണ്ടവുമരിവാളും.
അങ്ങെഴുന്നെള്ളിത്തൃക്കൺ പാർക്കൂ
ഞങ്ങളെയെല്ലാം മാവേലി.
മണ്ണിൽ പണിയും കർഷകർ, ഞങ്ങൾ,
പഞ്ഞം പാടിത്തളരുന്നു.
മാവേലിവാണയുഗത്തിന്നോർമ്മകൾ
മലരണിയിപ്പൂ ചിന്തകളിൽ . . . . . . . ."

അരിവാളുതമിച്ചെറുമികളിങ്ങനെ
തിരുവോണത്തിൻ പുലർകാലേ,
കുടിലുകളുണരും മുമ്പേ, കൂടി-
ച്ചോടു ചവിട്ടിപ്പാടുന്നു.

അകലത്തെത്താ പുഴകളിലപ്പോൾ
ചിരി പൊട്ടുന്നു സോദരമക്കം.

പച്ചയുടുക്കും മലകളുണർന്നി-
ട്ടുത്സവമധു നുണയുന്നു.
മരതകക്കിളികളുണർന്നു പറന്നു
മഞ്ഞിൻ ചിറകിലുയർന്നതു പോൽ.
വയലുകൾ പവിഴക്കതിരുകൾ ചൂടി
വാനം പുടവയുടുത്തപ്പോൾ.
നറു മുല്ലപ്പൂ വിതറും പുഞ്ചിരി
പുലരിയുതിർത്തു ചുണ്ടുകളിൽ......
'കിലുകില'മരിവാളവർ കൈമാറ-
'നങ്കം വെട്ടാ'നണയും പോൽ.
മാവേലിയെത്താനവർ പാടുന്നു;
മലയാളം മലർ കാവാകാൻ.
സമത വളർത്താനവർ പാടുന്നു,
സാധുക്കൾക്കുമുയർന്നീടാൻ.
"കേരളമൊരുനാട,"വർ പാടുന്നു,
"കേരവളരുന്നൊരു മലനാട്,
ഞങ്ങളുതിർക്കും രക്തം വിളയും
'പഞ്ഞ'മിനഞ്ഞിയ മലനാട്!
അങ്ങനെയുമ്പോളാണെന്നപ്പാ
ഞങ്ങളെയും നീ മറക്കില്ലേ......?
പൂവിട്ടെങ്ങൾ വിളിച്ചിട്ടല്ലും
പോരില്ലേ നീ? കുടിലുകളിൽ!! ......"

# സ്വാഗതം

കെ. വി. പി. നമ്പൂതിരി (ക്ലാസ്സ് I.)

(കവിത)

പകലവൻ പടിഞ്ഞാറുമറഞ്ഞിട്ട്—
പലനിശാന്തരയാമങ്ങൾ നീങ്ങവേ ;
നിശയിലെല്ലാ ഗ്രഹങ്ങളും നിരന്ന്
നിശിതമാം വലയത്തിലമരവേ ;
ഗഗനപാതയിലെങ്ങും നിലാവിന്റെ
ധവളകാന്തിയാൽ വെള്ളവിരിക്കവേ ;
മധുരസംഗീതമാലപിക്കും പല
പറവരാശിയും നിശ്ശബ്ദമാകവേ ;
ചലനമീവിധമെങ്ങും നിലയ്ക്കവേ ;
വയലുതേവുമീസ്സോദര നാരവാൻ ?
നിജശരീരത്തിലെങ്ങും പ്രയത്നത്തിൻ
നിശിതചാലനം ഹന്തമാറ്റുന്നു ഹാ !
പവനമാകവേ, സോദരങ്ങളുടൻ
നിറയുകയായ് ; നേവരുടെ തുലിയായ് !
ഹൃദയശൂന്യനാം തന്നെ 'ജന്മി'യെ
വയലുകാത്തതിൽ കൂലിയതാണപോൽ !

അന്നന്നു വേലചെയ്തു പത്തായങ്ങൾ
നിറയുമാറെന്നും നെൽ വിളയിപ്പവർ,
മുഴുപ്പട്ടിണികൊണ്ടു ജീവിതം
നരകമാക്കുന്നുപോലും—ഭയങ്കരം !
കനകസൌധങ്ങ ; ളുന്നതമാളിക ;
വലിയകൊട്ടാരമെന്നിവ നിർമ്മിപ്പോർ
പശിയടക്കുവാനാകാതെ നിത്യവും
മരണശാസനം കൈപറ്റുന്നതേ !
"പണിയെടുക്കുവോനേകൻ—ഉണ്ണുവാ—
നപരൻ"—നീതിയ മാറണം നിശ്ചയം.
കുടിലനീതിയിതൊന്നാകെ ഞങ്ങളിന്നെ
യടിതകർക്കുന്നൊരച്ഛന്ദമാരതൻ !
മനുജരെല്ലാമൊന്നുപോൽ വാഴ്‌വ—
നുഭവിക്കുന്ന ലോകമേ, സ്വാഗതം.

---

# വേദന

(അബൽ മേനോൻ, ക്ലാസ്സ് II.)

(ചെറുകഥ)

'മോഹൻ' അന്നും പതിവുപോലെ ആ തെങ്ങിൻകൂട്ടത്തിലെത്തി. മണൽപ്പരപ്പിൽ കുത്തിയിരുന്നുകൊണ്ടു അയാൾ ഒരു മൂളിപ്പാട്ടുപാടി. കുറച്ചിടെ അയാൾ തലപൊക്കിനോക്കും. പിന്നേയും മന്ദമായി പാടിത്തുടങ്ങും.

ചില ഭാവനകൾ നുകർന്നുകൊണ്ടാണ് മോഹൻ ആ പാട്ടു പാടാറുള്ളത്. ഹൃദയത്തിന്റെ അഗാധതയിൽ ഓളം വെട്ടുന്ന ആ യുവാവിന്റെ വികാരങ്ങൾ മധുരമായ ഗാനത്തിൽ കൂടി ഒഴുകി പുറത്തുവരും. മോഹൻ ഒരു സാധു വിദ്യാർത്ഥിയാണ്. കഷ്ടിച്ചു കാൽ ഏക്കർ പുരയിടം മാത്രം ആണ് അയാൾക്ക പിതൃരാർജ്ജിതമായി കിട്ടിയത്. പരിതാപങ്ങൾ നിറഞ്ഞ ഈ ലോകത്തിൽ ഓമനമകനെ ഉപേക്ഷിച്ചിട്ടു മോഹന്റെ മാതാപിതാക്കൾ അനന്തതയിൽ ലയിച്ചു.

നിരന്തരമായ ഭാരങ്ങളുടേയും പ്രയാസങ്ങളുടേയും മദ്ധ്യേ മോഹൻ തന്റെ ജീവിതവഞ്ചി തുഴഞ്ഞു. അയാൾ സ്കൂൾഫൈനൽ ക്ലാസ്സിലെത്തി. മണി അഞ്ചാകുമ്പോഴേക്കും മോഹൻ സ്കൂളിൽനിന്നു വീട്ടിലെത്തും. പുസ്തകങ്ങളെല്ലാം മേശപ്പുറത്തു ഇട്ടതിന്റെശേഷം ഉടൻ അയാൾ ഓടും ആ തെങ്ങിൻകൂട്ടത്തിലേക്ക്. മോഹനു ഒരു കളിത്തോഴിയുണ്ട്, ഹൃദയസമ്പന്നയായ അമ്മിണി ! പ്രേമാർദ്രങ്ങളായ ആ യുവഹൃദയങ്ങൾ കൂടിച്ചേരുന്നതു ആ തെങ്ങിൻകൂട്ടത്തിൽവച്ചാണ്.

പ്രണയിനിയുടെ ഹൃദയംപോലെ കോമളമായ മന്ദമാരുതനിൽ തെങ്ങോലകൾ നൃത്തംവെച്ചു. മോഹൻ ആ മണൽപ്പരപ്പിൽ കമിഴ്ന്നുകിടന്നു.

"മോഹനാ...........എപ്പോഴും പാട്ടുതന്നെ



യാണല്ലോ !! എപ്പോഴാ വന്നത്' ഒരു കൊച്ചു സുന്ദരി കുണുങ്ങി, കുണുങ്ങി ചിരിച്ചുകൊണ്ടു അയാളുടെ പിറകിൽ പ്രത്യക്ഷപ്പെട്ടു. മോഹൻ ചാടി എണീറ്റു. ഒരു പ്രസന്നത അവരുടെ മുഖങ്ങളിൽ കളിയാടി.

"ഇപ്പോഴെങ്കിലും വന്നല്ലോ അമ്മിണി, .. ഞാൻ എത്രനേരമായി നിന്നെ പ്രതീക്ഷിക്കുകയാണ്." മോഹന്റെ ശബ്ദത്തിൽ പരിഭവത്തിന്റെ സ്വരം കലർന്നിരുന്നു.

'മോഹനാ . . . .ഇന്നാൾക്ക അതൊക്കെപ്പറയാം. എന്നെ വീട്ടിൽനിന്നു അമ്മച്ചി എപ്പോഴും ഇങ്ങോട്ടു അയയ്ക്കുകയില്ല.'

'അതെന്താ നിന്റെ അമ്മച്ചിക്ക എന്നോടു വിരോധം ആണോ ?'

'വിരോധം ഒന്നുമില്ല. എങ്കിലും നമ്മാം തമ്മിൽ കുറേനാളായി കാണുന്നതും സംസാരിക്കുന്നതും ഒന്നും എന്റെ അമ്മച്ചിക്ക ഇഷ്ടമല്ല.' അമ്മിണിയുടെ മുഖത്തു ഒരു വല്ലായ്മ പ്രത്യക്ഷമായി . . . . മോഹൻ കുറേനേരത്തേയ്ക്കൊന്നും മിണ്ടിയില്ല. അല്പം കഴിഞ്ഞ് ഒരു ദീർഘനിശ്വാസത്തോടെ അവൾ പറഞ്ഞു. "എന്റെ മോഹനാ . . . . ഒരു ദിവസം ഒരു നേരമെങ്കിലും ഇങ്ങനെ ഒന്നു കാണാതിരിക്കാൻ എനിക്ക സാദ്ധ്യമല്ല. അതുകൊണ്ടാണ് ഞാൻ ആവശ്യമില്ലെങ്കിലും ഈ കടവും എടുത്തുകൊണ്ടു വെള്ളത്തിനാണെന്നും പറഞ്ഞു ഇങ്ങോട്ടു പോന്നത്."

'അമ്മിണി, നമ്മെ അങ്ങനെ തെറ്റിദ്ധരിക്കുന്നതു എന്തിനാണ്? നമ്മാം വല്ല പിശകവും വരുത്തിപോയോ ?' മോഹൻ ചോദിച്ചു.

'മോഹൻ വിചാരിക്കുന്നതുപോലെ ഈ ലോകരെല്ലാം അത്ര ശുദ്ധഹൃദയം ഉള്ളവരാണല്ലോ . . . . നമ്മാംതമ്മിൽ കണ്ടതാൽ എന്തോ പൊട്ടിത്തെറിക്കുംപോലും !! നമ്മുടെ ചിരിക്കും കളിക്കും എല്ലാം എന്തോ വലിയ അർത്ഥങ്ങളൊക്കെ ഉണ്ടെന്നാണ് അമ്മച്ചിയുടേയും മറ്റുംഭാവം.' അമ്മിണി കാര്യം വ്യക്തമാക്കി.

മോഹൻ കുറേനേരത്തേക്ക് ഒന്നും സംസാരിച്ചില്ല. അയാൾ ചിന്താമഗ്നനായി വിശാലമായ ആകാശത്തേക്ക് നോക്കിനിന്നു. ആ കണ്ണുകൾ നിറഞ്ഞു. ഒരു മരവിച്ച നിശ്ശബ്ദത.

'എന്റെ അമ്മിണി. . . എന്റെ ഹൃദയത്തിനു വല്ലാത്ത ഒരു വിഷമം. നിന്നെ എല്ലാനേരവും എനിക്ക കാണണം. നിന്റെ നിഷ്കളങ്കമായ സ്നേഹത്തിന്റെ മുമ്പിൽ എന്റെ ഹൃദയം ആശ്വാസം കാണുന്നുണ്ട്. എങ്കിലും നമ്മാം എത്രനാളിങ്ങനെ കഴിയും . . . ' മോഹൻ മണൽപ്പരപ്പിലിരുന്നു. അമ്മിണിയും അവിടെ ഇരുന്നു. അയാളുടെ മുഖം വികാരംകൊണ്ടു നിറഞ്ഞു. 'നീ എപ്പോഴും പാടാറുള്ള ആ പാട്ടൊന്നു പാടു അമ്മിണി: ചുട്ടുപിടഞ്ഞിരിക്കുന്ന എന്റെ ഹൃദയത്തിനു അങ്ങനെയെങ്കിലും അല്പം സുഖം തോന്നട്ടെ.'

'ഏതു പാട്ടാണ് . . . . ' മോഹന്റെ മുഖത്തേക്കു നോക്കിക്കൊണ്ടു അവൾ ചോദിച്ചു.

'ജീവിതമേ ഒരു യാത്ര' എന്നു തുടങ്ങുന്ന ആ ശോകാത്മകമായ ഗാനം.'

'ഞാൻ പാടാം. . . . ' ആ ഗളനാളത്തിൽകൂടി മധുരമായി ആ ഗാനം പുറത്തേക്കുവന്നു. ശോകാത്മകമായ ആ വരികൾ വികാരാത്മകമായി വായുവിൽകൂടി ഒഴുകി. പാട്ടിന്റെ ട്യൂൺ അനുസരിച്ചു മോഹന്റെ തല ചാഞ്ഞുകൊണ്ടിരുന്നു. പക്ഷേ അവൾക്ക പാടിത്തീർക്കുവാൻ കഴിഞ്ഞില്ല. അവളുടെ കണ്ഠം ഇടറിപ്പോയി. നിഷ്കളങ്കമായ സ്നേഹത്തിന്റെ സമ്മർദ്ദത്താൽ ആ യുവഹൃദയങ്ങൾ ശക്തിയായി ഇടിച്ചുകൊണ്ടിരുന്നു. പശ്ചിമചക്രവാളച്ചരുവിൽനിന്നു ഒരു നേരിയ കാറ്റു അവരെ തലോടിക്കൊണ്ടു കടന്നുപോയി.

* * *

അമ്മിണി സാമാന്യം ഭേദപ്പെട്ട ഒരു കുടുംബത്തിലെ ഏക സന്താനം ആണ്. സ്നേഹത്താൽ ആ ഹൃദയങ്ങൾ തമ്മിൽ ബന്ധിക്കപ്പെട്ടിരുന്നപോലെ അവരുടെ പുരയിടവും ഒരതിരുകൊണ്ടു ബന്ധിച്ചിരുന്നു. മാതാപിതാക്കളുടെ മാറാത്ത തണലിൽ ആ സൌന്ദര്യവല്ലി വളർന്നുവന്നു. വിശപ്പിന്റേയോ, ക്ലേശത്തിന്റേയോ ഒരു ലാഞ്ഛനയെങ്കിലും അവളെ പേടിപ്പിച്ചില്ല. ആരോഗ്യത്തിന്റെ സോപാനത്തിൽകൂടി അവൾ യൌവനത്തിന്റെ മണിസദനത്തിൽ എത്തി. ഉദാത്തവികാരങ്ങളിൽകൂടി മന്ദമന്ദം ഒഴുകി മോഹന്റെ അമ്പാടി സുന്ദരമായ പ്രേമത്തിൽ അവൾ അലിഞ്ഞുചേർന്നു.

മോഹന്റെ റിസൽട്ട് അറിഞ്ഞദിവസമായിരുന്നു അന്ന്. ആനന്ദത്തിൽ മതിമറന്നു അയാൾ തന്റെ ചെറുവീട്ടിലേക്കു ഓടി. മുറ്റത്തുനിന്ന അമ്മിണിയെ കണ്ടു അയാൾ പറഞ്ഞു. 'അമ്മിണീ, ഞാൻ ജയിച്ചു !!!.' അമ്മിണിയുടെ മുഖത്തു സന്തോഷത്തിന്റെ പ്രകാശം പരന്നു. പക്ഷേ !! ഏതോ ദുഃഖത്തിന്റെ നിഴൽ ആ മുഖത്തെ അല്പനേരത്തിനുള്ളിൽ മ്ലാനമാക്കി.

'എന്താ അമ്മിണീ, നിനക്കു ഒരു വല്ലായ്മ. എന്റെ ജയത്തിൽ സന്തോഷമില്ലേ.'

'എന്റെ ഹൃദയം അക്കാര്യത്തിൽ സന്തോഷിക്കുന്നു. പക്ഷേ....'

'എന്താ അമ്മിണീ, പറയൂ?'

'നമ്മുടെ പരിശുദ്ധമായ സ്നേഹം ഇങ്ങനെ നിലനിന്നെങ്കിൽ.....'

'അതു നിലനിർത്താതിരിക്കാൻ വല്ല കാരണവും ഉണ്ടോ അമ്മിണീ?'

'വീട്ടിൽ അമ്മച്ചി എല്ലാംകൂടി എന്റെ വിവാഹത്തിനു ആലോചന നടത്തുകയാണ്. പണം ഉള്ള ഒരാളിനെയാണ് അവർ നോക്കുന്നത്.'

'നീ വല്ല സമാധാനവും പറഞ്ഞോ'?

'ഞാനൊന്നും പറഞ്ഞില്ല. തക്കസമയത്താകട്ടെ എന്നു കരുതിയിരിക്കയായിരുന്നു.'

'എന്റെ അമ്മിണിയെ എനിക്കെന്നും ഇതുപോലെ സ്നേഹിക്കാൻ സാധിച്ചെങ്കിൽ... ഞാൻ പണക്കാരനല്ല.... എന്റെ അഭിലാഷം സാധിക്കുമോ?.....' മോഹൻ ജിജ്ഞാസയോടെ ചോദിച്ചു. അയാൾ പാരവശ്യത്തോടെ അവളെ നോക്കി.

'എനിക്കു ജീവനുണ്ടെങ്കിൽ.....ഈ ബന്ധം എന്നും നിലനിൽക്കും.' അമ്മിണി ദൃഢമായിട്ടാണ് അതു പറഞ്ഞത്.

പ്രേമത്തിന്റെ സജീവ ചൈതന്യംപോലെ ചന്ദ്രലേഖ മന്ദസ്മിതം തൂകി. ഉദ്യാനനികുഞ്ജത്തിൽ ശാഖയിൽ അതിന്റെ ഇണയോടു ചേർന്നിരുന്ന പാട്ടുകാരനായിരുന്നു. [illegible]ം ഏതോ രഹസ്യം പതുക്കെ അറിയിച്ചു.

'അമ്മിണീ, ഈ സൗഹാർദ്ദം നശിക്കയില്ല. ജീവിതത്തിൽ എന്തെല്ലാം സംഭവിച്ചാലും ഈ ആദർശമണിയമായ സ്നേഹം പൊൻപുലരിപോലെ എന്നും പ്രകാശിച്ചുകൊണ്ടിരിക്കും. ഇതണയുകയില്ല.' മോഹൻ അവസാനമായി പറഞ്ഞു.

അകലെ ഒരു വൃക്ഷക്കൊമ്പിൽനിന്നു കുറേ മിന്നാമിനുങ്ങുകൾ അവരെ തുറിച്ചുനോക്കി.

* * * * * * *

എന്തും സഹിക്കുന്നതിനുള്ള കരുത്താണ് മോഹന്റെ ഏറ്റവും വലിയ വിശേഷം. അയാളുടെ ചെറുപുരയിടം കടത്തിലായി. പക്ഷേ അതു വിദ്യാഭ്യാസത്തിനുവേണ്ടി ചെലവാക്കിയതു എന്നുള്ളതിൽ ചരിതാർത്ഥ്യം ഉണ്ടായിരുന്നു. അയാൾ സ്റ്റ[illegible] ഫൈനൽ പാസ്സായപ്പോഴേക്കും കടം വളരെ വർദ്ധിച്ചു. ഒടുവിൽ അവസാനത്തെ 'തീറെഴുതി.' അങ്ങനെ ജീവിതത്തിന്റെ കാര്യം പറഞ്ഞുകൊണ്ടു അയാൾ ജീവിതതരംഗത്തേക്കിറങ്ങി.

മോഹൻ വേദനയോടുകൂടി വീട്ടിൽനിന്നു അയാളുടെ പുസ്തകക്കെട്ടുകളുമൊക്കെ എടുത്തു വെളിയിലേക്കിറങ്ങി. അയാൾ നടന്നു നേരെ അമ്മിണിയുടെ വീട്ടിലേക്ക്. തന്റെ മാതാപിതാക്കളുടെ രക്തബിന്ദുക്കൾ വിയർപ്പുതുള്ളികളായി ഒഴുകി അതിൽനിന്നുണ്ടാക്കിയ ആ പിതൃപുരയിടവും അവസാനമായി അയാൾ ഉപേക്ഷിക്കയാണ്. 'വാസ്തവത്തിൽ ഇങ്ങനെ ചിന്തിക്കേണ്ടതില്ലായിരുന്നു.'— അയാൾ ചിന്തിച്ചു. പക്ഷേ അവരുടെ നിർബ്ബന്ധപ്രകാരമാണ് അയാൾ പഠിച്ചത്. മോഹന്റെ കണ്ണുകൾ നിറഞ്ഞുപോയി. മോഹൻ വരുന്നതു ദൂരത്തുനിന്നുകണ്ട അമ്മിണി അയാളുടെ മുമ്പിലേക്കു ഓടിവന്നു.

'എന്താ മോഹനാ !! എവിടെയെങ്കിലും പോവുകയാണോ?' അവൾ കരുണമായി ചോദിച്ചു.

'അതേ ഞാൻ പോകുകയാണ്. പരുത്ത ജീവിതയാഥാർത്ഥ്യങ്ങളുമായി ഏറ്റുമുട്ടാൻ, വിശപ്പിനുവേണ്ടി പൊരുതുവാൻ....

'ഈ പുസ്തകങ്ങളെല്ലാം ഇവിടെ ഇരിക്കട്ടെ അമ്മിണീ....ഞാൻ സിങ്കപ്പൂരിലേക്കു ഇന്നു തന്നെ പോകുന്നു. ഞാൻ വരും... എനിക്കു ഭാഗ്യമുണ്ടെങ്കിൽ....' അയാളുടെ കണ്ഠം ഇടറിപ്പോയി. അമ്മിണി നിഷ്കളങ്കയായ ഒരു ശിശുവിനെപ്പോലെ അയാളുടെ

## CAPTAINS OF VARIOUS CLUBS



Sitting:—Messrs. M. I. Abraham (Basket), V. M. Verghese (Hockey), C. P. Mathew (Principal) and P. C. Abraham (Volley).
Standing:—Messrs. K. C. Thomas (Tennis), P. M. Mathew (Badminton), C. P. Andrews (Physical Director), P. T. Chacko (Football) and C. T. George (Cricket).

നോക്കിനിന്നു. 'ഞാൻ പ്രതീക്ഷിച്ചിരിക്കും. . . . . .' വിഷമപ്പെട്ടു അവൾ പറഞ്ഞു. ആർദ്രമായ വികാരതരംഗങ്ങൾ അമ്മിണിയുടെ ഹൃദയത്തെ ഉലച്ചു.

* * * * * * *

ജീവിതം പരുപരുത്ത യാഥാർത്ഥ്യങ്ങളുമായിട്ടാണ മോഹനനെ ഞെരുക്കിയത്. എന്തെല്ലാം ചലച്ചിത്രങ്ങളാണ മനുഷ്യനാകുന്ന കർട്ടനിൽ വിധി പ്രദർശിപ്പിക്കുന്നത് !!! അപരിചിതനായ അയാൾ സിങ്കപ്പൂരിലെ തെരുവീഥികളിൽക്കൂടി അലഞ്ഞുനടന്നു. രണ്ടുമാസത്തിനുള്ളിൽ കയ്യിൽ ഉണ്ടായിരുന്ന പണം ചെലവായിപ്പോയി. മോഹനന്റെ കഴിവിന്റെ പ്രകടനപത്രികയായ സ്കൂൾഫൈനൽസർട്ടിഫിക്കറ്റും പേറിക്കൊണ്ടു ഓരോ ഫാക്ടറിതോറും അലഞ്ഞുനടന്നു ഒരു ഉദ്യോഗത്തിനുവേണ്ടി. വളരെ പണിപ്പെട്ടതിനുശേഷം അയാൾക്ക് ഒരു ഉദ്യോഗം കിട്ടി. . . . . . . . .ആയിടയ്ക്കാണ ലോകമഹായുദ്ധം ആരംഭിച്ചത്. ഒരെഴുത്തും കിട്ടാതെ മോഹനൻ വളരെയധികം വിഷമിച്ചു. ജപ്പാൻകാരുടെ തടവുകാരനായി അയാൾ പിടിക്കപ്പെട്ടു. അങ്ങനെ നീറിപ്പിടിക്കുന്ന വിഷമസന്ധികളിൽക്കൂടി ജീവിതത്തിന്റെ താളുകൾ ഓരോന്നോരോന്നായി മറിഞ്ഞുകൊണ്ടിരുന്നു.

* * * * * * *

ഇന്നു മോഹനന്റെ ചിരകാല പ്രതീക്ഷിതമായ ഒരു സുദിനമാണ്. നീണ്ടവും പരപ്പുള്ള എട്ടുകൊല്ലങ്ങൾക്കുശേഷം നാട്ടിലേക്കു തിരിച്ചുപോകയാണ്. അയാൾ പഴയ ജീവിതവീഥിയിലേക്ക് ഒന്നു കണ്ണോടിച്ചു. അമ്മിണി: ആ ശബ്ദത്തിനു അയാളുടെമേലുള്ള പ്രചോദനം !!! തന്റെ ഹൃദയത്തിന്റെ മാറ്റൊലി മാത്രമാണു അമ്മിണി. പ്രേമത്തിന്റെ പുഷ്പമാല്യവും കൊരുത്തുകൊണ്ടു കഴിഞ്ഞ ആ കാലങ്ങൾ—ആ പഴയപാട്ട്. . . 'ജീവിതമേ ഒരു യാത്ര. . . . .' മോഹനന്റെ ഹൃദയത്തിന്റെ ഉള്ളറയിൽനിന്നു ആ ഗാനം അധരങ്ങളിലേക്കു പകർന്നു. പൂർവ്വകാലസ്മരണകളെ കിക്കിളികൂട്ടിക്കൊണ്ടു ആ ജീവിതഗാനം അധരങ്ങളെ വിറപ്പിച്ചുകൊണ്ടിരുന്നു.

ചന്ദ്രന്റെ ശീതളമായ രശ്മിയിൽ സമുദ്രത്തിലെ തിരമാലകൾ ആർത്തുഹസിച്ചു. അകലെ ഒരു കടൽപ്പക്ഷി ശോകമായി പാടി. ചിന്തയിൽ മുഴുകി കപ്പലിന്റെ ഒരു മൂലയിൽ തല ചായിച്ചുകൊണ്ടു അപ്പോഴും അയാൾ ഇരിക്കുകയാണ്. പ്രേമസാന്ദ്രമായ സ്വപ്നങ്ങളുടെ പൊൻചിറക് അണിഞ്ഞു മോഹനന്റെ മധുരചിന്തകൾ പറന്നുകൊണ്ടിരുന്നു.

* * * * *

മധുരപ്രതീക്ഷകളോടെ മോഹനൻ അയാളുടെ പഴയ വീട്ടിന്റെ മുറ്റത്തുകൂടി നടന്നു. മണൽപ്പരപ്പും ഉന്നതങ്ങളായ തെങ്ങിൻതോട്ടങ്ങളും കണ്ടപ്പോൾതന്നെ ഓർമ്മകളിൽക്കൂടി ഒരു തരിതരിപ്പു കടന്നു. ആ കാലം പ്രസന്നമായിരുന്നില്ല. ഒരു ചൂടുപിടിച്ച കാറ്റു വീശിക്കൊണ്ടിരുന്നു. മോഹനൻ അതിവേഗത്തിൽ അമ്മിണിയുടെ മുറ്റത്തേക്കു നടന്നു. അവിടെ കണ്ട കാഴ്ച അയാളെ അത്ഭുതപ്പെടുത്തി. ഒരു മാളിക അവിടെ ഉയർന്നുനില്ക്കുന്നു.

രണ്ടു വയസ്സു പ്രായമുള്ള ഒരു ശിശു മുറ്റത്തുനിന്നു കളിക്കുന്നു. ആ ബാലൻ അമ്മിണിയുടെ തനിപ്പകർപ്പുതന്നെ. മോഹനന്റെ ഹൃദയത്തിൽക്കൂടി ഏതോ വികാരങ്ങൾ പാഞ്ഞുകൊണ്ടിരുന്നു. ഒരു മരപ്പാവയെപ്പോലെ മുറ്റത്തു നിന്നു.

'ആരാ നിങ്ങൾ ?' കണ്ണാടിജനലിൽക്കൂടി തലമാത്രം പുറത്തേക്കു നീട്ടിക്കൊണ്ടു ഒരു കല്യാണി ചോദിച്ചു.

'ഞാനൊരു വിദേശിയാണിപ്പോൾ' മോഹനൻ അലസമായി പറഞ്ഞു.

'എന്തുവേണം ?' ആ സ്ത്രീ ചോദിച്ചു. മോഹനൻ അത്ഭുതത്തോടെ അവളെ ഒന്നു നോക്കി.

'മോഹനാ. . . എന്റെ പൊന്നു മോഹനാ. . .' അവൾ അയാളുടെ കാല്ക്കൽ വീണു. അടുത്തുനിന്ന ശിശു അതുകണ്ടു പൊട്ടിക്കരഞ്ഞു.

'മോഹനാ. . . ഞാൻ തോറ്റു. നിന്നെ എത്രകൊല്ലങ്ങൾ ഞാൻ ആശയോടെ കാത്തിരുന്നു. . . . അയ്യോ. . . എന്റെ അപരാധം ക്ഷമിക്ക. . . .' അമ്മിണിയുടെ കണ്ണിൽനിന്നു അശ്രുധാര ജലപ്രവാഹംപോലെ ഒഴുകി. അതിന്റെ ചൂടേറ്റ മോഹനന്റെ കാലുകൾ ചുട്ടുപോയി.

മോഹനൻ കുറേനേരത്തേക്ക് ഒന്നും മിണ്ടിയില്ല. അയാൾ ഏതോ സ്വപ്നലോകത്തിലാണെന്നു തോന്നിപ്പോയി.

'അമ്മിണീ . . . .' മോഹൻ വിളിച്ചു.

'നാഥാ !!! . . . .' അമ്മിണിയുടെ ഹൃദയം പൊട്ടിപ്പുറപ്പെട്ട ആ വാക്കുകൾ മോഹന്റെ ഹൃദയത്തിൽ അഗ്നിശലാക ഇറക്കി. 'അമ്മിണീ, ഞാൻ പോകുന്നു.....എനിക്കിവിടെ നില്ക്കാൻ ശക്തിയില്ല. എന്റെ പ്രതീക്ഷകൾ തകർന്നുപോയി.....' അയാൾ പുറത്തേയ്ക്കു നടന്നു.

* * * * * * *

മോഹന്റെ ഹൃദയത്തിൽ സ്നേഹത്തിന്റെ വെളിച്ചം അണഞ്ഞുപോയി. വികാരവായ്പ് നിറഞ്ഞ ആ പതിതകാമുകന്റെ ജീവിതത്തിൽക്കൂടി വേദനയുടെ നിലയ്ക്കാത്ത നെടുവീർപ്പുകൾ ഉയരുന്നു. ഒരു ഭ്രാന്തന്റെ സകല ലക്ഷണങ്ങളും ഇന്നു മോഹനിൽ കാണാം.

രാത്രിയുടെ അന്ത്യയാമത്തിൽ അയാളുടെ കുടിലിൽനിന്നു കേൾക്കാം ഒരു ശോകഗാനം. 'ജീവിതമേ. . . . .ഒരു യാത്ര' കീറിപ്പറിഞ്ഞ ഷർട്ടും ഇട്ട് ചിരിക്കുന്ന ഒരു ലുങ്കിയോടുംകൂടി ഒരു യുവഹൃദയം ആ കുടിലിൽ സ്പന്ദിക്കുന്നുണ്ട്.

---

## കരയണോ?

(കെ. നടരാജൻ, ക്ലാസ്സ് II)

ഹൃദയഹാരിയാം മോഹന കാലുക—
ളുദയമാർന്നിടു മീലോക വാടിയിൽ
വിലസിടും പുതുചെമ്പനീർപ്പൂക്കൾ ത—
ന്നിടയിലെന്തിനീ കാട്ടുപൂവച്ചു നീ?
പരിചിലാനന്ദ ഗീത പാടി സ്വയം
പരിലസിച്ചിടും പൂങ്കുയിൽ ശ്രേണികൾ
സതത മാസ്വദിക്കട്ടെയി ജീവിതം

പതിത നീ ഞാൻ നെടുവീർപ്പുയുതിർപ്പവൻ
വിമല സംഗീത വീചികാ സാന്ദ്രമെൻ
പരിസരം, ഞാൻ വെറുമൊരു കാർമുകിൽ!
പതിത പുഷ്പങ്ങളൊപ്പതിച്ചിട്ടമീ
പെരുവഴിയിലടിഞ്ഞു കിടപ്പിതാ!
കരയണോ ഞാനുലകിന്റെ സൌന്ദര്യ—
മധുരമോന്താനുണർന്നു നടക്കണോ?

---

## പ്രകൃതിയെ സ്വാധീനമാക്കിയ മനുഷ്യൻ

(പി. കെ. ജോസഫ്, ക്ലാസ്സ് iv)

മനുഷ്യൻ മററു ജന്തുക്കളെപ്പോലെ കായ്കനികളും കിഴങ്ങുകളും തിന്നു ആദിമകാലത്തു ജീവിച്ചിരുന്നു. പാറകളിലുള്ള ഗുഹകളും, കാടുകളിലെ വള്ളിക്കുടിലുകളും അല്ലാതെ ഹർമ്മ്യങ്ങളോ, മനോഹര സൌധങ്ങളോ, ആനന്ദഭവനങ്ങളോ പുരാതനകാലങ്ങളിൽ ഉണ്ടായിരുന്നില്ല.

ഉപദ്രവകാരികളായ ജന്തുക്കളെ ഓടിക്കുന്നതിന് സിംഹത്തെപ്പോലെ നഖങ്ങളോ, പാമ്പിനെപ്പോലെ വിഷമോ, പക്ഷികളെപ്പോലെ ചിറകുകളോ, മുയലിനെപ്പോലെ ഓട്ടമോ ഇല്ലാത്തതിനാൽ മനുഷ്യൻ മററു ജന്തുക്കളെ അപേക്ഷിച്ചു ദുർബ്ബലനും നിസ്സഹായനും ആയി ജീവിക്കേണ്ടി വരികയുണ്ടായി. അതിനാൽ വന്യജന്തുക്കളിൽ നിന്നുള്ള ഉപദ്രവം തടയുന്നതിന് ആയുധം കണ്ടുപിടിക്കേണ്ടി വരികയും ചെയ്തു. സ്വന്തം കൈകൊണ്ട് മരങ്ങളിൽ നിന്നു വേർപെടുത്തിയ കമ്പു



കൾ നഖംകൊണ്ടും പല്ലുകൊണ്ടും രൂപപ്പെടുത്തി, കരിങ്കൽപാറയുടെ പുറത്തിട്ടു മിനുസം വരുത്തി വന്യമൃഗങ്ങളിൽ നിന്നു രക്ഷ പ്രാപിക്കുന്നതിന് ഉപയോഗപ്പെടുത്തിയ ആയുധങ്ങൾ കാലാന്തരത്തിൽ അമ്പും വില്ലുമായും, വാളും പരിചയുമായും, തോക്കും വെടിയുണ്ടയുമായും, ബോമ്പും ഷെല്ലുമായും രൂപഭേദപ്പെട്ട് ഇപ്പോഴും ശത്രുസംഹാരത്തിന് അവ ഉപയോഗപ്പെട്ടുകൊണ്ടിരിക്കുന്ന നിലയിലുള്ള വ്യത്യാസം വരുന്നതിന് ആണ്ടുകളോ നൂററാണ്ടുകളോ എത്ര വേണ്ടി വന്നു എന്നോ, മനുഷ്യന്റെ തള്ളവിരലും തലച്ചോറും എത്രമാത്രം ഉപയോഗപ്പെട്ടു എന്നും ചിന്തിക്കാവുന്നതാണല്ലോ.

ഇതരജീവികളിൽ നിന്നും വ്യത്യസ്തപ്പെട്ട ഒരു ജീവിതം മനുഷ്യനുണ്ടായത് തീയുടെ ഉപയോഗം കണ്ടുപിടിച്ചതോടുകൂടിയാണ്. കാട്ടുതീയിലകപ്പെട്ട് രക്ഷപെടുവാൻ സാധിക്കാതെ കിടന്നു വെന്തുപോയ ഏതോ ജന്തുവിന്റെ ശരീരത്തിൽ പരിശോധനക്കായി ആദിമനുഷ്യരിൽ ആരോ തട്ടുകയും, ആ ജന്തുവിന്റെ ശരീരത്തിനുള്ളിലേക്കു കടന്നുപോയ കൈക്കു ചൂടു പിടിക്കയും, പൊള്ളിയ കൈയിലെ ചൂടു ശമിപ്പിക്കാൻ പെട്ടെന്നു കൈ നക്കുകയും, അതേവരെ അനുഭവിച്ചിട്ടില്ലാത്ത പുതിയ ഒരു രുചി അവൻ ആസ്വദിക്കയും ചെയ്തപ്പോൾ ആ ചുട്ട ജന്തുവിനെ വലിച്ചു നീക്കി വച്ചു അവനും ഭാര്യയും കുട്ടികളുംകൂടി സന്തോഷത്തോടുകൂടി തിന്നു വിശപ്പടക്കുകയും ചെയ്ത ഭക്ഷണ കണ്ടുപിടിത്തമാണ് ഇന്നത്തെ പരിഷ്കാരികൾ അനുഭവിക്കുന്ന കട്ലററ്, സ്ററൂ മുതലായ വിശിഷ്ടാഹാരപദാർത്ഥങ്ങളുടെ കണ്ടുപിടിത്തത്തിന്റെ ആദ്യ കാരണം.

വേവിച്ച ഭക്ഷണം രുചികരമായിരിക്കുമെന്നും വേവിക്കുന്നതിനു തീ ആവശ്യമാണെന്നും കണ്ടപ്പോൾ, ഇടിവെട്ടുകൊണ്ടോ, വനത്തിലെ മുളകൾ ഉരഞ്ഞു കത്തിയതുകൊണ്ടോ ഉണ്ടായ തീ എടുത്തു സൂക്ഷിച്ചു വയ്ക്കണമെന്നും, ഭക്ഷണസാധനങ്ങൾ തീയിൽ വെച്ചു വേവിക്കണമെന്നും മനുഷ്യൻ വിചാരിച്ചു. കാട്ടിലെ ഉണങ്ങിയ വൻവൃക്ഷങ്ങളിൽ തീ കത്തിച്ച് തീയുടെ അടുക്കൽ അവൻ സങ്കേതവും ഉറപ്പിച്ചു. ഭക്ഷണസമ്പാദനാർത്ഥം അലഞ്ഞു തിരിഞ്ഞാലും സൂര്യാസ്തമനത്തോടുകൂടി അവൻ തീയുടെ അടുത്തു തിരിച്ചെത്തുകയും താൻ ശേഖരിച്ചിട്ടുള്ള ഭക്ഷണപദാർത്ഥങ്ങൾ അവിടെ വച്ചു ചുട്ടെരിച്ചു തിന്നുവാൻ ആരംഭിക്കുകയും ചെയ്യുന്നതോടുകൂടി അലഞ്ഞു നടക്കുന്ന ജീവിതത്തെക്കാൾ ഒരു പ്രത്യേക സങ്കേതത്തിൽ ദിവസംതോറും വന്നു രാത്രി കഴിച്ചുകൂട്ടുന്നത് തണുപ്പു മാറുന്നതിനും ഭക്ഷണം കഴിക്കുന്നതിനും കൂടുതൽ സൌകര്യമെന്നു കണ്ടുപിടിച്ചു. ഒരു സ്ഥലത്തെ തീ ഉപേക്ഷിച്ചു കുറെ ദിവസങ്ങൾ കൊണ്ട് കെട്ടുപോകുമ്പോൾ അടുത്തെവിടെയെങ്കിലും ഉണങ്ങിയ വൃക്ഷങ്ങൾ ഉണ്ടോ എന്നു കണ്ടുപിടിക്കുകയും അവയിൽ കത്തിക്കുന്നതിന് തീക്കൊള്ളി കൊണ്ടുപോകയും പുതിയ ഒരു സ്ഥലം കണ്ടുപിടിക്കുമ്പോൾ കുറെ ദിവസത്തേക്കു ആ സ്ഥാനമാക്കി നിശ്ചയിക്കയും ചെയ്തുവന്നു. പുതിയ പുതിയ അധിവാസസ്ഥാനങ്ങളിൽ പുല്ലുകൾ ഇല്ലാത്തിടത്തു മരക്കൊമ്പുകൾ കൊണ്ടു കുടിലുകൾ ഉണ്ടാക്കുവാൻ ആരംഭിച്ചു. ആ കുടിലുകൾ ഉണ്ടാക്കാൻ ആഹാരത്തിന് മൃഗങ്ങളെ കൊന്ന ഇടങ്ങളിൽ അവയുടെ തുകൽ കൊണ്ട് ഉടുപ്പുകളും ഉണ്ടാക്കാമെന്നു കണ്ടുപിടിച്ചു. കാലക്രമം കൊണ്ട്, കൊണ്ടുനടക്കാവുന്ന വീടുകൾ മാറി സ്ഥിരമായ വീടുകൾ തന്നെ നിർമ്മിക്കേണ്ടതായി വരികയും ചെയ്തു.

അഗ്നിയുടെ ഉപയോഗം പുരാതനവാസികൾക്ക് എത്രത്തോളം ഉണ്ടായിരുന്നു എന്നു ഇന്നു പല മതക്കാരും അഗ്നി ദേവനായി സങ്കല്പിച്ചു പൂജിക്കുന്നതുകൊണ്ടും, മതകർമ്മങ്ങൾക്കു നിലവിളക്ക്, മെഴുകുതിരി മുതലായവ പകൽസമയത്തും കത്തിച്ചുവെക്കുന്നതുകൊണ്ടും നമുക്ക് അനുമാനിക്കാം. പാപശാന്തിക്കും നമ്മുടെ പൂർവ്വികന്മാർ ആട്ടിൻകുട്ടിയേയും മററും ബലിയായി യജ്ഞത്തിൽ അഗ്നിയിൽ ചുട്ട് ദിവ്യപൂജകൾ അനുഷ്ഠിച്ചു വന്നു.

മനുഷ്യൻ അവനുണ്ടാക്കിയ കുടിലുകളിൽ കുറച്ചു കാലത്തേക്കെങ്കിലും സ്ഥിരതാമസമുറപ്പിച്ചപ്പോൾ ഭക്ഷണത്തിനായി വീട്ടിൽ കൊണ്ടുവരുന്ന പഴങ്ങളുടെ അരികൾ അവന്റെ കുടിലിനടുത്ത് വിതറപ്പെടുകയും, അല്പകാലംകൊണ്ടു അവ ഫലങ്ങൾ വഹിക്കുന്ന ചെടികളും, വൃക്ഷങ്ങളുമായി വളരുകയും ചെയ്യുന്നതു കണ്ടപ്പോൾ നമ്മുടെ പൂർവ്വികന്മാർ

ണായ സന്തോഷം പാചാരഗോചരമത്രെ. കുടിലിന്റെ ചുററും സസ്യങ്ങൾ തളിർത്തു കായ്കളേയും കിഴങ്ങുകളേയും ഉടമസ്ഥർ പ്രദാനം ചെയ്യുവാൻ തുടങ്ങിയതു മുതൽ കൃഷിയുടെ ആവശ്യം മനുഷ്യന് ബോധ്യം വന്നു. അങ്ങിനെ ആരംഭിച്ച കൃഷിക്കായി പ്രത്യേകം സ്ഥലങ്ങൾ തിരിച്ചിടുകയും പലതരത്തിലുള്ള കൃഷികൾ നടത്തിത്തുടങ്ങുകയും ചെയ്തപ്പോൾ മുതൽ കാട് വെട്ടിത്തെളിച്ച് പുതിയ പുതിയ കൃഷിസ്ഥലങ്ങൾ മനുഷ്യൻ നിർമ്മിച്ചു തുടങ്ങി. വിസ്തൃതമായ കുട്ടനാടും, ഭംഗിയേറിയ നാഞ്ചിനാടും, ഫലപുഷ്ടിയേറിയ സിന്ധു, ഗംഗാ സമതലപ്രദേശങ്ങളും, പഴവർഗ്ഗങ്ങൾക്കു കേൾവികേട്ട ക്യാലിഫോർണിയായും, ഈ വിധത്തിൽ രൂപീകൃതമാക്കപ്പെട്ടതാണെന്നോർക്കുമ്പോൾ മനുഷ്യന്റെ കണ്ടുപിടിത്തത്തിന്റെ ഫലം എത്ര അത്ഭുതാവഹമായിരിക്കുന്നു എന്നു നമുക്കു ഊഹിക്കാം.

നെല്ല്, ഗോതമ്പ്, പഞ്ഞപ്പുല്ല് മുതലായ ധാന്യങ്ങൾ വിളഞ്ഞു കിടക്കുന്നതു കണ്ടുകൊണ്ട് എത്ര നാളാണ് ഒരു കുടുംബിനിയായ സ്ത്രീ സഹിക്കുന്നത്. ആ കായ്കൾ അറുത്തെടുത്തു ഉണക്കി കരിങ്കല്ലിന്റെ പുറത്തു വച്ച് തേച്ചും, പിന്നീട കൽക്കഷണങ്ങൾ വച്ച് ഉരമ്മിയും കുറേക്കാലം കൊണ്ട് അതിനായി ഉരലും ഉലക്കയും ഉണ്ടാക്കിയും അക്കാലത്തെ ആളുകൾ എടുത്തു വന്ന വിദ്യ ഇപ്പോൾ 'റൈസ്മിൽ' മുതലായി പ്രയാസക്കുറവും വേഗക്കൂടുതലും കൊണ്ട് കാര്യം സാധിക്കത്തക്ക വിധത്തിൽ ഉള്ള ആധുനിക കണ്ടുപിടിത്തമായി പരിണമിച്ചിരിക്കുന്നു.

ആദിമാതാപിതാക്കന്മാരിൽ നിന്നും എത്രയോ വ്യത്യസ്തപ്പെട്ട ഒരു ജീവിതരീതിയാണ് ഇന്നത്തെ കുടുംബനായികാനായകന്മാർ നയിക്കുന്നത്. മത്സ്യമാംസങ്ങൾ ചുട്ടു തിന്നും ധാന്യങ്ങൾ പൊടിച്ചു മാവാക്കി ചുട്ടു തിന്നും ഇന്നും കാടുകളിൽ അധിവസിക്കുന്ന ആദിമനിവാസികളുടെ സന്താനങ്ങൾ നമ്മുടെ പൂർവ്വികന്മാരുടെ ജീവിതരീതി നമ്മെ അനുസ്മരിപ്പിക്കുന്നു.

വേട്ടയും സമ്പാദിച്ച മനുഷ്യൻ നദീതീരത്തുകൂടി സഞ്ചരിക്കുമ്പോൾ വെള്ളത്തിൽ കൂടി ഒഴുകിയ ഒരു തടിയുടെ പുറത്തു ഒരു പക്ഷി അധികസമയമിരുന്നു വിശ്രമിക്കുന്നതു കണ്ടപ്പോൾ അപാരം അതിനൊരു താല്പര്യം തോന്നി. തടി വെട്ടി വെള്ളത്തിലിട്ടു യാത്ര ചെയ്തു പരിശ്രമിച്ചതിന്റെ ഫലമാണ് ഇന്നത്തെ വള്ളങ്ങളും, ബോട്ടുകളും, കപ്പലുകളും എന്നു മനസ്സിലാക്കുമ്പോൾ മനുഷ്യന്റെ ചിന്തയുടെ ശക്തി അപാരമല്ലയോ എന്നു പോലും തോന്നിപ്പോകും.

കാട്ടിൽ നിന്നു വേട്ടയാടിയ ഏതോ ചില ജന്തുക്കളെപ്പിടിച്ചു ഭക്ഷണത്തിനായി കൊണ്ടുവരികയും, അപ്പോൾ അവയുടെ കുട്ടികളെ വീട്ടിൽ വളർത്താനിടയാകുകയും ചെയ്തു. ഇലകൾകൊണ്ടുള്ള വസ്ത്രങ്ങളുടെ ദൗർബ്ബല്യവും, പാകപ്പെടുത്താനുള്ള പ്രയാസവും കൊണ്ട് കാലാന്തരത്തിൽ പരുത്തിവസ്ത്രങ്ങൾ ഉപയോഗത്തിൽ വന്നു. ക്രമേണ ആട്ടുരോമംകൊണ്ടുള്ള വസ്ത്രങ്ങൾ പരിഷ്കാരത്തിന്റെ പരിഷ്കാരചിഹ്നമായി മനുഷ്യൻ ഗണിച്ചു തുടങ്ങി. പുരുഷന് തലയും മുഖവും മുഴുവൻ രോമംകൊണ്ട് നിറഞ്ഞിരുന്നതു അനാവശ്യമെന്നു കണ്ടപ്പോൾ, മുടി വെട്ടുന്ന വൈദഗ്ദ്ധ്യം വരുത്തുന്നതിന് അവന് താല്പര്യം വന്നതാണ് ഇന്നത്തെ മുടിമുറിക്കൽ കൃതാപിറവും, താടിമീശയും എല്ലാം കാരണമായി ഭവിച്ചത്.

ഇണക്കിയ മൃഗങ്ങളെ ചുമടു വഹിക്കുന്നതിനും അവയുടെ പുറത്തു കയറിയിരുന്ന് യാത്ര ചെയ്യുന്നതിനും ഉപയോഗിച്ചു കൊണ്ടിരുന്ന മനുഷ്യൻ അവയുടെ പുറകിൽ രണ്ടു ചക്രങ്ങൾ ഘടിപ്പിച്ച് ഒരു പെട്ടിയും വച്ച് ഇന്നത്തെ വണ്ടിയുണ്ടാക്കി യാത്ര പരിഷ്കരിച്ചു. കാളകളേയും കുതിരകളേയും പിട്ടു മോട്ടോർ കാറുകളും തീവണ്ടികളും വിമാനങ്ങളും യാത്രാക്ലേശങ്ങളെ എത്രമാത്രം ലഘൂകരിച്ചിരിക്കുന്നു. നാരായംകൊണ്ട് ഓലയിലെഴുത്തു മാറി അച്ചടി വന്നപ്പോഴേക്ക്, പഠനത്തിനുള്ള സൗകര്യവും, പുസ്തകങ്ങളുടെ പ്രചാരവും, ഭാഷയ്ക്കുള്ള അഭിവൃദ്ധിയും എത്രമാത്രം സിദ്ധിച്ചിരിക്കുന്നു. 'ടെലിഫോൺ', 'വയർലെസ്', 'ടെലഗ്രാഫി', 'റേഡിയോ', 'ടെലിവിഷൻ' എന്നിങ്ങനെ നവീനലോകത്തിൽ ആവിർഭവിച്ചിരിക്കുന്ന പല കാര്യങ്ങളും നമ്മുടെ പൂർവ്വികന്മാർ സ്വപ്നംപോലും കണ്ടിട്ടില്ലാത്തവയാണ്.

ഭൂമിയും, സമുദ്രവും, ആകാശവും മനുഷ്യൻ നിയന്ത്രിച്ചു കഴിഞ്ഞു. എന്നാൽ അവനവന്റെ മനസ്സിനെ ജയിക്കാനുള്ള ശക്തി മനുഷ്യന് ലഭിക്ക എന്നതുതാണ് ഏററവും പ്രധാനവും, പ്രഥമവും. മനസ്സിൽ തോന്നുന്ന കാര്യങ്ങളെ അടക്കി സാത്വികമായ പദ്ധതികളിൽകൂടി മനുഷ്യൻ മുൻപോട്ടു പോയെങ്കിൽ മാത്രമേ പ്രകൃതിയെ കീഴിണക്കിയ മനുഷ്യൻ പൂർണ്ണനായി തീരുകയുള്ളു.

---

# പുഷ്പവല്ലി

(ഇ. പി. രാമൻനമ്പൂരി, ക്ലാസ്സ് I)

ഒരു ദിനം പുലരിയിലുത്ഥാനംചെയ്തു ഞാ-
നിരുപാടും കണ്ണുകളോടിക്കെ,
അരികെയായ് കുളിർകാററിലാടിക്കളിച്ചിട്ടു
മൊരുമനോമോഹനപുഷ്പവല്ലി
ഹൃദയത്തിൽ കുളിരാന്നുമതിവരെക്കണ്ടു ഞാ
നരിയുടെ ജാലകപ്പഴുതിലൂടെ. [ൻ
നിരുപമകാന്തിചിന്തിടുന്നമഞ്ജരി-
നിരയതിൽ തിങ്ങിനിറഞ്ഞുനിന്നു.
പരിമളം വീശുന്നു പരിസരം മുഴവനു-
മുത്തരമാണിതിൻ വശ്യശോഭ.
ഒരുനോക്കുനോക്കിയാലതിൽനിന്നു

കണ്ണുക-
ളൊരുവനും സാദ്ധ്യമല്ലാതുമാററാൻ.
അളികൾ വന്നണയുന്നു ചുംബംവിളിച്ചുകൊ-
ണ്ടവളുടെ പൂമേനിയോടു ചേരാൻ.
അവനിയാകുന്നു കാണാത്തപൂട്ടിലാവല്ലിയു-
മവനിക്കുശിർഷയായ് നിന്നിടുന്നു.
മധുവുണ്ണാൻവന്നൊരാവണ്ടത്താന്മാരെല്ലാ-
മധികാരമുള്ളവരായിരുന്നു.
അനുവാദംകൂടാതെ ചുററിപ്പറന്നവ-
രണിയിട്ടിരുന്നിതാവല്ലരിയിൽ.

നിമിഷങ്ങൾ നാലഞ്ചുചെന്നപ്പോളാവല്ലി-
സ്വപ്നജാലമളികളാലാവൃതമായ്.
ദിവസങ്ങളൊന്നുരണ്ടുവിടെയാവണ്ടുകൾ
മധുരോത്സവങ്ങൾ കൊണ്ടാടിവാണു!
അവിരതമിങ്ങനെയുള്ളോരാമോദകാല-
മവസാനിക്കാറായനേരത്തിങ്കൽ,
കരിവണ്ടിൻകൂട്ടങ്ങളുവിട്ടുപോയൊരാ
സുമവല്ലിതേടിപ്പറന്നുപോയി!
വിധിചൊല്ലാമിതിലില്ലനീതിയെന്നുള്ള
മധുദാഹമുള്ളൊരു മാനസമേ.
ഇതരങ്ങൾ ഭോഗിച്ചതിന്നൊരാപൂച്ചെണ്ടി-
ലധരത്തിലില്ലഴകിന്റെ കണികപോലും.
നിറമില്ല, മണമില്ല, മാദകകാന്തിയി-
ല്ലൊരുവണ്ടുപോലുമിന്നവിടെയില്ല.
ഇതളെല്ലാമോരോന്നായ് മാതലിലയിൽ
നിലത്തേറി താഴെയുതിർന്നുവീണു.
ചിലനിണത്തെട്ടികളാവല്ലിവക്ഷസ്സിൽ
തലതാഴ്ത്തി ചാഞ്ഞു കിടക്കയായി.
നെറികെട്ടവണ്ടുകൾ മറെറാരു ലതികയി [ൽ
നവമേതൻ രസകന്ദരമിക്കയാകം.
അതുചിന്തിച്ചുകൊണ്ടാലതിമാത്രം താപമാ-
ർന്നവതിയാമാവല്ലി നിശ്വസിച്ചു.

---

# രാത്രി

(ഷോലോം ആഷ്—Sholom Asch)

പരിഭാഷകൻ—വി. കെ. എസ്സ്. പണിക്കർ

ഷോലോം ആഷ് യിഡ്ഡിഷ് (Yiddish) ഭാഷയിൽ എഴുതിയ ഒരേകാങ്ക നാടകത്തിന്റെ പരിഭാഷ. അമേരിക്കയിലെയും യൂറോപ്പിലെയും യഹൂദന്മാർ ഉപയോഗിക്കുന്ന ഭാഷയാണ് യിഡ്ഡിഷ്. ജർമ്മൻ, ഹിബ്രു—ഈ ഭാഷകളിലെ വാക്കുകളാണധികവും. ലിപി ഹീബ്രുവിന്റേതും. സോവിയറ്റ് യൂണിയന്റെ തെക്കുകിഴക്കു ഭാഗത്തുള്ള (ഏഷ്യ) യഹൂദന്മാർ അധിവസിക്കുന്നതും ആയ ബൊറോ ബിഡ്ജാൻ എന്ന സ്വതന്ത്രരാജ്യത്തിലെ ഔദ്യോഗിക ഭാഷയുമാണ്.

(പൊതുനിരത്ത്. രാത്രി സമയം. ഒരു കിണറും അതിനടുത്ത് എരിഞ്ഞുകൊണ്ടിരിക്കുന്ന ഒരു തീക്കുണ്ഡവും. വൃദ്ധയായ വേശ്യ തീ കായുന്നുണ്ട്. ദൂരെ, പട്ടികൾ കടിപിടി കൂടുന്ന ശബ്ദം കേൾക്കാം. കിണററിനരികെയുള്ള ഒരു ബെഞ്ചിൽ പിച്ചക്കാരൻ കിടന്നുറങ്ങുന്നു. ചില നിഴലുകൾ നീങ്ങുന്നുണ്ട്. ഇരുട്ടിൽനിന്നും ഒരു മദ്യപാനി പ്രത്യക്ഷപ്പെടുന്നു.)

മദ്യപാനി. (വേശ്യയെ അഭിവാദനം ചെയ്തുകൊണ്ട്) ഈ പട്ടികൾ ഈ രാത്രി ഇങ്ങനെ എന്തിനാണ് കരയുന്നത്?

വേശ്യ. അവ വല്ലതും കണ്ടിട്ടായിരിക്കാം.

മദ്യ. ആ അതു ശരിയാണ്. നിന്റെ പാപപങ്കിലമായ ആത്മാവിനെ കണ്ടിട്ട്. നീയൊരു പിശാചാണെന്നും ഒരുപക്ഷേ അവ വിചാരിക്കുന്നുണ്ടാവാം. അങ്ങനെയല്ലെങ്കിൽ അവ ഇറച്ചിക്കടകൾക്കുമീതാവും ഓടി നടക്കേണ്ടതല്ലോ. തക്കതായ കാരണമുണ്ടായിട്ടാണ് അവ കരയുന്നത്.

(പിച്ചക്കാരൻ ഉറക്കത്തിൽ കിടന്ന് ചില ശബ്ദങ്ങൾ പുറപ്പെടുവിക്കുന്നു.)

വേശ്യ. ഒരു മദ്യപാനിക്കും വേശ്യക്കും തമ്മിൽ യാതൊരു വ്യത്യാസവുമില്ല; നമ്മളെല്ലാം പാപംചെയ്തിട്ടുള്ളവരാണ്.

പിച്ചക്കാരൻ. (ഉറക്കത്തിൽനിന്നും മുഴുവൻ ഉണരാതെ) പക്ഷെ പിച്ചക്കാർ നിങ്ങളുടെ കൂട്ടത്തിൽപെടാത്തവരാണ്.

(കിടക്കുന്നു)

മദ്യ. ആ പാവം അവിടെ കിടന്നുകൊള്ളട്ടെ. പകലൊക്കെ അവൻ പട്ടുകയായിരുന്നു.

പിച്ച. പട്ടിണി ഒരു പാപമല്ല.

മദ്യ. ഞങ്ങളുടെ കൂടെ ചേരരുതേ. (വേശ്യയോട്) പിന്നെയും ഈ പട്ടികൾ കരയുന്നു. അവ എന്താണ് കാണുന്നത്?

വേശ്യ. മേമാസത്തിലെ പ്രഥമരാത്രിയിൽ പരിശുദ്ധ കന്യാമറിയം, പതിതാത്മാക്കളെ തിരഞ്ഞുപിടിക്കാൻ ഈ പൊതുനിരത്തുകളിലൂടെ നടക്കാറുണ്ടെന്ന് ആളുകൾ പറയുന്നു.

മദ്യ. അതിനു പട്ടികൾക്കെന്താണ്?

വേശ്യ. അന്ത്യ കൂദാശകൾ കൈക്കൊള്ളാതെ മരിച്ചവരുടെയും, ശ്മശാനത്തിനകത്തു മറവു ചെയ്യുവാൻ അനുവദിക്കാത്തവരുടെയും ആത്മാക്കൾ പാപം ചെയ്യുവയാണ്. രാത്രി, ഈ ആത്മാക്കൾ പട്ടിയുടെ രൂപത്തിൽ ഇവിടെയൊക്കെ ചുററിത്തിരിയുന്നു. കശാപ്പുകടകൾ തോറും തെണ്ടി നടക്കുന്നു. പിശാചുക്കളുമുണ്ട്. എന്നാൽ മേമാസത്തിലെ ആദ്യത്തെ രാത്രി പ്രാർത്ഥന തുടരുമ്പോൾ വിശുദ്ധ മാതാവു ഇവിടെയെത്തും. പാപികളുടെ ആത്മാക്കൾ മാതാവിന്റെ വസ്ത്രത്തുമ്പുകളിൽ തൂങ്ങുന്നു. അവരങ്ങനെ സ്വർഗ്ഗാരോഹണം ചെയ്യുന്നു.



(നിശ്ശബ്ദം)

പിച്ച. (തിരിഞ്ഞുകിടന്നിട്ട്) വിശപ്പു കുറെ അധികമായിപ്പോയെന്നു തോന്നുന്നു. തീർച്ചയായും അവളുടെ ആത്മാവു ഭക്ഷിച്ചതാണ്.

മദ്യ. ആ ഭാഗത്തേക്കു നോക്കാതിരിക്കയാണു ഭേദം. അത്രയ്ക്കു ഭയങ്കരം. ഇതുവരെ നീയും അവരിലൊരാളായിരുന്നു.

വേശ്യ. ഞാനതുകൊണ്ടു ഭയപ്പെട്ടിട്ടില്ല. ഈശ്വരൻ ദയാവാരിധിയാണ്. അദ്ദേഹം എന്നിൽമാത്രം കരുണ കാണിക്കാതിരിക്കില്ല. എന്നാൽ, പിന്നെയും നിങ്ങൾക്കൊക്കെ പട്ടികളായിത്തന്നെ ജീവിക്കേണ്ടിവരും. തെരുവുകളിൽ ജീവിതം കഴിച്ചുകൂട്ടുന്നവർ മരിച്ചാലും അവിടെത്തന്നെ തിരിച്ചെത്തുന്നു.

പിച്ച. അവന്റെ വീട് പൊതുനിരത്തുകളാണ്. ദാരിദ്ര്യം ഒരു പാപമല്ല.

(പിച്ചക്കാരൻ പിന്നെയും ഉറങ്ങാൻ കിടക്കുന്നു. കുറച്ചുനേരത്തേക്കു ആരും മിണ്ടുന്നില്ല. ധാരാളം പൊക്കം; ഭാവശൂന്യമെങ്കിലും, സന്തോഷസൂചകമായ മുഖം; പടയാളിയുടെ തൊപ്പി; മരംകൊണ്ടുള്ള വാൾ, അരയിൽ; മന്ദഹസിച്ചുകൊണ്ടു വിഡ്ഢി പ്രവേശിക്കുന്നു)

മദ്യ. (സത്യംചെയ്തുകൊണ്ടു) എവിടെനിന്നാണു?

വിഡ്ഢി. (ചിരിയടക്കിക്കൊണ്ടു) ടർക്കിയിൽനിന്നു. ടർക്കിക്കാരെ തോല്പിച്ചു.

മദ്യ. നിങ്ങളുടെ സൈന്യങ്ങളോ?

വി. വിസ്റ്റൂലയിൽവെച്ചു ഞാനവരെ പിരിച്ചു.

മദ്യ. ടർക്കിക്കാരുടെ നേരെ എപ്പോഴാണു?

വി. ആജ്ഞ നല്കിക്കഴിഞ്ഞു.

മദ്യ. അവരെയും തോല്പിച്ചുവോ?

വി. പാളയത്തെ താമസം.

മദ്യ. നിങ്ങളുടെ വാൾ!

വി. നെപ്പോളിയന്റെ സമ്മാനം.

വേശ്യ. അദ്ദേഹത്തിന്റെ പേര് പറയാതെ ഈ നിസ്സാര കാര്യത്തിനു വലിച്ചുകൊണ്ടു വരുന്നതു എന്തിനാണ്? ഓരോരുത്തരും ഒരേതരത്തിൽ പിരിയേണ്ടതാണ്. (വിഡ്ഢിയോടു) നിങ്ങളുടെ ദേഹം വല്ലാതെ തണുത്തിരിക്കുന്നു. തീയിന്റെ അടുത്തേക്കു നീങ്ങിയിരിക്കൂ.

രാത്രിമുഴുവൻ നിങ്ങൾ ഗൃഹങ്ങൾതോറും അലയുകയായിരുന്നോ?

വി. (ചിരിക്കുന്നു) പട്ടാളക്കാർക്കെല്ലാം വിശ്രമിക്കാൻ സ്ഥലം ഉണ്ടാക്കിക്കൊടുത്തു. എനിക്കു മാത്രം എങ്ങും സ്ഥലം കിട്ടിയതുമില്ല.

വേശ്യ. ഇയാളൊരു വിഡ്ഢി. എന്നിട്ടും അയാൾ പറയുന്നതിന്റെ അർത്ഥം അയാൾക്കറിവുണ്ട്. (അപ്പക്കഷണങ്ങൾ നീട്ടിക്കൊണ്ട്) നിങ്ങൾക്കു വിശക്കുന്നുണ്ടോ?

വിഡ്ഢി. രാജാവിന്റെ വിരുന്നിൽ പങ്കെടുത്തതാണ്.

പിച്ച. (ഉണർന്നിട്ട്) വിഡ്ഢിത്തം എഴുന്നള്ളിക്കാതിരിക്കൂ. പൊതുനിരത്തുകൾ മുഴുവനുമുണ്ടു അയാളുടെ രാത്രിയിൽ വിളയാടാൻ. അതുംപോരാഞ്ഞിട്ടു നല്ല മനുഷ്യർ കിടക്കുന്ന ഇവിടെയും വന്നിരിക്കുന്നു.

(വടിയെടുത്തു വിഡ്ഢിയെ അടിക്കാൻ ശ്രമിക്കുന്നു.)

വേശ്യ. (തട്ടത്തുകൊണ്ട്) അയാൾ അയാളുടെ പാട്ടിനു പൊയ്ക്കൊള്ളട്ടെ. ഭ്രാന്തനാണെങ്കിലും ആളുകളുടെകൂടെ കഴിയാൻ അയാൾക്കും ആഗ്രഹമുണ്ട്.

പിച്ച. അതിനു പറ്റിയ സ്ഥലം ശ്മശാനമാണ്. അവിടെയുള്ള ശവക്കല്ലറകളുടെ മദ്ധ്യത്തിൽ നിന്നുകൊണ്ട്, അതിൽകടന്ന അയാളുടെ ആഗ്രഹങ്ങളെ വിളിച്ചുപറഞ്ഞുകൊള്ളട്ടെ. ഉറങ്ങിക്കിടക്കുന്ന നല്ല മനുഷ്യരെ ഉപദ്രവിക്കുന്നതു തെറ്റാണ്. പെരുവഴിയാണ് പാവപ്പെട്ടവന്റെ വീട്; ഭ്രാന്തന്മാർക്കവിടെ സ്ഥാനമില്ല. വീടുകളിൽനിന്നു പുറത്താക്കപ്പെട്ടിട്ടുള്ളവർക്കുള്ളതാണ് തെരുവുകൾ.

(വിഡ്ഢിയെ ഓടിച്ച് വീണ്ടും കിടക്കുന്നു)

മദ്യ. തന്നെ ഇവിടുത്തെ യജമാനനാക്കിയതാരാണ്? ഇവിടെ എല്ലാവർക്കും സമാവകാശമാണ്. നിങ്ങൾക്കു കിടക്കണമെങ്കിൽ ടൌൺഹാളിലോ മേയറുടെ കിടക്കയിലോ പോയി കിടന്നുകൊള്ളണം.

വേശ്യ. തർക്കിക്കേണ്ട. അവനും ഇവിടെ അവകാശമുണ്ട്.

മദ്യ. എങ്ങിനത്തെ അവകാശം? നീ പുതിയ ആളാണോ? ഇവിടെ കഴിച്ചുകൂട്ടുവാൻ തുടങ്ങിയിട്ട് എത്ര കാലമായി?

വേശ്യ. ജനിച്ചന്നുമുതൽ. ഞാൻ ഈ തെരുവിലാണ് പിറന്നതുതന്നെ— അവിടെ ആ വേലിക്കെട്ടിനു പിന്നിൽ പള്ളിയുടെ അടുത്ത്. ആ സ്ഥലം എന്റെ അമ്മ എന്നെ കാണിച്ചുതന്നു. മറ്റൊരു വീടുള്ളതായി എനിക്കറിയില്ല. പകൽ ഇത് എല്ലാവരുടേയുമാണ്. ആളുകൾ കടകൾ ഉറക്കുമ്പോൾ, കച്ചവടം ആരംഭിക്കുമ്പോൾ, കൃഷിക്കാർ സാമാനങ്ങളുമായി വണ്ടിയിൽ വരുമ്പോൾ, എന്റെ സ്ഥാനം നഷ്ടപ്പെടുന്നു: ശ്മശാനത്തിനടുത്തുള്ള വയലുകളിൽ ഞാനാ സമയം മുഴുവൻ ഒളിച്ചിരിക്കും. എന്നാൽ, ആളുകളൊക്കെ പിരിയുമ്പോൾ ഈ തെരുവ് എന്റേതാണ്. ഇവിടെയുള്ള ഓരോ മൂലയും എനിക്കറിയാം. അതേ, ഇതെന്റെ വീടാണ്.

മദ്യ. വളരെ വിചിത്രമായിരിക്കുന്നു. ആ കാണുന്ന വലിയ കെട്ടിടമാണ് എന്റെ വീട്. അവിടെ എനിക്കു കിടക്കാൻ കിടക്കയും പരിചരിക്കാൻ ഭാര്യയും ഉണ്ട്. പകലൊക്കെ ഞാനവിടെ കഴിച്ചുകൂട്ടും. പഴയ ചെരുപ്പുകൾ നന്നാക്കുകയും പുതിയവ നിർമ്മിക്കുകയും ചെയ്യും. ഭാര്യയുടെ ശകാരവും മുറുക്കലും ക്ഷമയോടെ കേൾക്കും. പക്ഷേ, രാത്രി, അതൊക്കെ അസഹ്യമാണ്. വീട് വളരെ ഇടുങ്ങിയതായി തോന്നും. ഏതോ ഒരദൃശ്യശക്തി എന്നെ ഈ തെരുവിലേക്കു പിടിച്ചുവലിക്കുന്നു.

വേശ്യ. തെരുവിന്റെ ശാപം ആ പട്ടികൾക്കു കിട്ടിയിരിക്കുന്നതുപോലെ നിങ്ങൾക്കും കിട്ടിയിരിക്കുന്നു. നമ്മളെല്ലാം ശപിക്കപ്പെട്ടവരാണ്. നാം ചെയ്ത പാപത്തിന്റെ ഫലം അനുഭവിക്കുകയാണ്. മാതാവു പ്രത്യക്ഷപ്പെടുന്നതുവരെ അതിൽനിന്നു രക്ഷനേടാൻ കഴിയുകയുമില്ല. നമുക്കവരുടെ വസ്ത്രത്തുമ്പുകളിൽ തൂങ്ങണം. അങ്ങനെ നമ്മുടെ ആത്മാവു പരിശുദ്ധമായിത്തീരും.

പിച്ച. (ഉറക്കത്തിൽ) ഹ, ഹ, ഹ!

മദ്യ. (പശ്ചാത്തപിക്കുന്നു; തലതാഴ്ത്തുന്നു) പകൽ, ഞാനതൊന്നും വകവെക്കുന്നില്ല. മറ്റുള്ളവരെപ്പോലെ ഞാനും. എല്ലാവരെപ്പോലെ ഞാനും പണിയെടുക്കുന്നു. എന്നാൽ രാത്രിയായാൽ.........

വേശ്യ. അതുതന്നെയാണ് തെരുവിന്റെ ശാപം. അതത്ര കാര്യമായി



കണക്കാക്കാനില്ല. ദൈവം നമുക്കു മാപ്പു തരും; അദ്ദേഹം ദീനദയാലുവാണ്.

(വിദൂരതയിൽനിന്നും ഒരു കുട്ടിയുടെ കരച്ചിൽ പട്ടിയുടെ കരപോലെ)

മദ്യ. അതാരുടെ ശബ്ദമാണ്?

വേശ്യ. അതു മാങ്കയുടെ അച്ഛനില്ലാതെ ഉണ്ടായ കുട്ടിയുടെ കരച്ചിലാണ്. അവൻ തെരുവിൽ അലയുന്നു. തീകായാൻ ആഗ്രഹമുണ്ടായിരിക്കണം.

മദ്യ. എങ്കിൽ വിളിച്ചുകൂടേ?

വേശ്യ. മിണ്ടാതിരിക്കൂ (പിച്ചക്കാരനെ ചൂണ്ടിക്കാണിച്ചുകൊണ്ട്) അയാൾ അവനെ ഓടിക്കും. പിശാചിന്റെ സന്താനമാണ്, ആ കുട്ടിയെന്നു അവൻ കരുതുന്നു.

മദ്യ. അവനെ ആരാണ് ഇവിടുത്തെ യജമാനനാക്കിയത്? നമ്മളും പിശാചിന്റെ സന്താനങ്ങളാണ്. (പട്ടിയെ വിളിക്കുന്നപോലെ, കുട്ടിയെ വിളിക്കുന്നു)

(പൊട്ടനായ കുട്ടിയുടെ വസ്ത്രങ്ങൾ കീറിയതാണ്. ചെറിയ [illegible] പുറപ്പെടുവിക്കുന്നുണ്ട്. തണുപ്പുകൊണ്ടു വിറയ്ക്കുന്നു. വേശ്യ, അവനെ ആശ്വസിപ്പിക്കുന്നു.)

വേശ്യ. രാത്രി അവൻ അവന്റെ വീടിന്റെ പടിക്കൽ കഴിച്ചുകൂട്ടുന്നു. അവൾക്കു ഭർത്താവിനെ വല്ലാത്ത പേടിയാണ്. ചിലപ്പോൾ ആരും കാണാതെ ഒന്നോ രണ്ടോ ചെറിയ റൊട്ടിക്കഷണങ്ങൾ അവൾ അവനു കൊടുക്കും. അങ്ങനെ മനുഷ്യരെപ്പോലെ രക്തവും മാംസവും ഉണ്ടെങ്കിലും ഒരു കൃമിയെപ്പോലെ അവനും ഈ തെരുവിൽ ഇഴഞ്ഞുനടക്കുന്നു.

മദ്യ. അവൻ ഈ തീയിന്റെ അടുത്തു ഇരുന്നോട്ടെ. (അയാൾ അവനെ അടുപ്പിച്ചുനിർത്തുന്നു) റൊട്ടികൊടുക്ക്. ഇവനെ ഉപദ്രവിക്കാൻ ഞാൻ ആരെയും സമ്മതിക്കില്ല.

പിച്ച. (ഉറക്കത്തിൽനിന്നെഴുന്നേറ്റ്) ഇല്ല, ഇതു കുറെ കടന്നുപോകുന്നു. ഇവൻ ഇവിടെ എങ്ങിനെ വന്നു? ഇവൻ പിശാചാണ്.

(കുട്ടിയെ ഓടിക്കാൻ ശ്രമിക്കുന്നു)

വേശ്യ. (കുട്ടിയെ അവളുടെ മുണ്ടുകൊണ്ടു മൂടിയിട്ട്) ദയവുചെയ്തു അവനെ ഉപദ്രവിക്കരുത്.

പിച്ച. നീ പിശാചിന്റെ ഭാര്യയാണ്. അതാണ് നീയിത്ര ദയ കാണിക്കുന്നത്.

(കുട്ടിയുടെ അടുത്തെത്താൻ നോക്കുന്നു)

മദ്യ. (പിച്ചക്കാരന്റെ വടി തട്ടിപ്പറിക്കുന്നു) നമ്മളും പിശാചിന്റെ സന്തതികളല്ലേ? അവനേക്കാൾ ഒരുതരത്തിലും മെച്ചപ്പെട്ടയാളല്ല താനും.

പിച്ച. നിറുത്തിയോ? ഞാൻ ഒന്നാംതരം ക്രിസ്ത്യാനിയാണ്. ഈശ്വരനിൽ വിശ്വസിക്കുകയും ചെയ്യുന്നു. എനിക്കു വീടില്ലെന്നതു ശരിയാണ്. ഈ തെരുവിൽ കഴിയേണ്ടിവന്നതു അതുകൊണ്ടല്ലേ? ഓരോ പട്ടിയും അതിനു താമസിക്കാനുള്ള ഗുഹ കണ്ടുപിടിക്കുന്നു. പക്ഷെ ഞാനൊരിക്കലും പിശാചിന്റെ കൂടെ താമസിക്കില്ല. ഒരു വേശ്യയുടെ അയല്ക്കാരനായില്ല; ഒരു മദ്യപാനി എന്റെ സ്നേഹിതനായിരിക്കാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. (അയാളുടെ സാമാനങ്ങളൊക്കെ എടുക്കുന്നു) നിങ്ങൾ എന്നെ ഓടിക്കുകയാണ് ഇല്ലേ? ഓ, ഈ തെരുവു മുഴുവൻ പിശാചുക്കളാണ്. നിങ്ങളെന്നെ തടയരുത്. (പോകാൻ ഭാവിക്കുന്നു)

വേശ്യ. (തടുത്തുകൊണ്ട്) ഞങ്ങളെ വിട്ടുപോവരുത്. അവൻ, കാ[illegible]രം തീ കാഞ്ഞിട്ടു പൊയ്ക്കൊള്ളും.

പിച്ച. അതെന്തെങ്കിലുമാവട്ടെ. നിങ്ങളുടെകൂടെ കഴിയുന്നതുതന്നെ എനിക്കപമാനകരമാണ്. (പോകുന്നു)

മല്ലി. അയാൾ പൊയ്ക്കൊള്ളട്ടെ. നമ്മളൊക്കെ കൊള്ളരുതാത്തവരും, കൂട്ടുടാൻ യോഗ്യതയില്ലാത്തവരും.

വേശ്യ. നിങ്ങളുടെ അടുത്തിരിക്കുന്നത് അഭിമാനകരമായി കരുതുന്നവർ ഉണ്ടെന്നു യഥാർത്ഥത്തിൽ നിങ്ങൾ വിചാരിക്കുന്നുണ്ടോ? നിശ്ചയമായും, അയാൾ നല്ലവനെങ്കിലുമായിരിക്കണം.

മല്ലി. വയസ്സാകുന്തോറും നീ നിർമ്മലയായിത്തീരുന്നു.

വേശ്യ. നല്ലവരുടെ കൂടെ കഴിയാൻ എനിക്കാഗ്രഹമുണ്ട്.

(പിച്ചക്കാരൻ പോയി. അവ്യക്തരൂപങ്ങൾ ഇരുട്ടിൽ പ്രത്യക്ഷപ്പെടുന്നു. മിക്കവരും അർദ്ധനഗ്നർ. വിഡ്ഢിയും കൂടെയുണ്ട്).

വേശ്യ. (ഭയത്തോടെ) ഇത്രയധികം ഭ്രാന്തന്മാരുടെ കൂടെ കഴിയേണ്ടി വരുന്നതു ഭയങ്കരം തന്നെ. ബോധമുള്ളവരാരുമില്ല, എല്ലാം തലയ്ക്കു ലക്കില്ലാത്തവർ. പിച്ചക്കാരൻ പോവുകയും ചെയ്തു.

മല്ലി. (ഭീതിയോടെ) പട്ടികളും എത്തിയിട്ടുണ്ട്.

വേശ്യ. അവറ്റയെയും മനുഷ്യരുടെയിടയിലേക്കു കൊണ്ടുവന്നിരിക്കുന്നു.

(നിശ്ശബ്ദം. കുട്ടി കരയാൻ തുടങ്ങുന്നു).

മല്ലി. അവനെന്തുപറ്റി? പുറത്തേക്കു.

വേശ്യ. അവനിലുള്ള പിശാചാണിത്. അവനെന്തോ സൂക്ഷിച്ചു നോക്കുകയാണ്.

(കിഴക്കു കുറേശ്ശെ ചുവക്കുന്നു. അപരിചിതവും ഭയങ്കരവും ആയ ഒരു വെളിച്ചം, തെരുവിന്റെ ഓരോ മൂലയിൽ പ്രത്യക്ഷപ്പെടുകയും മറയുകയും ചെയ്യുന്നു. എല്ലായിടത്തും നിഴലുകൾ).

മല്ലി. ഈശ്വരൻ സർവ്വോൽക്കർഷേണ വർത്തിക്കട്ടെ. വെളിച്ചാവാറായി.

വേശ്യ. ഇന്നത്തെ വെളിച്ചത്തിനു എന്തൊരു വ്യത്യാസം.

മല്ലി. പട്ടികളുടെ കുര ഇനിയും നിന്നിട്ടില്ല. ഇവിടെനിന്നും അവയെ ഓടിച്ചു കളയണം.

വേശ്യ. അവ എവിടെയോ നോക്കുകയാണ്. കാറ്റിൽ മണത്തറിയുകയാണെന്നു തോന്നുന്നു. എന്തെങ്കിലും കാണുന്നുണ്ടായിരിക്കണം.

(വിദൂരതയിൽനിന്നു ശബ്ദം കേൾക്കുന്നു. പട്ടികൾ ഭയത്തോടെ കരയുന്നു).

വേശ്യ. നമ്മുടെ അടുത്തേക്ക ആരോ വരുന്നു.

(വിഡ്ഢി ചിരിക്കുന്നു).

മല്ലി. ഇവനെന്തിനാണ് ചിരിക്കുന്നത്? ആരെയാണ് നോക്കുന്നത്? ഇവിടെനിന്നും അവനേയും ഓടിക്കണം.

വേശ്യ. അവൻ വല്ലതും കണ്ടിട്ടുണ്ടായിരിക്കും.

(പട്ടികൾ കൂടിച്ചേരുന്നു. വീണ്ടും കുര. കാലടി ശബ്ദം അടുത്തടുത്തു കേൾക്കുന്നു).

മല്ലി. (വിറച്ചുകൊണ്ട്) ആരോ നമ്മെ സമീപിക്കുന്നുണ്ട്.

(എല്ലാവരും കുറച്ചു നേരത്തേക്കു നിശ്ശബ്ദമായി നില്ക്കുന്നു. ഭയത്തോടെ എന്തോ പ്രതീക്ഷിക്കുന്നു. ഒരു സ്ത്രീയെ തോളത്തു കയറ്റി, കള്ളൻ വരുന്നു. സ്ത്രീയുടെ കയ്യിൽ ഒരു കുഞ്ഞു. മലിനവസ്ത്രധാരികളായ ചെറിയ കുട്ടികൾ ചെണ്ടയും തപ്പും കൊട്ടി അവരെ അനുഗമിക്കുന്നുണ്ട്.)



കള്ളൻ. (ഉറക്കെ) എല്ലാവരും തൊപ്പിയെടുത്തു മുട്ടു കുത്തുവിൻ. ഇതാരാണെന്നു നിങ്ങൾക്കു മനസ്സിലായില്ലേ? മഹാരാജ്ഞി, മഹാരാജ്ഞി.

(എല്ലാവരും ഇളിഭ്യന്മാരാകുന്നു. ഒരു വശത്തേക്കു മാറുന്നു. കള്ളൻ ഇടയിലേക്കു കടന്ന്) ഇതാരാണ്? ആ വിഡ്ഢി. നിങ്ങളുടെ സൈന്യങ്ങൾക്കു സുഖം തന്നെയല്ലേ? തയ്യാറാക്കിക്കൊള്ളൂ, തയ്യാറാക്കിക്കൊള്ളൂ. കുടിയൻ, കൂട്ടിനു യോജിച്ചയാൾ. (നമിക്കുന്നു. വേശ്യയുടെ നേരെ തിരിഞ്ഞ്) ഇവളുടെ ചെറിയ കൈ ലജ്ജയോടെ ഞാനൊന്നു ചുംബിച്ചോട്ടെ. (കുട്ടിയെ കണ്ടിട്ട്) അല്ല, നിന്റെ അനന്തരാവകാശിയുമുണ്ടോ? (കൂടെ വന്ന സ്ത്രീയോട്) ഇവരെയും കൂട്ടത്തിലെടുത്തോളൂ. നമ്മെപ്പോലെ അവരും തെരുവിലേക്ക ഉന്തിവിടപ്പെട്ട പട്ടികളാണ്. അവരും പോന്നോട്ടെ.

സ്ത്രീ. അവരെയും ചേർക്കാം. നമുക്കൊരുമിച്ചു പോകാം.

കള്ളൻ: (സ്ത്രീയെ ഇറക്കി നിർത്തിയിട്ട്) കൂട്ടുകാരുടെ സംഖ്യ വർദ്ധിച്ചുവരികയാണ്. എല്ലാവരും വരുവിൻ.

മല്ലി. അപ്പോൾ ഇന്നാൾ ജയിലിൽനിന്നു മോചിപ്പിക്കപ്പെട്ട കള്ളനാണ് നീ. കുറച്ചു മുൻപു വരെ നിന്നെ ഞാൻ ഭയപ്പെട്ടു. (തുപ്പുന്നു) ഇതു വളരെ തമാശയായിരിക്കുന്നു. ആട്ടെ, ഈ കുട്ടിയും സ്ത്രീയും ഏതാണ്? എവിടുന്നു കിട്ടി?

കള്ളൻ. സ്നേഹിതാ, ഇതു വെറും കളിയല്ല. അവൾ മഹാറാണിയാണ്. ഈ കുട്ടികൾ രാജകുമാരന്മാരും. അതെ, ഓരോരുത്തരും രാജകുമാരന്മാരാണ്. അവളുടെ മുൻപിൽ നമസ്കരിക്കൂ.

മല്ലി. ഞാനിയാളെ നല്ലപോലെ അറിയും. തമാശയുള്ള ഒരാൾ.

കള്ളൻ. (കണ്ണുരുട്ടി അടുത്തിട്ട്) പട്ടികൾക്കൊക്കെ ശാപമോചനം സിദ്ധിക്കുന്നതു ഇന്നു രാത്രിയാണ്. അവളെയും ഞങ്ങളെയും നോക്കൂ. ഞങ്ങളെ ബന്ധിച്ചിരിക്കയായിരുന്നു. പക്ഷേ ഞങ്ങൾ ചാടിപ്പോന്നു. ഞങ്ങളെല്ലാം ഒരേ വർഗ്ഗത്തിൽ പെട്ടവരാണ്. പട്ടികളുടെ വർഗ്ഗത്തിൽ. തെരുവുകൾ തോറും തെണ്ടിനടക്കുന്നു; മാന്യന്മാർ, അവരുടെ വീടിന്റെ മുൻപിൽ ഞങ്ങളെ കാണുമ്പോൾ, വാതിലുകൾ കൊട്ടിയടക്കുന്നു. നിങ്ങൾ വരുവിൻ, ഇന്നു നമുക്കൊരുമിക്കാം. നിങ്ങളുടെ ബന്ധനത്തെ വലിച്ചെറിയൂ. നിങ്ങളും മനുഷ്യനാണ്. കുട്ടിക്കാലം മുതൽക്കേ ഞാനറിയും. നിങ്ങളുടെ അമ്മയെ ഞാനിപ്പോഴും ഓർക്കുന്നു.

മല്ലി. (അത്ഭുതത്തോടെ) നീയെന്തൊക്കെയോ പറയുന്നു.

കള്ളൻ. നിങ്ങളുടെ കാര്യം തന്നെ നോക്കൂ. നിങ്ങളെ അവരെങ്ങനെയാക്കിത്തീർത്തിരിക്കുന്നു. സമുദായത്തിൽനിന്നു ബഹിഷ്കരിക്കപ്പെട്ടവരെപ്പോലെ, നിങ്ങൾ തെരുവുകൾ തോറും അലയുന്നു. നിങ്ങളുടെ കുട്ടികൾക്കുപോലും വളരെ ഭയമാണ്. കുടിച്ചുകൊണ്ടു വഴിയിൽ കാണുമ്പോൾ പിള്ളേരൊക്കെ കരയുകയും ഓടിയൊളിക്കുകയും ചെയ്യും. ഇതിനു നിങ്ങളാണോ കുറ്റക്കാരൻ? നിങ്ങൾ നിങ്ങളെത്തന്നെ വെറുക്കുന്നു. സ്വയം ശപിക്കയും, തലയ്ക്കിട്ടടിക്കയും ചെയ്യാറുണ്ട്. രാത്രി അഴുക്കുചാലിൽ കഴിയും. അപമാനത്തിൽനിന്നു രക്ഷ ലഭിക്കുന്നതുവരെ അങ്ങനെ തന്നെ കഴിയുകയും ചെയ്യും.

മല്ലി. എന്നോടെന്തിനാണ് പറയുന്നത്?

കള്ളൻ. പറയൂ, നിങ്ങളാണോ കുറ്റക്കാരൻ? ജീവിതത്തിൽ എന്നെങ്കിലും സുഖിച്ചിട്ടുണ്ടോ? ആരെയെങ്കിലും

സ്നേഹപൂർവ്വമായ ശുശ്രൂഷകൾ ഏററിട്ടുണ്ടോ? ഇളയച്ഛൻെറ വടിയാണ് നിങ്ങളെ വളർത്തിയത്. അന്നു ശരീരത്തിലുണ്ടായിട്ടുള്ള വടുക്കളുടെ പാടുകൾ ഇനിയും മാഞ്ഞിട്ടുണ്ടോ? കുട്ടിയായിരിക്കുമ്പോൾ തന്നെ നിങ്ങൾക്കു ധാരാളം തല്ലു കിട്ടി. ആദ്യം ഇളയച്ഛൻ, പിന്നെ രണ്ടാമത്തെ ഭാര്യ. ആരും ഇതുവരെ സ്നേഹത്തോടെ പെരുമാറിയിട്ടില്ല. ഒരാശ്വാസ വാക്കുപോലും ഉച്ചരിച്ചിട്ടില്ല.

(മദ്യപാനി തറയിലിരുന്നു കരയുന്നു)

(സ്ത്രീയെ നോക്കി) അയാൾ ഒരു നല്ല മനുഷ്യനാണ്. ഞങ്ങൾ ഒരേ സ്കൂളിൽ പഠിച്ചു, അയാൾക്കൊരു നല്ല അമ്മയുണ്ടായിരുന്നു. അവർ അയാളെ പ്രാണതുല്യം സ്നേഹിച്ചു. (പതുക്കെ) ഇളയച്ഛനെ ഒളിച്ചു എത്രയെത്ര ദിവസം അപ്പക്കഷ്ണങ്ങൾ കൊടുത്തിരുന്നു!

മദ്യ. ഞാനിനി ഒരിക്കലും കുടിക്കില്ല. സത്യം. (കരയുന്നു)

കള്ളൻ. സഹോദരാ, നിങ്ങൾ കരയരുത്. നമ്മളെല്ലാം തെണ്ടിപ്പട്ടികളാണ്. എന്നാൽ ഇന്നു യോജിച്ചിരിക്കുന്നു. വരൂ, ഞങ്ങളുടെ കൂടെ പോരൂ. ഞങ്ങൾ നിങ്ങളെ നോക്കാം. ഒരിക്കലും വേർപിരിയേണ്ടിവരില്ല. അവളെയും വിളിച്ചോളൂ. നമുക്കു പോകാം.

(വൃദ്ധയായ വേശ്യ എഴുന്നേററു അത്ഭുതത്തോടെ നോക്കുന്നു.)

വേശ്യ. എന്നെയോ?

കള്ളൻ. (കൈക്കു പിടിച്ചു) അതെ, നിന്നെത്തന്നെ. ഞങ്ങൾ നിന്നെ ഉപേക്ഷിക്കില്ല. നീയാരാണെന്നു ഞങ്ങൾക്കറിയാം. നിന്നെയല്ല കുററപ്പെടുത്തേണ്ടത്. നിന്നെ വളർത്തിയതാരാണ്! അമ്മ ഏതാണ്? ഒരാട്ടിൻകുട്ടിയെപ്പോലെ, നീ തെരുവിൽ ജനിച്ചു. ഓരോ കല്ലും, ഗുഹയും, ഒരമ്മയുടെ വാത്സല്യത്തോടെ നിന്നെ വളർത്തി. ജനിച്ചന്നു തന്നെ തെരുവിലെറിയപ്പെട്ടവളാണ് നീ. ഒരു കുഷ്ഠരോഗിയെ കാണുമ്പോൾ മാന്യന്മാർ അകന്നുപോകുമ്പോലെ, നിന്നെയും അവരകററി നിർത്തുന്നു. നീയിങ്ങനെയായിത്തീർന്നതിലാണ് അത്ഭുതം. വൃത്തികെട്ട ഒരു തുണിക്കഷ്ണംപോലെ നീയീ വഴിയിൽ കിടക്കുന്നു.

വേശ്യ. (കരയുന്നു) ഇതിനൊന്നും ഞാനർഹയല്ല. മാന്യനായ ഒരുവനിൽ നിന്നും, ഇത്തരം ആശ്വാസവചനം കേൾക്കുവാൻ തക്ക നല്ല പ്രവൃത്തിയാതൊന്നും ചെയ്തിട്ടില്ല.

കള്ളൻ. നീയതിനർഹയാണ്. നീയും ഞങ്ങളിലൊരുവൾ. നിൻെറ ദേഹം ചളി പുരണ്ടതായിരിക്കാം. എന്നാൽ ആത്മാവു പരിശുദ്ധമാണ്. നിൻെറ പാപങ്ങളെ കഴുകുകയും, നിന്നിൽ പതിച്ചിരിക്കുന്ന ശാപങ്ങളെ വലിച്ചെറിയുകയും ചെയ്തു കഴിയുമ്പോൾ നീയും ഞങ്ങളെപ്പോലെ തന്നെ. നല്ലവരുടെ കൂട്ടത്തിൽ കഴിയാൻ നിനക്കും ആഗ്രഹമുണ്ടെന്നു എനിക്കറിയാം. നീ നല്ലവളാണ്, മനുഷ്യവർഗ്ഗത്തെ സ്നേഹിക്കുന്നു. അവരാണ് നിന്നെ ശപിച്ചത്. നീ ഒരു കുട്ടിയെപ്പോലെ നിഷ്കളങ്കയായിരുന്നു. ക്ഷമിക്കൂ, കുറച്ചു നേരംകൂടി ക്ഷമിക്കൂ. (കിണററിൽനിന്നു വെള്ളം കോരിയെടുത്തു, അവളുടെ തലയിൽ ഒഴിക്കുന്നു) ഞാൻ നിൻെറ ദേഹം കഴുകി, മററു സ്ത്രീകളെപ്പോലെ നീയും ഒരു മനുഷ്യസ്ത്രീയാണ്. ശാപം അകററപ്പെട്ടിരിക്കുന്നു. ചുററുപാടും ഒന്നു നോക്കൂ. വസന്തസംഭാവനകളാൽ എല്ലാ ചെടികളും അലംകൃതങ്ങളാണ്. പുഷ്പസൌരഭ്യം എല്ലായിടത്തുമുണ്ട്. നീ ഇപ്പോഴും ഒരു സ്ത്രീ, വെറുമൊരു ബാലിക. കാപട്യമറിയാത്തവൾ. പിതാവിൻെറ തോട്ടത്തിലാണ് നീയിപ്പോൾ. ജനലിന്നരികെയിരുന്നു അമ്മ നിന്നെ നോക്കുന്നു. നീയാകട്ടെ നിനക്കു നിശ്ചയിച്ചുകഴിഞ്ഞ ഭർത്താവിൻെറ കൂടെ ആടിക്കുഴഞ്ഞു നടക്കുകയാണ്.

(മദ്യപാനിയെ അവളോടടുപ്പിച്ചു നിർത്തുന്നു. അവരുടെ കൈകളെ ചേർക്കുന്നു).

വേശ്യ. (ചിരിക്കുന്നു) ഇതൊക്കെ ഒരു വേശ്യക്കു ചേരുന്നതല്ല.

കള്ളൻ. നിങ്ങളുടെ വിവാഹം നടക്കാൻ പോകുന്നു. ദേവാംഗനകൾ വിവാഹാവസരത്തിലേക്കണിയേണ്ട വിശേഷ വസ്ത്രങ്ങളുമായി ഇതാ വരുന്നു. നീ പരിശുദ്ധയാണ്. അവർ നിന്നെ വിവാഹ മണ്ഡപത്തിലേക്കാനയിക്കും. അമ്മയുടെ അനുഗ്രഹങ്ങളെ സ്വീകരിക്കൂ. കാമുകൻ വിവാഹത്തിനു തെയ്യാറായി നിൻെറരികത്തു തന്നെയുണ്ട്.

(വേശ്യ കരയുന്നു.)

മദ്യ. (ആവേശപൂർവ്വം) ഞാനവളെ ഒരിക്കലും പിരിയുകയില്ല, അവളെ രക്ഷിക്കും. അവളെ അപമാനിക്കാൻ ആരെയും അനുവദിക്കില്ല. അവളെൻെറ സഹോദരി, ഞാനവളെ രക്ഷിക്കും. അതിനുവേണ്ടി ജോലി ചെയ്യും.

കള്ളൻ. അതാണ് വേണ്ടത്. പട്ടികൾ ഇന്നു സംഘടിച്ചിരിക്കുന്നു. (കുട്ടിയെ എടുത്തു ചുംബിക്കുന്നു) ഇവൻ നമ്മുടെ കുട്ടിയാണ്. നമ്മളെല്ലാം തെരുവുതെണ്ടിപ്പട്ടികൾ, നാം സംഘടിച്ചിരിക്കുന്നു.

മദ്യ. (കുട്ടിയെ മേടിച്ചിട്ടു) ഇല്ല, അവനെ തരില്ല. അവൻ ഞങ്ങളുടെ കുട്ടിയാണ്. അവനെന്നും ഞങ്ങളുടെ കൂടെ താമസിക്കും. (വേശ്യയുടെ കൈ പിടിക്കുന്നു) വരൂ, നമുക്കു പോകാം. ഞാൻ നിനക്കുവേണ്ടി വേലയെടുക്കാം. നീ അവനെ വളർത്തും. അങ്ങനെ അവൻ നമ്മുടെ കുട്ടിയായിത്തീരും. (വേശ്യയുടെ മുണ്ടെടുത്തു കുട്ടിയേയും അവൻെറ ശരീരത്തേയും മൂടുന്നു) എന്ത് നീ കേട്ടില്ലേ? ഇതൊക്കെ ഞാൻ ആത്മാർത്ഥമായിട്ടാണ് പറയുന്നത്. (വേശ്യ കേട്ട ഭാവം വെക്കുന്നില്ല. അവർ അത്ഭുതത്തോടെ ആ സ്ത്രീയെ നോക്കുന്നു).

കള്ളൻ. ഇതാണ് വഴി, വഴി ഇതു തന്നെ. നാം സംഘടിച്ചു. നാം ഒരുമിച്ചു പോകുന്നു. നമ്മളും പട്ടികളും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. (വഴിയിൽ കാണുന്നതിനെയൊക്കെ തടവുന്നു) കുഴലൂതു, ചെണ്ടകൊട്ടു. നമുക്കൊരു രാജാവ് വേണം. തെരഞ്ഞെടുക്കണം. (വിഡ്ഢിയോടു) പട്ടാളക്കാർ ഊരിയ വാളുമായി നിന്നെ നോക്കി നിൽക്കുന്നു. കുന്തവും താങ്ങിക്കൊണ്ടു ഉത്തരവിനെ പ്രതീക്ഷിച്ചുംകൊണ്ടു നിൽക്കുയാണവർ. നിന്നെ വലയം ചെയ്തിരിക്കുന്ന ശത്രുക്കളെ കാണുന്നില്ലേ?

വിഡ്ഢി. (സന്തോഷപൂർവ്വം) അതെ, അതെ.

കള്ളൻ. ആക്രമിക്കൂ. ഹേ, നെപ്പോളിയാ, നിങ്ങളാണു ഞങ്ങളുടെ ജനറൽ. വാളൂരൂ. കല്പിക്കൂ.

വിഡ്ഢി. (മരവാൾ ഊരുന്നു. സൈന്യങ്ങളോടെന്നപോലെ ഉറക്കെ) എല്ലാവരും വാളൂരുവിൻ.

കള്ളൻ. (ഉറക്കെ) ഇതാണ് പുതിയ വഴി. പട്ടികൾ ഒന്നിച്ചിരിക്കുന്നു. എല്ലാവരും ചേരും. നമുക്കൊരു രാജ്ഞിയെ വേണം. (സ്ത്രീയെ ചൂണ്ടി) ഒരുവിൻെറ റാണിയായി മുടി ചൂടാൻ അവളാണ് ഏററവും യോഗ്യ. മഹാറാണി, വരൂ. സിംഹാസനത്തിലിരിക്കൂ. (മുതുകു കാണിച്ചുകൊടുക്കുന്നു) കുഴൽ വിളിക്കൂ. ചെണ്ടകൊട്ട്. എല്ലാവരും തൊപ്പിയെടുത്തു വണങ്ങുവിൻ. മഹാറാണി വരു

ന്നു, വരുന്നു. നമുക്കിനി നമ്മുടെ രാജ്യത്തേക്കു പോകാം.

(വെളിച്ചം കൂടുതലാകുന്നു. സ്ത്രീയുടെ മുഖം സുന്ദരവും യൌവനം തുളുമ്പുന്നതും ആയിത്തീർന്നിട്ടുണ്ട്. വിശുദ്ധ മാതാവിന്റെ പ്രതീതി ജനിപ്പിക്കുന്നു).

വേശ്യ. (കയ്യിൽ കട്ടിയെടുത്ത്, കള്ളന്റെ മുതുകിൽ കയറിയിരിക്കുന്ന സ്ത്രീയെ, അത്ഭുതത്തോടും ബഹുമാനത്തോടും നോക്കിക്കൊണ്ടിരുന്ന അവൾ, പ്രഭാതത്തിലെ മങ്ങിയ വെളിച്ചത്തിൽ തിരിച്ചറിയുന്നു. മാനുഷികമല്ലാത്ത ഒരു വല്ലാത്ത കരച്ചിലോടെ നമസ്കരിക്കുന്നു.) ഇങ്ങോട്ടു നോക്കൂ. പരിശുദ്ധ കന്യാമറിയം. അവരുടെ മുഖത്തേക്കു നോക്കൂ. പള്ളിയിൽനിന്നാണു വരുന്നത്. ദിവസവും ഞാൻ മുട്ടുകുത്താറുള്ള പരിശുദ്ധമാതാവിന്റെ ആ പടത്തിന്റെ ഛായ, അവരെ ഞാനറിയും. മാതാവ് സ്വന്തം രൂപത്തിൽ (കരഞ്ഞുകൊണ്ടു നമസ്കരിക്കുന്നു) മാതാവേ, രക്ഷിക്കണേ. (സംസാരിക്കാൻ സാധിക്കുന്നില്ല. ഇവളുടെ വാക്കുകൾ എല്ലാവരിലും ഭക്തിയുളവാക്കുന്നു. സ്ത്രീയെ ഭയത്തോടെ നോക്കുന്നു. അവരും തിരിച്ചറിഞ്ഞു. മുട്ടുകുത്തുന്നു. അത്ഭുതവരെ മാതാവിനെ വഹിച്ചിരുന്ന കള്ളനും, തൊപ്പിയെടുത്തു നമസ്കരിക്കുന്നു. എല്ലാവരും നിശ്ശബ്ദം നില്ക്കുകയാണ്. പള്ളിയിലെ മണി മുഴങ്ങുന്നു, പ്രഭാതം. അടുത്തുള്ള വീടിന്റെ തുറന്നുകിടക്കുന്ന ജനാലയിൽക്കൂടി മദ്യപാനിയുടെ ഭാര്യ നെട്ടവീർപ്പിട്ടുകൊണ്ടു എത്തിനോക്കുന്നു).

മദ്യപാനിയുടെ ഭാര്യ. നിങ്ങളവിടെ എന്താണെടുക്കുന്നത്? ഇനിയെങ്കിലും വീട്ടിലേക്കു വരുന്നുണ്ടോ? എത്ര പണിയാണ് ഇവിടെ ചെയ്യുതീർക്കാനുള്ളത്?

മദ്യ. (ഏകാന്തധ്യാനത്തിൽനിന്നുണർന്ന് വേശ്യയുടെ കൈകൾ വേർപെടുത്തി, കള്ളന്റെകൂടെ വന്ന സ്ത്രീയെ നോക്കുന്നു.) ഹാ, ഹാ, ഹാ, ഹെലങ്കാ...... .......കമ്മായപ്പണിക്കാരനായ ആൻഡ്രേയുടെ ഭാര്യ, അയാൾ ഒരു തമാശയൊപ്പിച്ചു.

(ഓടിപ്പോകുന്നു. മറ്റുള്ളവർ ഉറക്കത്തിൽനിന്നെന്നപോലെ ഉണരുന്നു. ഹെലങ്കാ, കള്ളന്റെ പിടി തെറ്റിച്ചോടിപ്പോകുന്നു).

ഹെലങ്കാ. നിങ്ങൾ എന്നെ തെരുവിലേക്കു കൊണ്ടുവന്നത് ഇതിനായിരുന്നോ?

മദ്യ. (കൈപിടിച്ചുകൊണ്ട്) എന്റെകൂടെ പോരൂ, നമ്മൾ പറഞ്ഞതൊക്കെ മറന്നേക്കൂ. നമുക്കു മറ്റൊരു ലോകത്തേക്കു പോകാം.

ഹെലങ്കാ. (കരയുന്നു) അയാൾക്കെന്നെക്കൊണ്ടെന്തു കാര്യം? ഇവിടെക്ക് എന്തിനു കൊണ്ടുവന്നു? മക്കളേ, വീട്ടിലേക്കു പോകാം. (എല്ലാവരും പോകുന്നു.)

കള്ളൻ. (കിണററിനരികെ നിന്നുകൊണ്ട് ഉറക്കെ), ശുദ്ധ പട്ടികൾ, നിങ്ങൾ എവിടെക്കാണു ഓടുന്നതു....പട്ടികൾ.....നശിച്ച നായ്ക്കൾ.

(ആളുകൾ കടങ്ങളുമായി വെള്ളം കോരുവാൻ, പിറുപിറുത്തുകൊണ്ടു വരുന്നു.)

പോ, ദൂരെ പോ, മാറിനില്ക്ക്'......



# "ഏകാന്തചിന്തകൾ"

(എം. ജി. കധാധരൻനായർ, ക്ലാസ്സ് iii)

മനമേ! നിതരാം നിരാശ്രയ—
സ്ഥിതിചിന്തിച്ചു നിരാശനാകയോ?
ഭവഭാവികിനാവുതിർത്തപൊൻ—
മയമാം മാളികയല്ല, നിശ്ചയം.

2

ജനമാനസമൊന്നറച്ചിട്ടും,
മരുതായൊന്നുനിനച്ചിട്ടും പരൻ;
വിധിതന്നുടെ ചെപ്പടിക്കളി—
യെല്ലാവരും നമധീനമുഴ്വിയിൽ.

3

അതിചഞ്ചലയാണുലക്ഷ്മി, യ—
സ്ഥിരയാണിക്ഷിതി,യെന്തുനശ്വരം?
കരുതാതിതുലേശ,മീശ്വരാ!
കഴിവൂമർത്ത്യർ മദാന്ധമാനസർ.

4

മണിമാളികപൂക്കവാഴവോർ,
പണമാമീശ്വരനെബ്ഭജിക്കവോർ
വെറുതേ വ്യഥപൂണ്ടിടുന്നു ന—
ശ്വരമാം സ്വത്തിനെയുദ്ധരിക്കുവാൻ.

5

"പണമേപണ"മെന്ന ചിന്തയാൽ
പകലും രാവുമവർക്കു സങ്കട—
മൊഴിവില്ലി;തുമട്ടുജീവിതം
പണയം വെയ്ക്കുവതെത്ര കഷ്ടമാം.

5

ധനസംഭരണാർത്ഥമായ് വില—
പ്പെട്ടതായുസ്സിഹ പാഴിലാക്കുവോർ,
അപരാനപയത്നാതരെപ്പരം—
പരിഹാസത്തൊടുവീക്ഷചെയ്യുവോർ.

7

സ്വജനങ്ങടെ സങ്കടങ്ങളെ—
ച്ചെറുപാഴ്പ്പുല്ലിനു തുല്യമാക്കുവോർ,
സകലേശപരനേകസാക്ഷിയൻ
കൊടുകോപത്തിനു പാത്രമല്ലയോ?
(യുഗ്മകം)

8

കഥയിങ്ങനെ തന്നെയെങ്കിലും
പണമാണെങ്ങുണമിന്നു ഭൂമിയിൽ;
ധനമററവനന്യസൽഗുണ—
പ്രഭുവാണെങ്കിലുമെന്തുവാൻ ഫലം?

9

മമ മാന്യസഖാക്കളോത്തു ഞാൻ
കതുകം പൂണ്ടു കളിച്ചിടുമ്പൊഴും,
അവരൊത്തു പഠിച്ചിടുമ്പൊഴും,
കരുതുന്നേൻ മമ നിസ്വജീവിതം.

10

അതിതുംഗകലാലയങ്ങളിൽ—
ക്കയറാനുള്ളൊരു കോണിയാം ധനം;
അതുവിട്ടുകരേറുവോരക—
ലിടറാതെങ്ങനെ മേളിലെത്തിടാം?

11

ശിവനേ! തളരുന്നിതെൻ മന—
സ്സുവശം ചിന്തയിലാണ്ടു സന്തതം;
അഴലാമഴചന്നുജീവിത—
പ്പുഴനീന്തുന്നതതീവദുഷ്കരം.

12

നിജപുത്രരെയന്നു കാണുവാൻ
കൊതികൊള്ളുന്നധീയതാതനെ
ജഗദീശ! കൃതാർത്ഥനാം നില—
യ്ക്കുടികൂപ്പാനിടയാക്കു നല്ലണേ!

13

അലയുന്നവനേവനെങ്കിലും
തുണയേകേണ്ടതു ധർമ്മമാം;
കരുതാശ്ശിഹപ്പാതി, ദാഹമാ—
ന്നാഴലും മത്തുനവെള്ളമേകുവാൻ.

14

വലിയോരുടെ വാക്കമിന്നണ—
ഞ്ഞിലെയും, കാററിലൂടപ്പിറപ്പുകൾ ;
ഉരുതരനിധാനമാഴിയുൽ—
ക്കടകല്ലോലിനിതന്നെയെപ്പോഴും.

15

അരയും തലയും മുറുക്കി നീ,
പ്രതിബന്ധങ്ങളെയേററമുട്ടിയും,
വിരവോടുയരുക, ചിത്തമേ!
സഫലം നിന്നുടെയുദ്യമം, ധ്രുവം.

---

# ശ്രീ ഇടപ്പള്ളി രാഘവൻപിള്ള

(വി. എ. അച്യുതൻ, ക്ലാസ്സ് IV.)

ആധുനിക മലയാള കവിതാവിഹായസ്സിൽ അക്ഷയശോഭയോടെ മിന്നിപ്പൊലിഞ്ഞ ഒരുജ്ജ്വലതാരമാണ് ശ്രീ ഇടപ്പള്ളി രാഘവൻപിള്ള അവർകൾ. അത്യധികമായ ദാരിദ്ര്യവും അതികഠിനമായ പ്രേമനൈരാശ്യവും അനുഭവിക്കേണ്ടിവന്ന അദ്ദേഹത്തെ വിട്ടുമാറാതിരിക്കയും 1111 മിഥുനം 21-ാം തിയ്യതി രാത്രി അദ്ദേഹം സ്വജീവിതം കയറിന്റെ തുമ്പിൽ സമർപ്പിച്ചിട്ടു ലോകത്തോടു യാത്ര പറയുകയും ചെയ്തു. മരിക്കുമ്പോൾ കവിക്കു 25 വയസ്സു പ്രായം ഉണ്ടായിരുന്നുള്ളു. കവിയുടെ ഈ ഹ്രസ്വകാലത്തെ ജീവചരിത്രം കേവലം സാധാരണമായിരുന്നുവെന്നേ പറയുവാൻ. 1103 മുതൽ മരണംവരെ അദ്ദേഹത്തിന്റെ കവിതകൾ മാതൃഭൂമി, മലയാളരാജ്യം, ചിത്രപത്രിക, മററു വിശേഷാൽ പ്രതികൾ ഇങ്ങിനെയുള്ള പ്രമുഖപ്രചാരമുള്ള പത്രങ്ങളിലും, വാരികകളിലും, മാസികകളിലും പ്രത്യക്ഷപ്പെട്ടിരുന്നു. ശ്രീ ചങ്ങമ്പുഴ ഇടപ്പള്ളിയുടെ കവിതകൾ ഒരുമിച്ചു ചേർത്തു പ്രസാധനം ചെയ്തിട്ടുണ്ട്. അതിനു മുമ്പ് അവയുടെ സമാഹാരങ്ങൾ 'തുഷാരഹാരം', 'ഹൃദയസ്മിതം', 'നവസൌരഭം' എന്നീ ചെറുഗ്രന്ഥങ്ങൾ വഴി പ്രസിദ്ധീകൃതമായിരുന്നു.

ഒരേ ഞെട്ടിൽ വികസിക്കുവാൻ ഇടവന്ന രണ്ടു വാസനാസമ്പന്നങ്ങളായ കോമള കുസുമങ്ങളായാണ് ഇടപ്പള്ളിയെയും, ചങ്ങമ്പുഴയെയും പററി ഉള്ളൂർ അഭിപ്രായപ്പെട്ടിട്ടുള്ളത്. പ്രായത്തിൽ കവിതാപരിപാകം അവരുടെ കൃതികളിൽ ഉഗ്രമായിരുന്നുവെന്നും അദ്ദേഹം സമർത്ഥിക്കുന്നു. ജീവിതവും കവിതയും തമ്മിൽ ഇത്രയധികം ബന്ധപ്പെട്ടുനിന്ന കവികൾ മലയാളത്തിൽ വളരെ ചുരുക്കമാണ്. കാർലൈൽ പറഞ്ഞിട്ടുള്ളതുപോലെ കവി സ്വജീവരക്തത്തിൽ തൂലിക മുക്കിയാണ് കവിതകൾ രചിച്ചിട്ടുള്ളത്. അദ്ദേഹം ചിരിക്കാനായി ജനിച്ചു, കരയാൻ പഠിച്ചു, മരണത്തിൽ ഇന്നും ജീവിക്കുന്നു. അദ്ദേഹത്തിന്റെ ഉത്തമ സ്നേഹിതൻ ഒരിക്കൽ പ്രസ്താവിച്ചത് ഇപ്രകാരമാണ്. "ശുഷ്കമായ ലോകനീതിയോടുള്ള പ്രതിഷേധം പ്രകടമാക്കിക്കൊണ്ട് ഏതോ പോർവിളിയെ വിളിച്ചറിയിക്കുന്ന ഒരന്തഃകരണഹാരത്തിൽ ഉയർത്തിപ്പിടിച്ചിരിക്കുന്ന ശിരസ്സ്; ലോക യാതനകളുടെ തീപ്പൊരി പാറുന്ന ജീവിതത്തോടു നയനങ്ങൾ—ഏഴുതിരികൾ പൊഴിഞ്ഞിരുന്നു; ഒരിക്കലുമവസാനിക്കാൻ വയ്യാത്തത്ര സ്നേഹപൂർണ്ണമായിരുന്ന ഹൃദയത്തിന് ഈ അവിരാമമായ ചിന്തകളുടെ ഭാരമായിരുന്നു." ചങ്ങമ്പുഴയുടെ കവിതയിൽ പറഞ്ഞാൽ,

"അശ്രുവൃഷ്ടിയിൽ നീ കിളർന്നു
അശ്രുവൃഷ്ടിയിൽ നീ വളർന്നു
അശ്രുവൃഷ്ടിയിൽ നീ പൊരിഞ്ഞു
അശ്രുവൃഷ്ടിയിൽ നീ കരിഞ്ഞു."

സ്വജീവിതത്തെപ്പററി അദ്ദേഹം തന്റെ അന്ത്യസന്ദേശത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു. "പ്രവർത്തിക്കുവാൻ എനിക്കു കഴിവില്ലാതായിരിക്കുക, സ്നേഹിക്കുവാൻ എനിക്കു കഴിവില്ലാതായിരിക്കുക, ആശിക്കുവാൻ എനിക്കു കഴിവില്ലാതായിരിക്കുക ഈ മൂന്നിലുമാണ് ലോകത്തിലെ ദുഃഖം അന്തർഭവിച്ചിരിക്കുന്നത്. ഇവയിലെല്ലാം എനിക്കു നിരാശയാണനുഭവം. എനിക്കു ഏകരക്ഷാമാർഗ്ഗം മരണമാണ്— അതിനെ ഞാൻ സന്തോഷം വരിക്കുന്നു"— ഒരു പക്ഷേ പ്രണയപരാജയം ഉണ്ടാകാതെ ഇരുന്നെങ്കിൽ ഈ നിരാശകൾക്കിടയിലും അദ്ദേഹം ജീവിക്കുമായിരുന്നു എന്നു ഈ വാക്കുകളിൽ നിന്നും സ്പഷ്ടമാകുന്നുണ്ട്. ആ പരാജയമാണ് അദ്ദേഹത്തിന്റെ ജീവിതനൌകയെ ഉടച്ചുകളഞ്ഞതു എന്നു സ്പഷ്ടം.

'വിഷാദാത്മകതയാണ്' ഇടപ്പള്ളി കവിതകളിൽ ഉടനീളം ഒളിഞ്ഞുനില്ക്കുന്നത്. 'എന്റെ ജീവിതം' എന്ന കവിത നോക്കുക.

കനലൊതിർപ്പൂ വെയിലേററു നില്ക്കും
പനിമലർ സമം മങ്ങിയ ജീവിതം........

കവിയുടെ ജീവിതാശകളിലെ ഒന്നാണ്, ജീവിതത്തിന്റെ ക്ഷണികതാബോധം, പ്രകൃതിയുടെ അനേകസ്വരൂപം, മനുഷ്യപ്രകൃതിയുടെ നൈരാശ്യം ഇവയെല്ലാം ഈ കൃതിയിൽ സ്ഫുരിക്കുന്നു. സങ്കല്പ സുന്ദരമായി എല്ലായിടത്തും സമത്വവും സാഹോദര്യവും സുരക്ഷിതത്വവും കളിയാടുന്ന ഭാവിയിലേക്കു ഒരു ഉജ്ജ്വല നോട്ടമാണ് "പോവല്ലേ പോവല്ലേ പൊന്നോണമേ" എന്ന കൃതി.

വർണ്ണ്യവസ്തുക്കൾക്ക അനുരൂപമായ പ്രകൃതി സൃഷ്ടിക്കുന്നതിൽ ശ്രീ ഇടപ്പള്ളി ജാഗരൂകനായിരുന്നു. ഉദാഹരണമായി ഇടപ്പള്ളിയുടെ 'നില്ക്ക നില്ക്ക നിർന്നാഗേ' എന്ന കവിതയിൽ നായിക ആത്മഹത്യ ചെയ്യുന്ന സന്ദർഭത്തെ കുറിക്കുന്ന ഭാഗം നോക്കുക.

"അങ്ങതിൽ ഇന്ദുവാടുകിൽ പതിച്ചുള്ളോ-
രിലക്കരിഞ്ഞുമാറിയിരിക്കും
ഓമൽ തൻ സാഹസം കണ്ടമ്പരപ്പിച്ചു
ഈ സാന്ദ്രചിത്രം തകർന്നിരിക്കും
താരങ്ങളെത്ര താരങ്ങളൊക്കെ പിഴിയിൽ
തൻ ചുടു കണ്ണീർ പൊഴിഞ്ഞിരിക്കും
മാമരക്കൊമ്പിന്മേലെല്ലാരും ഇരുണ്ടിട്ടോ—
ടോമലാം മാതളൻ മാഴ്കിയേക്കും
പൂവാടി തന്നിൽ പൂമരിയിൽ കരഞ്ഞൊരാ
പൂ, വാടിപ്പോയ് പ്രിയയിൽ പൂണ്ടിരിക്കും
നാളെയിൽ പൂപ്പും മറഞ്ഞു കാണുമ്പോൾ
പിരിയിലും ചെല്ലും കരഞ്ഞിരിക്കും........"

മറെറാരു കവിതയിൽ തന്റെ ചിതയെത്തിക്കൊപ്പം പ്രകൃതിയും ദുഃഖമനുഭവിക്കുന്നതായ് കവി വർണ്ണിക്കുന്നത് ഇങ്ങിനെയാണ്.

"എന്നോമനക്കുടത്തിൻ ഇടിപ്പുപോലെ
പൊന്നക്ഷത്രം ചലിച്ചു നില്പൂ
മാമക ചിതകളെ നോക്കാതെ—
മാറലൂ മുട്ടുമെന്റെ കാണമേ

... ... ... ...
... ... ... ...

ഗ്രാമപ്പാമരൻ പ്രാതമെന്നവിടെ
ഇതാൽ മണ്ണെല്ലാം ചെന്നിരിക്കും."

ഇങ്ങനെയുള്ള പ്രകൃതി ചിത്രങ്ങൾ എല്ലാ സൗന്ദര്യവും ഏകം കൊള്ളുന്നവയാണ്.

ക്ലിഷ്ടമായ അലങ്കാരപ്രയോഗത്തിൽ കവി വിമുഖനായിരുന്നു. ആശയങ്ങൾ സാരള്യത്തോടുകൂടി പ്രകടിപ്പിക്കുവാനാണ് അദ്ദേഹത്തിന്റെ ശ്രമം. ആ നായിരുന്നു ഉപമിതം രൂപകം രൂപകാതിശയോക്തി ഉപമ തുടങ്ങി പ്രധാനങ്ങളായ അലങ്കാരങ്ങൾ ചമൽക്കാര വിശേഷത്തോടും നവീനതയോടും അദ്ദേഹം പ്രയോഗിച്ചിട്ടുണ്ട്. പ്രഭാതം കൂടി അദ്ദേഹം പ്രയോഗിച്ചിട്ടുള്ളതു ഇടപ്പള്ളി വർണ്ണിക്കുന്നതു

"കട്ടിക്കരിമ്പനാംബര ലക്ഷ്മി തൻ
പട്ടുടയാടയിൽ ഇരുണ്ടിയോ" എന്നും

മറെറാരു ഭാഗത്ത്

"വാസന്തനാഥന്റെ ചുംബനമേററിട്ടു
വാസന്തിക വധു ഗന്ധം ഇടുക്കവെ"

എന്നുമാണ്.

ഇടപ്പള്ളിയുടെ കവിതകളിൽ മറെറാരു പ്രത്യേകത അതിൽ വ്യാപിച്ചിരിക്കുന്ന പ്രതിരൂപാത്മകതയാണ്. ശ്രീമാൻ എം. ബാലകൃഷ്ണപിള്ളയുടെ ഭാഷയിൽ പറഞ്ഞാൽ ഒരു കവി തന്റെ വികാരത്തെ ധ്വനിപ്പിക്കുന്നതിന് ഉതകുന്ന കായിക സാദൃശ്യങ്ങളെ തരുന്ന കായിക സാധനങ്ങൾക്കും ഇന്ദ്രിയഗോചരങ്ങളായ ഗുണങ്ങൾക്കും കായിക സന്ദർഭങ്ങൾക്കും ഇടയിലുള്ള ഐക്യങ്ങൾക്കും സംഭാവ്യതകൾക്കും ഉണ്ടാകുന്ന പ്രതിരൂപമാണ് സിംബോളിസം എങ്ങനെന്ന് പ്രതിരൂപം. ഇടപ്പള്ളിയുടെ പ്രതിരൂപങ്ങൾ സുന്ദരങ്ങളാണ്. 'മണിനാദം' എന്ന കവിതയിൽ

“പകലിൻ പാതിയിൽ പാതിരാവിനെ കണ്ടു
പതറിപ്പകച്ചു ഞാൻ നോക്കവേ നിത്യ ദ്വേഷം
അസഹ്യമാലതല്ലുമന്തരംഗത്തിൽ തപ്ത—
നിശ്വാസം പാളിക്കൊണ്ടേൻ പട്ടട ചെന്തീയപ്പോഴും
ഇരുളാണ്ടിരുളുമൊരെന്നെ തുടരും ഞാ—
നിനിയും തീർക്കേണ്ടൊരെൻ തീർത്ഥയാത്ര തൻ ശേഷം
പൂർണ്ണം ചെയ്യാനോതിയ മണിദീപം
നിർത്തിയതെന്തെൻ സ്വാതന്ത്ര്യകരത്തെ നൽ—
[illegible] വന്നതി കെട്ടതിടാതെ വസ്ത്രായേ
ഒരു [illegible] ചാൽ
പറ്റി [illegible] ഞാൻ സൂക്ഷിക്കയിൽ കെട്ടിതട്ടി
[illegible] പാതാം”

ഇതിലെ സിംബളിന് കേരളത്തിലെ സമരായ ജീവിതത്തിൽ നിന്ന സാഹിത്യ ജീവിതത്തിലേക്കും ലോകജീവിതത്തിലേക്കും വ്യാപിക്കുന്ന ഒരു ധ്വനിയുണ്ട്. പകൽ—കേരളത്തിലെ സമരായ ജീവിതം, ഇവിടത്തെ പ്രസാദാത്മകമായ റൊമാൻറിക് സാഹിത്യലോകം, ലോകത്തിലെ സമരായ ജീവിതം എന്നിവയുടേയും സിംബലും, പാതിരാവ്—കേരളത്തിലെ സമരായ ജീവിതത്തിന്റെ ജീർണ്ണിപ്പ്, ഇവിടത്തെ റൊമാൻറിക് സാഹിത്യകാരന്മാരുടെ ഏകതയില്ലായ്മ, ലോകത്തിലെ സമരായ ജീവിതത്തിന്റെ ജീർണ്ണിപ്പ് എന്നിവയുടേയും സിംബലും, മണിദീപം—കേരളീയ സമരായപരമായി പ്രേമം, കേരളസാഹിത്യപരമായി ശ്രാവ്യകവിത, ലോകപരമായി ആദർശം എന്നിവയുടേയും സിംബലും, കാറ്റ്—കേരളസമരായ ജീവിതത്തിന്റെ സ്വാർത്ഥത, ഇവിടത്തെ പുരോഗമനസാഹിത്യത്തിന്റെ പ്രത്യക്ഷമായ പ്രചാരവൈശ്യം, ലോകത്തിലെ രാഷ്ട്രീയ വിപ്ലവങ്ങൾ എന്നിവയുടേയും സിംബലുമാകുന്നു.

ഇടപ്പള്ളി പാവനവും നിസ്വാർത്ഥവുമായ പ്രേമത്തിൽ പരിപൂർണ്ണമായി വിശ്വസിച്ചിരുന്നു. ഓരോ വരിയിലും ആത്മാർത്ഥത തെളിഞ്ഞു കാണാം. ഈ ആത്മാർത്ഥതയാണ് അദ്ദേഹത്തിന് കേരളത്തിലെ പ്രേമഗായകന്മാരുടെയിടയിൽ ഒരു മാന്യസ്ഥാനം സമ്പാദിച്ചു കൊടുത്തതു്. 'പിരിഞ്ഞപ്പോൾ' എന്ന കവിതയിൽ:

“കടിപകർപ്പൽ കരളും കെട്ടഴിഞ്ഞിരിക്കുന്നെ
കദനനിറകാം തെന്നലിൽ അതിയുമങ്ങനെ
നിരിച്ചതിൽ വേപ്പുന്നി ഉതിരുന്നിരുന്നെന്നെ
തൊട്ടുകറിയയാരല്പം പൊടിഞ്ഞു മാഞ്ഞുപോയെന്നു
... ... ... ... ...
... ... ... ... ...
കരളുമമ പാരം തകർന്നുരുകുമന്ന
സരളയുടെ നിഴ്പ്പു മറക്കുവതെങ്ങനെ.”

ഹൃദയദ്രവീകരണപടുത്വമുള്ള കരുണരസത്തിന്റെ അതിപ്രസരം ഇടപ്പള്ളിക്കവിതകളെ അത്യന്തം ഹൃദ്യമാക്കിയിട്ടുണ്ട്.

ഇടപ്പള്ളിയുടെ പ്രധാനപ്പെട്ട ഓരോ കവിതയേയും ക്ലിപ്തമായി ഇവിടെ നിരൂപണം ചെയ്യുവാൻ ഒരുങ്ങുന്നില്ല. അദ്ദേഹത്തിന്റെ അന്ത്യകവനമാണ് 'മണിനാദം'. മരണത്തെ കവി വളരെ മധുരമായി പലയിടത്തും ചിത്രീകരിച്ചിട്ടുണ്ട്.

'അഴൽകൊഴുക്കുന്ന ജീവിതപ്പൂക്കളം
വഴിയരികിലെ വിശ്രമത്താവളം' മാത്രമാണെന്നാണ് അദ്ദേഹത്തിന്റെ മതം.

'മരണം മനോഹരപ്പച്ചില വിരിപ്പിട്ട
ഗിരി തൻ സാനുപ്രാന്തം തഴുകും തടിനി'

എന്നിങ്ങനെ മരണത്തെ മനോമോഹനമാക്കി അദ്ദേഹം വർണ്ണിച്ചു പാടുന്നു. മരണത്തെക്കുറിച്ചു കവിയുടെ തത്വചിന്ത ഏതാണ്ടിപ്രകാരമാണ്. പ്രാപഞ്ചിക വൈഷമ്യങ്ങൾ കൊണ്ട് വീർപ്പു മുട്ടുന്ന മനുഷ്യാത്മാവിന്റെ ഏക സങ്കേതം മരണമാണ്. സ്വാതന്ത്ര്യത്തിന്റെ താക്കോലത്രേ മരണം. Victor Hugo പറയുന്നതു് “ഇല്ലായ്മ മനുഷ്യശക്തിയേയും ആത്മശക്തിയേയും പ്രസവിക്കുമെന്നു്, അഭിവൃദ്ധി അഭിമാനത്തിന്റെ മലപ്പാച്ചിലാണെന്ന്, നിരാശ്രയം മഹാമനസ്കതയുടെ പെറ്റമ്മയാണെന്നുമാണ്”. പക്ഷേ ഈ ഇല്ലായ്മയുടേയും അഭിവൃദ്ധിയുടേയും നിരാശ്രയത്വത്തിന്റേയും യഥാർത്ഥമായ ആശയാണ്—ആനന്ദമാണ്—മരണം.



മണിനാദം നിന്നു. പ്രപഞ്ചത്തിന്റെ ഗതിവിഗതികളെ നിയന്ത്രിക്കുന്ന നിഗൂഢശക്തിയെ അറിയുവാനാഗ്രഹിച്ചുകൊണ്ടിരിക്കെ ആ മൃദുമധുരശബ്ദം നിലച്ചു. അപൂർണ്ണവും പരിമിതവുമായ ഈ ലോകത്തു നിന്നു അതു അനേകനാളായി ആരായുന്ന ആനന്ദത്തിന്റെ അനശ്വരതയിൽ—മഹാപ്രേമത്തിൽ—എത്തിച്ചേർന്നു. ഹാ! ശ്രുതിമധുരമായ ആ മനോഹര സംഗീതം! ഹൃദയപൂർണ്ണങ്ങളായ അനുഭവങ്ങളുടെ യഥാർത്ഥരൂപം! പ്രേമപൂർണ്ണമായ ആത്മസമർപ്പണത്തിൽ നിന്നു നിറഞ്ഞു പൊങ്ങുന്ന അമൂല്യമായ അമൃതഗാനം! ഇതാ അവിടെ ആകാശത്തിൽ നിന്നു, പരിശുദ്ധതയുടെ പരിപൂർണ്ണതയിൽ നിന്നു, സ്വാതന്ത്ര്യത്തിന്റെ [illegible] പൂർണ്ണതയിൽനിന്നു, നിർവൃതിയുടെ നിരുപമമായ നിഗൂഢതയിൽ നിന്നു ഒരു ചാരിതാർത്ഥ്യ ഹൃദയത്തിന്റെ പരിപൂർണ്ണതയിൽ വിരാജമാനമായ സമുച്ചയമായ ആനന്ദധ്വനി കേൾക്കുന്നു. ആദ്യം അസ്പഷ്ടം, ഉന്മധുരമായ സംഗീതതരംഗങ്ങൾ; അനന്തരം ആ സംഗീതം ദിഗന്തമെങ്ങും വ്യാപിച്ചു മാറൊലി; ....................

ആ മണി തകർന്നു; പക്ഷേ നാദം നിലച്ചില്ല. അതു ഒരിക്കലും നിലയ്ക്കുകയുമില്ല.

---

## പാടാത്ത പൂങ്കുയിൽ

(എസ്. ഗോപാലകൃഷ്ണൻ)

ഞാൻ:—
പാടിപാടി പാടിയ പാട്ടുകൾ
പാടിത്തളർന്നോ പൂങ്കുയിലേ
സുമധുരഗാനതരംഗാവലികൾ
പാടി കഴിഞ്ഞോ കുഴയുന്നോ
പൂങ്കാവുത്തും കളകളമൊന്നും
കവിത രചിച്ചു മതിവന്നോ
സുമധുരഗാനം നിന്നുടെമേലിൽ
കേൾക്കുകയില്ലേ തേനൊലികൾ
മംഗളതന്ത്രികൾ മീട്ടാനെത്തിയ
മഞ്ജുളഗാനതരംഗം നീ
ശോകത മൂകത വാണൊരു ഹൃത്തിൽ
പുളകം ചാർത്തു് മറഞ്ഞോ നീ
നിന്നുടെ ഗാനം ഇല്ലിനിമേലിൽ
ചൊല്ലുകയില്ലേ പാടില്ലേ?
ഹൃദയാവർജ്ജകമായിട്ടന്നൊരു
മഴവിൽക്കൊടിയും മലർമൊട്ടും
കാവ്യകലാമയവിഭവങ്ങൾ
പൂന്തോപ്പാലകളും പൂനിരയും
ചാഞ്ചാടീടും പുൽക്കൊടി തങ്ങും
മാനത്തുനോക്കും പൂമ്പാടം
മതകരതനിചിത്രയാകും
മാദകയാകും പൂവാടി
ഇവയെ നിന്നുടെ കളകളനാദം
വാഴ്ത്തുകയില്ലേ മേലാൽ നീ
പ്രകൃതിമനോഹരസൂനങ്ങൾ നിൻ
മധുരമഹത്തരഗീതങ്ങൾ
ഗാനാമൃതരസമേളനത്തോടെ
മനമോ നീറുകയാണെന്നോ
ഇല്ലേ ചൊല്ലുക നിന്നുടെ ഗീതം
ഇല്ലിനിമേലിൽ കേൾക്കില്ലേ?

കുയിൽ:—
നിർദ്ദയലോകം വാഴ്ത്തി പാടി
തൊണ്ട തളർന്നു കഴിഞ്ഞു ഞാൻ
ഇല്ലിനിമേലിൽ എന്നുടെ ഗാനം
സ്വാതന്ത്ര്യത്തെ വാഴ്ത്തില്ല
നശ്വരമാകും ലോകത്തിന്റെ
സമ്പത്തും ഞാൻ വാഴ്ത്തില്ല
ജീവിച്ചീടാൻ സാധിക്കാതെ
ജീവൻ കളയും സാധുക്കൾ

കരൾ നൊന്തിട്ടങ്ങവരൊന്നിച്ച്
കരയുകയാണീ ഞാനിന്നിമേൽ
ശോകാത്മകമാം കളകളനാദ-
ഗാനാവലികൾ ഹൃദയത്തിൻ
നിർഭയലോകം നിക്ഷേപിച്ചു
മർത്ത്യനമാണക്കൊട്ടവാളാൽ
ഏഴകൾ തന്നുടെ മനക്ഷേത്രത്തെ
പാഴാക്കീടും ധനവാന്മാർ
സാധുക്കൾ തൻഹൃദയനിണത്തെ
പാനംചെയ്യും മുതലാളി
എന്നിവർ നിഷ്ഠുരരാക്ഷസർ ലോകം
പുല്ലാക്കീട്ടും കാലന്മാർ
കൃതഘ്നരും പിത്തമദത്താൽ
മാരകകൈക്രിയ കാട്ടുന്നു.
കല്പകതരുവാം കർഷകനാണവ-
നല്ലാതാരും വേറല്ല.

മാടിവിളിക്കുകയാണിന്നവനെ
കാടൻനിയമം ഇക്കലിലിടാൻ.
കദനാലനിൽ ഹോമം ചെയ്യുവർ
ഹൃദയം കഴകി കരതിക്കും.
ശകലം സമയം കളയാതിന്നവർ
പകൽമുഴുവൻ പണിചെയ്യുന്നു.
ക്ഷാമദേവത ചവച്ചുതുപ്പിയ
ദാരിദ്ര്യപ്പൂക്കാലത്തിൽ
പട്ടിണിയാലെ വലഞ്ഞുപൊരിഞ്ഞ
പച്ചിക്കുന്നം കർഷകനിൽ.
നാട്ടിൻ നട്ടെല്ലായിട്ടന്നോ-
തല്ലാദകനാം കർഷകനിൽ
മർത്ത്യനമാകും പൈശാചത്വം
നിർഭയതാണ്ഡവമാടുമ്പോൾ
എന്നുടെ ജിഹ്വ സുന്ദരമാകും
മേതനാലികളുമോതുകയേ!

---

## പശ്ചാത്താപം

[Sarojam, *Class ii.*]

അയാൾ മെല്ലെ ഒന്നു ചുമച്ചു. അവൾ ഒരു ഗ്ലാസിൽ അല്പം മരുന്നു പകർന്ന് അയാളുടെ വായിൽ ഒഴിച്ചുകൊടുത്തു. രോഗി കണ്ണുതുറന്നു. കുഴിഞ്ഞുതാണ ആ കണ്ണുകളിൽ ഒരു പ്രതാപൂരം ദൃശ്യമായി. വിളറിവിളുത്ത അയാളുടെ ചുണ്ടുകളിൽ മന്ദഹാസത്തിന്റെ ഒരു നേരിയനിഴൽ വീശി. അവൾ ആനന്ദത്തോടുകൂടി ആ കാഴ്ച കണ്ടു. തന്റെ ശുശ്രൂഷാസാമർത്ഥ്യത്തിൽ അവൾ സംതൃപ്തി അടഞ്ഞു.

"പ്രിയപ്പെട്ട നേഴ്സ്, എനിക്കിന്നു നല്ല സുഖം തോന്നുന്നു" അയാൾ പറഞ്ഞു. അവൾ മന്ദഹസിച്ചു. "എനിക്ക് എഴുന്നേറ്റിരിക്കണം." അവൾ അയാളെ മെല്ലെ പിടിച്ചു എഴുന്നേല്പിച്ചു. രോഗിയുടെ നയനങ്ങൾ അവളെത്തന്നെ സൂക്ഷ്മപരിശോധന നടത്തുകയാണ്. ത്യാഗം ഉടലെടുത്ത ആ നേഴ്സിന്റെ ഹൃദയത്തിൽപ്പോലും വല്ലാത്ത ഒരു വികാരം ഉണ്ടായി.

"സഹോദരി, നിങ്ങൾ ഒരു അസാമാന്യസൃഷ്ടിയാണ്. നിങ്ങളെപ്പോലെ ത്യാഗസമ്പൂർണ്ണയായ ഒരുവളെ ഞാൻ ഇതുവരെ പരിചയപ്പെട്ടിട്ടില്ല. ഇല്ല, നിങ്ങളെപ്പോലെ സ്നേഹപൂർണ്ണയായ ഒരുവളെ എന്റെ ജീവിതത്തിൽ ഒരിക്കൽ മാത്രം ഞാൻ കണ്ടുമുട്ടിയിട്ടുണ്ട്." രോഗിയുടെ നയനങ്ങൾ നിറയുന്നു എന്നവൾക്കു തോന്നി. "നിങ്ങൾ അധികം സംസാരിക്കാതെ കിടക്കണം" അവൾ ഉപദേശിച്ചു.



"പ്രിയസഹോദരി, ഞാൻ സംസാരിക്കട്ടെ. നിങ്ങൾ എന്നെ തടയരുത്. എനിക്കിനി അധികനാൾ സംസാരിക്കാൻ സാധിക്കയില്ല. അതിനുമുൻപ് എനിക്കു പറയാനുള്ളതെല്ലാം ഞാൻ പറഞ്ഞുതീർക്കട്ടെ." അവൾ തടഞ്ഞില്ല. "സഹോദരി, എന്റെ ജീവിതകഥ കേട്ടാൽക്കൊള്ളാമെന്നു നിങ്ങൾക്കാഗ്രഹമുണ്ടോ?"

"നിങ്ങൾ ദയവുചെയ്ത് അധികം സംസാരിക്കാതിരിക്കണം. അതു കൂടുതൽ നാശത്തിനു കാരണമാകും. കഥയെല്ലാം ഇനി ഒരിക്കൽ പറയാം."

"ഇല്ല നേഴ്സ്. എനിക്കതു നിങ്ങളോടു പറയണം:—പറഞ്ഞേ തീരൂ. നിങ്ങൾ ശ്രദ്ധിച്ചാലും കൊള്ളാം ഇല്ലെങ്കിലും കൊള്ളാം ഞാൻ പറയും. നിങ്ങൾ എന്നെ തടയരുത്. എന്റെ ജീവിതരഹസ്യം ഇതുവരെ ഞാൻ ആരോടും പറഞ്ഞിട്ടില്ല. പക്ഷേ നിങ്ങളെ കണ്ടപ്പോൾ മുതൽ എനിക്ക് നിങ്ങളോട് എന്തോ ഒരു പ്രത്യേകത. നിങ്ങളുടെ ദർശനത്തിൽ ഏതോ പൂർവ്വകാലസ്മരണകൾ എന്നെ അലട്ടുന്നു. എന്റെ കഥ നിങ്ങൾ കേൾക്കേണ്ടതാണെന്ന് എനിക്കു തോന്നി. ദയവുചെയ്ത് നിങ്ങൾ തടസ്സപ്പെടുത്താതിരിക്കൂ. എന്റെ മനസ്സിനെങ്കിലും ശാന്തി കിട്ടട്ടെ."

"എന്നാൽ നിങ്ങൾ കിടന്നുകൊണ്ടു പറയണം. അല്ലെങ്കിൽ നിങ്ങൾ ക്ഷീണിക്കും." അവൾ അയാളെ കിടത്തി. ജനലിനോടു ചേർത്തിട്ടിരുന്ന കട്ടിലിൽ അയാൾ മലർന്നു കിടന്നു.

"ആ ജനലൊന്നു തുറക്കൂ. എത്ര ദിവസമായി ഞാൻ സ്വതന്ത്രത്തോടുകൂടി ഒന്നു കാറ്റുകൊണ്ടിട്ട്."

"വേണ്ട, നിങ്ങൾക്കു തണുപ്പു തട്ടും."

"സഹോദരി, ദയവുചെയ്ത് നിങ്ങൾ അതൊന്നു തുറക്കൂ. ഒരുപക്ഷേ ഞാനിനി കാറ്റും വെളിച്ചവും കൊണ്ടില്ലെന്നു വരാം. ഇതെന്റെ അവസാനത്തെ ആനന്ദമായിരിക്കും. ഈ ദുരിതപൂർണ്ണമായ സ്ഥലത്തു കിടന്ന് ആയുസ്സ് അവസാനിപ്പിക്കണമെന്നാണ് എന്റെ വിധി. പക്ഷേ പ്രിയപ്പെട്ട നേഴ്സ്, നിങ്ങളുടെ സാന്നിദ്ധ്യത്തിൽ മരിക്കുന്നത് എനിക്ക് ആനന്ദമാണ്."

അവൾ മെല്ലെ എഴുന്നേറ്റ് ജനാല തുറന്നു. തണുത്ത ഒരു കുളിർകാറ്റ് രോഗിയുടെ ഫാലസ്ഥലത്തെ മന്ദമായി തലോടി. പ്രശാന്തമായ നിശ. ഒരൊറ്റ മേഘശകലംപോലുമില്ല. ശശാങ്കബിംബം പൂനിലാവു പൊഴിച്ചു പുഞ്ചിരിക്കൊള്ളുന്നു. എണ്ണമില്ലാത്ത താരാഗണങ്ങൾ അയാളെ നോക്കി കണ്ണു ചിമ്മുന്നു. രോഗി ദീർഘമായൊന്നു നിശ്വസിച്ചു. അയാൾ അവളുടെ മുഖത്തേക്കു സൂക്ഷിച്ചുനോക്കി. കഠിനമായ ദുഃഖത്തിന്റെയും നിരാശയുടെയും അലകൾ ഓളംതല്ലുന്ന മിഴികൾ, സന്താപാത്മകമായ പുഞ്ചിരി നിഴലിക്കുന്ന അധരങ്ങൾ; വികാരാത്മകമായ മുഖം. അവൾ അയാളുടെ തലയ്ക്കലായി സ്ഥാനം പിടിച്ചു. "നേഴ്സ്, ഞാനെന്റെ കഥ തുടങ്ങാൻ പോകുന്നു. ആദിമുതൽ അവസാനംവരെ സന്താപത്തിൽ കുതിർന്ന ഒരു ദുഃഖകഥ പറയട്ടെ?"

"പറയണം" അവൾ പതുക്കെ മന്ത്രിച്ചു.

രോഗി തുടങ്ങി. "പ്രകൃതിദേവി കനിഞ്ഞനുഗ്രഹിച്ച ഒരു ഗ്രാമം. പച്ച[illegible]ങ്ങൾ കടമൂടിയ ശിലാതലങ്ങളും, പച്ച പ്രവാഹനിരപോലെ നിരന്നു കിടക്കുന്ന നെല്പാടങ്ങളും, പുൽത്തകിടികൾ നിറഞ്ഞ കുന്നിൻചരിവുകളും, കളിത്തുള്ളി നിറഞ്ഞു പ്രവഹിക്കുന്ന കൊച്ചരുവികളും, പാറംപാറമായി പറന്നുകളിക്കുന്ന പറവക്കൂട്ടങ്ങളും, കുന്നിൻചരിവുകളിൽ

നിന്നു പച്ചപ്പുൽ മേയുന്ന കന്നുകാലിക്കൂട്ടങ്ങളും, കിളികൾ പാടുന്ന ചെറുകാടുകളും നിറഞ്ഞ നയനാനന്ദകരമായ ഒരു ഗ്രാമപ്രദേശം. അവിടമായിരുന്നു എന്റെ ജന്മദേശം. ആനന്ദപൂർണ്ണമായ എന്റെ ബാല്യകാലജീവിതം അവിടെയാണ് ഞാൻ കഴിച്ചത്. വീട്ടിൽ ലാളിക്കാൻ അച്ഛനമ്മമാരും, കളിക്കാൻ അനുജനും, അനുജത്തിയും. പുളകം കൊള്ളിക്കുന്ന ബാല്യകാലസ്മരണകൾ. അക്കാലമെല്ലാം ഇങ്ങിനി വരാതവണ്ണം പോയി." രോഗി ദീർഘമായൊന്നു നിശ്വസിച്ചശേഷം തുടർന്നു. "അതെ, അവൾ എന്റെ ബാല്യകാലസഖിയും, ആത്മാർത്ഥസ്നേഹിതയുമായിരുന്നു. ഞങ്ങൾ ഒരുമിച്ചു കളിച്ചു, ഒരുമിച്ചു ചിരിച്ചു, ഒരുമിച്ചു വളർന്നു. അങ്ങിനെ വർഷങ്ങൾ പലതു കഴിഞ്ഞു. അവളന്നു താരുണ്യവതിയായ ഒരു യുവതിയായി. ചുവന്നു തുടുത്ത അവളുടെ ഗണ്ഡപ്രദേശങ്ങളും, പുഞ്ചിരി കളിയാടിക്കൊണ്ടിരിക്കുന്ന ആ പവിഴാധരങ്ങളും, പരിഭ്രമം നിഴലിക്കുന്ന നയനങ്ങളും എന്നെ നോക്കി പുഞ്ചിരി തൂകി. അതെന്നെ എനിക്കുള്ളതാണെന്നു ആരോ മന്ത്രിക്കുന്നതുപോലെ എനിക്കു തോന്നി. അവൾ എന്റേത്—എന്റേതുമാത്രം എന്നു ഞാൻ നിശ്ചയിച്ചു. എന്റെ ഭാഗ്യത്തിൽ ഞാൻ ആനന്ദിച്ചു. അവളുടെ സൌന്ദര്യത്തിൽ ഞാൻ അഭിമാനംകൊണ്ടു."

രോഗി ഒന്നു ചുമച്ചു. നീണ്ട ഒരു ചുമ. അവൾ ഒരു സ്പൂൺ മരുന്നു വായിലൊഴിച്ചുകൊടുത്തു. അയാൾ വീണ്ടും തുടർന്നു. "നേഴ്സ്, എന്റെ അതേ ആരെപ്പോലെ ഇരിക്കുമായിരുന്നെന്നോ? നിങ്ങളെപ്പോലെ. നിങ്ങളുടെ ആകൃതിസാമ്യത്തിൽ ഞാൻ അതിശയിക്കുന്നു. നിങ്ങളുടെ കണ്ണുകൾ കഠിനമായ ദുഃഖത്തിന്റെ പകർപ്പുമാത്രമാണ്. എന്നാൽ അവളുടേതോ? ഉല്ലാസത്തിന്റേയും ആനന്ദത്തിന്റേയും അലകൾ ഓളംതല്ലുന്ന മിഴികൾ. നിങ്ങളുടെ പുഞ്ചിരി സന്താപത്തിന്റെ ഒരു പ്രതിഫലനം മാത്രമാണ്. എന്നാൽ അവളുടേത് ആനന്ദത്തിന്റെ നിഴലുകൾ. ഇതാണ് നിങ്ങൾതമ്മിലുള്ള അന്തരം. ഞാൻ കഥയിലേക്കു കടക്കട്ടെ. അതെ, അവളുടെ സൌന്ദര്യം എന്നെ ഭ്രമിപ്പിച്ചു. ഞങ്ങൾ പ്രണയബദ്ധരായി. ഒരു ഹേമന്തരാത്രിയിൽ ഞങ്ങൾ ഞങ്ങളുടെ ഹൃദയം അന്യോന്യം കൈമാറി. മന്ദസ്മേരമുഖനായ പൂർണ്ണചന്ദ്രൻ വെൺകൊറ്റക്കുട പിടിച്ചു. കുളിർതെന്നൽ വെൺചാമരം വീശി. കോകിലഗാനം ഞങ്ങൾക്കു സ്വാഗതം പറഞ്ഞു. എന്റെ വീട്ടിലെ വിശാലമായ പറമ്പിൽ ബകുളപുഷ്പത്താൽ പരവതാനി വിരിക്കപ്പെട്ടതും, തരുച്ഛായകളാൽ മറയ്ക്കപ്പെട്ടതുമായ ഒരു പ്രദേശം ഞങ്ങളുടെ പ്രേമനാടകത്തിനുള്ള നടനരംഗമായിത്തീർന്നു. മധുരസ്വപ്നങ്ങൾകൊണ്ടു നിറഞ്ഞ ഒരു ജീവിതമായിരുന്നു കുറച്ചുകാലത്തേക്ക് ഞങ്ങൾ നയിച്ചത്. പക്ഷെ പ്രിയപ്പെട്ട നേഴ്സ്, ആ സ്വപ്നങ്ങളെല്ലാം എന്നെന്നേക്കുമായി മറഞ്ഞു. പരുപരുത്ത ജീവിതയാഥാർത്ഥ്യങ്ങളുമായുള്ള ഏറ്റുമുട്ടലിൽ അവയെല്ലാം അടിയോടെ തകർന്നു. അങ്ങിനെ ഞാൻ അവളെ ഉപേക്ഷിക്കുന്നതിനു നിർബന്ധിതനായി." അയാളുടെ നയനങ്ങൾ നിറഞ്ഞു തുളുമ്പി. ഗദ്ഗദംനിമിത്തം അല്പനേരത്തേക്ക് അയാൾ മൌനം അവലംബിച്ചു. കുറച്ചു സമയം കഴിഞ്ഞ് അയാൾ വീണ്ടും തുടർന്നു. "ഓ! ഒരു കാര്യം പറയാൻ വിട്ടുപോയി. എന്റെ അതേ ഒരു സാധുകുടുംബത്തിലെ അംഗമായിരുന്നു. അവളുടെ സൌന്ദര്യത്തിൽ പലരും വശീകൃതരായി. പലരും അവളോടടുത്തു. പക്ഷെ സത്യസന്ധയായ ആ സതീരത്നം ഈ... പാലിക്കുവേണ്ടിയാണ് ജീവിതം നയി-



ച്ചത്. എന്നെങ്കിലും ഒരിക്കൽ ഞാൻ അവളെ സ്വീകരിക്കുമെന്ന് അവൾക്ക് ഉറപ്പുണ്ടായിരുന്നു. ആ വിശ്വാസത്തിന്മേൽ അവൾ ജീവിച്ചു. ആനന്ദിച്ചു. പക്ഷെ നിരാശരായ ജനങ്ങൾ പറഞ്ഞുപരത്തിയ അപവാദം ക്രമേണ എന്റെ ചെവിയിലും എത്തി. ആദ്യമാദ്യം ഞാനതു വിശ്വസിച്ചില്ലെങ്കിലും ഒടുവിൽ സംശയമാകുന്ന കാളസർപ്പം എന്നെ വിഴുങ്ങി. ദാരിദ്ര്യപ്പിശാചിയുടെ ക്രൂരഹസ്തങ്ങളിൽനിന്നും തപ്പിപ്പിഴക്കുന്നതിന് മനുഷ്യർ എന്തുതന്നെ ചെയ്യുകയില്ല? എന്റെ ഇടുങ്ങിയ ഹൃദയത്തിന്റെ ചിന്താഗതി അപ്രകാരമെല്ലാമായിരുന്നു. അവളെപ്പറ്റി അപവാദം പറഞ്ഞവരിൽ പ്രധാനി എന്റെ അമ്മതന്നെയായിരുന്നു. ഞങ്ങൾ തമ്മിലുള്ള ബന്ധം അമ്മയ്ക്കു രസിച്ചിരുന്നില്ല. അമ്മ പലപ്പോഴും എന്നെ ഉപദേശിച്ചിരുന്നെങ്കിലും എന്റെ ദൃഢനിശ്ചയത്തെപ്പറ്റി പൂർണ്ണബോധ്യമുണ്ടായ അമ്മ ഞങ്ങളെ പിരിക്കാൻ തക്കംനോക്കിയിരിക്കയായിരുന്നു. അതെ. അമ്മയെ ഞാൻ പൂർണ്ണമായും വിശ്വസിച്ചു. അമ്മ ജയിച്ചു. ഞാൻ അവളെ വെറുത്തു. പ്രേമംകൊണ്ട് അന്ധനായ ഞാൻ വേറെയാതൊന്നും ആലോചിച്ചില്ല. എന്റെ ഹൃദയം വൈരാഗ്യംകൊണ്ടു നിറഞ്ഞു. അവളെ ഞാൻ എത്രമാത്രം ഹൃദയംഗമമായി സ്നേഹിച്ചിരുന്നുവോ അതിലിരട്ടി വെറുത്തു. അങ്ങനെ എന്റെ ഭാവനയിൽ മൊട്ടിട്ടുവന്ന സ്വപ്നസൂനങ്ങൾ ഉണങ്ങിക്കരിഞ്ഞു. നിറഞ്ഞ കണ്ണുകളോടും വിങ്ങുന്ന ഹൃദയത്തോടുംകൂടി അവൾ എന്നോടു യാത്ര ചോദിച്ചു. ഞാൻ അവളെപ്പറഞ്ഞ വാക്കുകൾ ഇന്നും എന്റെ കർണ്ണങ്ങളിൽ മുഴങ്ങുകയാണ്. ആ സാധു അതെല്ലാം ക്ഷമയോടുകൂടി സഹിച്ചു. എന്റെ ഭാവിജീവിതത്തിൽ ഒരു വിലങ്ങുതടിയായി നില്ക്കാൻ ആശിക്കാതെ അവൾ പിരിഞ്ഞു. അങ്ങനെ ഞങ്ങളെ ബന്ധിച്ചിരുന്ന നൂൽ എന്നന്നേക്കുമായി പൊട്ടിത്തകർന്നു." രോഗി കൈകൾകൊണ്ടു മുഖം മറച്ചു. അയാളുടെ ഒട്ടിയ കവിൾത്തടങ്ങളിൽക്കൂടി കണ്ണുനീർ ഒഴുകി.

"അതിൽപ്പിന്നീട് ഞാൻ ഇതുവരെ അവളെ കണ്ടിട്ടില്ല. എന്റെ അതുമായുള്ള വേർപാട് എന്നെ കൊല്ലാതെ കൊന്നു. അവളുമായുള്ള വിരഹം എന്നെ കാർന്നുതിന്നു. ഒടുവിൽ എന്റെ ദുഃഖംപേറിക്കൊണ്ടു ഞാൻ വീട്ടിൽ താമസിച്ചു. അതിനിടയിൽ പലപ്പോഴും ഞാൻ അവളുടെ ഗൃഹത്തിനു സമീപം പോയിട്ടുണ്ട്. എന്തിനു? അവളെ ഒന്നു കാണാൻ. എനിക്ക് അവളോടു സംസാരിക്കണമെന്നാശയില്ല. പക്ഷെ അവളറിയാതെ അവളെ കാണുന്നതിന് ഞാൻ മോഹിച്ചു. എന്നാൽ നിരാശയാണ് എനിക്കനുഭവപ്പെട്ടത്. അവൾ ആത്മഹത്യ ചെയ്തിരിക്കുമോ എന്നും ഞാൻ വിചാരിക്കാതിരുന്നില്ല. എങ്കിലും ഞാനതു കാര്യമായി ഗണിച്ചില്ല.

ആണ്ട് ഒന്നു കഴിഞ്ഞു. ജീവിതം എനിക്കു ശൂന്യമായിത്തോന്നി. അവളെക്കൂടാതെ എങ്ങനെ എന്റെ ഭാവിജീവിതം മുൻപോട്ടു പോകും. ഞാൻ വിഷമിച്ചു. ഒരുദിവസം രാത്രി ആരെയും അറിയിക്കാതെ ഞാൻ നാടുവിട്ടു. പട്ടാളത്തിൽ ആളെടുക്കുന്ന സമയമായിരുന്നു അന്ന്. ഞാൻ പട്ടാളത്തിൽച്ചേർന്നു. രാജ്യസേവനമായിരുന്നു എന്റെ കർത്തവ്യം. പക്ഷെ അവിടെയും സുഖമായിരിക്കാൻ വിധി എന്നെ അനുവദിച്ചില്ല. ഒരു ആക്രമണത്തിൽപ്പെട്ട് എനിക്ക് എന്റെ ഇടതുകൈ നഷ്ടമായി." തീരെ അറ്റുപോയിരുന്ന തന്റെ കൈ ചൂണ്ടിക്കാണിച്ചുകൊണ്ട് അയാൾ വീണ്ടും തുടർന്നു: "അംഗഭംഗം വന്ന എന്നെ അവർ ഉപേക്ഷിച്ചു. ഞാൻ വീണ്ടും

ആശ്രയമായിരുന്ന വീട്ടിലേക്കുതന്നെ തിരിച്ചു. എട്ടുവർഷം കഴിഞ്ഞിരുന്നു ഞാൻ വിട്ടുപോയിട്ട്. അതിനിടയിൽ പല മാറ്റങ്ങളും അവിടെ ദൃശ്യമായിരുന്നു. എന്റെ പേർ ഉച്ചരിച്ച് എന്നെ കാണണമെന്ന് അതിയായി ആഗ്രഹിച്ച് എന്റെ പിതാവ് മൃതി അടഞ്ഞിരുന്നു. അമൃത ആഗ്രഹത്തോടുകൂടി എന്റെ മാതാവും അദ്ദേഹത്തെ അനുഗമിക്കാൻ തുടങ്ങുകയായിരുന്നു. എന്റെ സഹോദരി വിവാഹിതയായി. അവൾ ഭർത്തൃഗൃഹത്തിലാണ്. അമ്മയെ ശുശ്രൂഷിക്കുന്നതിന് എന്റെ കൊച്ചുസഹോദരൻമാത്രമേയുള്ളൂ. പക്ഷേ അവനന്ന് ചൊറുചൊറുക്കുള്ള ഒരു യുവാവാണ്. അവൻ എന്നെപ്പോലെ പാപിയായിരുന്നില്ല. അമ്മയും അച്ഛനും അവന്റെ അന്ത്യശുശ്രൂഷകൾ ചെയ്യുന്നതിനുള്ള ഭാഗ്യം അവനു സിദ്ധിച്ചിരുന്നു. ആ മരണശയ്യയിൽ വച്ച് എനിക്ക് അന്നുവരെ അജ്ഞാതമായിരുന്ന പല സംഗതികളും ഞാൻ ഗ്രഹിച്ചു. എന്റെ അതുണ്ണ നിരപരാധിയാണെന്നു അന്നാണ് ഞാൻ മനസ്സിലാക്കിയത്. എന്റെ അമ്മയെ ഞാൻ ഒരു ക്രൂരസർപ്പത്തെപ്പോലെ വെറുത്തു. എന്റെ അടുത്ത ശ്രമം അതുണ്ണയെ അന്വേഷിക്കലായിരുന്നു. പക്ഷേ സമയം വൈകിപ്പോയിരുന്നു. അവളെ അവിടെയെങ്ങും കാണാൻ ഉണ്ടായിരുന്നില്ല. പ്രിയപ്പെട്ട നേഴ്സ്, എന്റെ അപ്പോഴത്തെ സ്ഥിതി നിങ്ങൾ ഒന്ന് ആലോചിച്ചുനോക്കൂ. ലോകം എനിക്ക് ശൂന്യമായിത്തോന്നി. എട്ടുവർഷങ്ങൾക്കുമുൻപു ഞാൻ ക്രൂരമായവിധത്തിൽ ഉപേക്ഷിച്ച ആ ഹതഭാഗ്യയുടെ ചിത്രം എന്റെ സ്മൃതിപഥത്തിൽ നിഴലിച്ചു. എന്റെ ജീവനുപേക്ഷിച്ചും അവളെ കണ്ടുപിടിക്കുമെന്ന് ഞാൻ ശപഥം ചെയ്തു. ഒന്നുകിൽ അവളേയുംകൊണ്ട് ഞാൻ തിരിച്ചുചെല്ലും; അല്ലെങ്കിൽ ഇതു് എന്റെ അന്ത്യയാത്രയാണെന്ന് ഞാൻ നിശ്ചയിച്ചു. അങ്ങനെ എന്റെ സന്താപത്തിലും സന്തോഷത്തിലും എല്ലാം ഒരുമിച്ചു പങ്കുകൊണ്ട എന്റെ ജന്മഗൃഹത്തോട് ഞാൻ എന്നന്നേക്കുമായി യാത്ര പറഞ്ഞു. ആ സംഭവം നടന്നിട്ട് രണ്ടു വർഷത്തിനു മേലായി. ഈ രണ്ടു വർഷക്കാലവും ലോകം മുഴുവൻ ഞാൻ അലഞ്ഞുനടന്നു. പക്ഷേ ഒരുസ്ഥലത്തും അവളെ കണ്ടുമുട്ടാൻ സാധിച്ചില്ല. കഠിനമായ നിരാശയും പട്ടിണിയും എന്നെ ഈവിധമാക്കിത്തീർത്തു. രോഗത്തിന്റെ ക്രൂരഹസ്തങ്ങൾ എന്നെ വലയംചെയ്തു. പ്രിയപ്പെട്ട നേഴ്സ്, നിങ്ങളില്ലായിരുന്നുവെങ്കിൽ പണ്ടേ മരണം ഈ പാപിയെ അനുഗ്രഹിക്കുമായിരുന്നു. സഹോദരി, നിങ്ങളെന്തിനു എന്നെ രക്ഷിക്കാൻ ശ്രമിക്കുന്നു? ഞാൻ മരിക്കട്ടെ. എന്റെ അതുണ്ണയെ ഞാൻ കുറ്റക്കാരിയായി കൊന്നു. അതുപോലെ ഞാനും ഇഞ്ചിഞ്ചായി മരിക്കട്ടെ. ഞാൻ ചെയ്ത പാപത്തിന്റെ ഫലം ഞാൻ അനുഭവിക്കുന്നു." അയാൾ ദീർഘമായി നിശ്വസിച്ചു. ഒട്ടിയ കവിൾത്തടങ്ങളിൽക്കൂടിയുള്ള നീർച്ചാലുകൾക്ക് ഗതി വേഗം കൂടി.

"നിങ്ങൾ ഇപ്പോഴും അവളെക്കണ്ടാൽ തിരിച്ചറിയുമോ? പത്തു വർഷങ്ങളായില്ലേ നിങ്ങൾ തമ്മിൽ പിരിഞ്ഞിട്ട്?"

"ഉവ്വ്. പത്തല്ല നൂറു സംവത്സരങ്ങൾ കഴിഞ്ഞിരുന്നാലും എന്റെ അതുണ്ണയെക്കണ്ടാൽ ഞാൻ തിരിച്ചറിയും. പക്ഷേ എന്തിനു അതെല്ലാം പറയുന്നു? എനിക്ക് അവളെ ഒരുകാലത്തും കാണാൻ സാദ്ധ്യമല്ല. അവൾ ആത്മഹത്യ ചെയ്തിരിക്കണം." അയാളുടെ ശ്വാസോച്ഛ്വാസത്തിന് ഗതിവേഗം കൂടി.

അവളുടെ കണ്ണുകളിൽനിന്നും കണ്ണുനീർ ഒഴുകുന്നുണ്ടായിരുന്നു. അതിൽ ഏതാനും തുള്ളി അയാളുടെ മുഖത്തു



തന്നെ പതിച്ചു. അടക്കാൻവയ്യാത്തവിധം പൊട്ടിപ്പുറപ്പെട്ട രോദനം അയാളുടെ കർണ്ണങ്ങളിൽ വന്നലച്ചു. രോഗി ആശ്ചര്യസ്തബ്ധനായി. അയാൾ മെല്ലെ തലതിരിച്ചു അവളെ നോക്കി. ആ നേഴ്സ് കരയുകയായിരുന്നു. അവളുടെ പാടിവിളർത്ത മുഖത്തിൽ അയാളുടെ അതുണ്ണയുടെ രൂപം അയാൾ വ്യക്തമായി കണ്ടു. രോഗി ആശ്ചര്യവും ആനന്ദവും ഇടകലർന്ന സ്വരത്തിൽ ചോദിച്ചു: "അതുണ്ണേ, നീ തന്നെയാണോ ഇത്? അതോ നിന്നെ ഞാൻ സ്വപ്നംകാണുകയാണോ?"

"അതെ, ആ ഹതഭാഗ്യയായ അതുണ്ണതന്നെയാണ് ഇവൾ" ഗദ്ഗദത്തിലമർന്ന ഏതാനും വാക്കുകൾ അയാൾ കേട്ടു. രോഗി എഴുന്നേൽക്കാൻ ശ്രമിച്ചു. അതുണ്ണ അയാളെ താങ്ങി. അവളുടെ മാറിടത്തിൽ തല ചായ്ച്ചുകൊണ്ടു അയാൾ ചോദിച്ചു "അതുണ്ണേ, നീ എന്റെ മഹാപരാധം ക്ഷമിക്കുമോ?" കരഞ്ഞുകൊണ്ട് അവൾ മറുപടി പറഞ്ഞു "ക്ഷമിക്കാനെന്തിരിക്കുന്നു? ഞാനല്ലേ കുറ്റക്കാരി? ഞാൻനിമിത്തമല്ലേ അങ്ങേക്ക് ഈ ദുരന്തം വന്നുചേർന്നത്?" രോഗിയുടെ മുഖത്ത് ഒരു സംതൃപ്തിയും ആനന്ദവും കളിയാടി. "അതുണ്ണേ, ഞാൻ യാത്ര പറയട്ടെ? പരലോകത്തിൽ വച്ചു നമുക്ക് വീണ്ടും സന്ധിക്കാം." അയാളുടെ അധരങ്ങളിൽ ഒരു മന്ദഹാസം പരന്നു. അങ്ങനെ അവളുടെ മാറിൽ തല ചായ്ച്ചുകൊണ്ട് ആ മുപ്പതുവയസ്സുകാരൻ അന്ത്യശ്വാസം വലിച്ചു. അവൾ ആ മുഖത്തേക്ക് സൂക്ഷിച്ചുനോക്കി. ഒട്ടിയ കവിൾത്തടങ്ങളിൽ കണ്ണുനീരിന്റെ രണ്ടുചാലുകൾ. അധരങ്ങളിലെ പുഞ്ചിരി അപ്പോഴും മാഞ്ഞുപോയിട്ടില്ല. അയാൾ മന്ദഹസിച്ചുകൊണ്ട് ഉറങ്ങുകയാണ്. ഒരിക്കലും ഉണരാത്ത നിദ്ര. അതുണ്ണ ആ വിളറിയ ചുണ്ടുകളിൽ ഒന്നു ചുംബിച്ചു.

* * * *

തന്റെ പ്രേമഭാജനത്തിന്റെ ശിരസ്സും മാറിൽച്ചേർത്തുകൊണ്ട് അവൾ അങ്ങനെ ഇരിക്കുകയാണ്. കരഞ്ഞുകരഞ്ഞ് അവളുടെ കണ്ണുനീർവറ്റി. നാഴികമണിയുടെ "ടിക് ടിക്" ശബ്ദം അവളെ ചിന്തയിൽനിന്നും ഉണർത്തി. അവൾ ആ മൃതദേഹത്തെ കട്ടിലിൽ കിടത്തി. ആയിരമായിരം ചിന്തകൾ അവളുടെ അന്തരംഗത്തിൽക്കൂടി ദ്രുതഗതിയിൽ പാഞ്ഞു. അവൾ ആർക്കുവേണ്ടി ഇത്രയുംകാലം തന്റെ ദുരിതപൂർണ്ണമായ ജീവിതം ഉന്തുന്നുവോ ആ ആൾ എന്നന്നേക്കുമായി അവളോട് യാത്ര പറഞ്ഞു. ഒരു ശിലാപ്രതിമപോലെ ആ മൃതദേഹത്തെയും സൂക്ഷിച്ചുനോക്കിക്കൊണ്ട് അവൾ അല്പനേരം ഇരുന്നു. പെട്ടെന്ന് അവൾ എഴുന്നേറ്റു. അവളുടെ ചുണ്ടുകളിൽ ഒരു മന്ദഹാസം കളിയാടി. കണ്ണുകളിൽ ഒരു ദൃഢനിശ്ചയം സ്ഫുരിച്ചു. അവൾ ആ മൃതദേഹത്തിന്റെ കാൽക്കൽ സാഷ്ടാംഗം നമസ്കരിച്ചു. "ഈ ഹതഭാഗ്യയേയും അവിടുത്തെ കൂടെത്തന്നെയുണ്ട്" ഗദ്ഗദത്തിനിടയിൽ അവൾ മന്ത്രിച്ചു.

* * * *

ദിവസങ്ങൾ പലതു കഴിഞ്ഞു. ആ നേഴ്സിനെ പിന്നെ ആരും കണ്ടിട്ടില്ല. ഡാക്ടർ അവളെ കണ്ടുപിടിക്കുന്നതിന് ശ്രമിച്ചു. പക്ഷേ ഫലം നിരാശമാത്രമായിരുന്നു. അവളുടെ ജീവിതരഹസ്യവും അവൾ അവിടംവിട്ടുപോകാനുണ്ടായ കാരണങ്ങളും ഇന്നും അജ്ഞാതമാണ്. അവൾ ഇപ്പോഴും ജീവിച്ചിരിക്കുന്നുവോ അതോ ആത്മഹത്യ ചെയ്തുവോ? എന്തോ ആർക്കറിയാം?

# സോവിയററ്യൂണിയനിലെ വിദ്യാഭ്യാസം

(M. R. Sankar, *Class II, Gr. 1 A*)

വിദ്യാഭ്യാസപരമായി ലോകത്തിൽ ഏററവും പുരോഗതി പ്രാപിച്ചിട്ടുള്ള രാജ്യമാണ് സോവിയററ്യൂണിയൻ. മററ യൂറോപ്യൻരാജ്യങ്ങളെ അപേക്ഷിച്ച് പലതുകൊണ്ടും വളരെ പുരോഗമിച്ചിട്ടുള്ള ബ്രിട്ടൻപോലും വിദ്യാഭ്യാസകാര്യത്തിൽ വളരെ പിന്നിലാണ് നില്ക്കുന്നത്. 33 വർഷങ്ങൾക്കു മുമ്പ് വിജയിച്ച ആ വിപ്ലവം വിദ്യാഭ്യാസത്തിലും വിസ്മയനീയമായ ഒരു പരിവർത്തനം വരുത്തി. സോവിയററ്യൂണിയൻെറ സ്ഥാപകന്മാരായ ലെനിനും സ്റ്റാലിനും വിദ്യാഭ്യാസത്തിൻെറ പ്രാധാന്യം അറിയുന്ന നിലയിൽ മനസ്സിലാക്കി പ്രവർത്തിച്ചതിൻെറ ഫലമായാണ് ഇന്നു സോവിയററ്യൂണിയൻ വിദ്യാഭ്യാസപരമായി ലോകരാഷ്ട്രങ്ങളിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കാൻ ഇടയായത്. ബോൾഷേവിക് വിപ്ലവത്തിൻെറ വിജയത്തോടുകൂടിത്തന്നെ വിദ്യാഭ്യാസത്തിലും ഒരു സമൂലപരിവർത്തനം വരുത്തണമെന്ന് ലെനിൻ ഉറച്ചിരുന്നു. വിദ്യാഭ്യാസപരമായി രാഷ്ട്രം ഉയർന്നാലേ സോഷ്യലിസം വിജയിക്കുകയുള്ളൂ എന്ന മഹാതത്വം ആ വിപ്ലവാചാര്യൻ ദീർഘദർശനം ചെയ്തു. ഒരു രാജ്യം രാഷ്ട്രീയമായി ഉയരണമെങ്കിൽ ആദ്യമായി അവിടത്തെ ജനങ്ങൾ വിദ്യാഭ്യാസപരമായി ഉയരണം എന്ന് അദ്ദേഹം മനസ്സിലാക്കി. അതിനുവേണ്ടി അദ്ദേഹം പ്രവർത്തിക്കുകയും ചെയ്തു. എന്നാൽ ആദ്യത്തെ പഞ്ചവത്സരപദ്ധതിയോടുകൂടി മാത്രമേ സോവിയററ്യൂണിയന് വിദ്യാഭ്യാസത്തിൽ വിപ്ലവപരമായ മാററം വരുത്താൻ സാധിച്ചുള്ളൂ. 1930-നു ശേഷം റഷ്യയിൽ സ്കൂളുകളും കോളേജുകളും നൂററുക്കണക്കിനു വർദ്ധിച്ചു.

1914-ൽ റഷ്യയിൽ 33 ശതമാനം ആളുകൾക്കുമാത്രമേ സാക്ഷരത്വം ലഭിച്ചിരുന്നുള്ളൂ. 'സ്സാർ' ചക്രവർത്തിയും മററു പുരോഹിതന്മാരും വിദ്യാഭ്യാസപുരോഗതിയെ തടഞ്ഞിരുന്നു. അന്നത്തെ റഷ്യയിലെ വിദ്യാഭ്യാസം പണക്കാരായ [illegible] ഭാഗ്യശാലികളുടെ കുത്തകയായിരുന്നു. തൊഴിലാളികളുടെയും കർഷകരുടെയും (Peasants) കുട്ടികളെ വിദ്യാലയങ്ങളിൽ പ്രവേശിപ്പിക്കാൻപോലും 'സ്സാറി'ൻെറ മന്ത്രിമാർ തടഞ്ഞിരുന്നു. തങ്ങളുടെ മർദ്ദനപരമായ അധികാരത്തിൻെറ അടിസ്ഥാനം വിദ്യാഭ്യാസത്തിൻെറ വെളിച്ചത്തിൽ തകർന്നുപോകുമെന്നു [illegible]കളായ അവർ ഭയന്നിരുന്നു.

എന്നാൽ ഇന്നത്തെ സ്ഥിതിയോ? സ്കൂളിൽ പോകാൻ പ്രായംവന്ന ഒരു സോവിയററ പൗരനെങ്കിലും വിദ്യാവിഹീനനല്ല. സ്കൂളിൽ പോകാൻ പ്രായമാകുന്നതുവരെ സോവിയററ്യൂണിയനിലെ കുട്ടികളെ നേഴ്സറിസ്കൂളുകളിൽ വിടുന്നു. പ്രാഥമികവിദ്യാഭ്യാസമെല്ലാം അവിടെവെച്ചു കഴിയുന്നു. ഏഴു വർഷക്കാലത്തെ സെക്കണ്ടറിവിദ്യാഭ്യാസമാണ് അടുത്ത കാലഘട്ടം. ഈ ഏഴു വർഷത്തെ വിദ്യാഭ്യാസം ഒരു സോവിയററ പൗരൻെറ അവകാശമാണ്. കൂടാതെ ഗവണ്മെൻറ് അതു നിർബന്ധിതവും സൗജന്യവുമാക്കിയിട്ടുണ്ട്. ഈ കാലഘട്ടത്തെ പഠിത്തത്തിനുള്ള സകല ചെലവുകളും ഗവണ്മെൻറിൽനിന്നും സൗജന്യമായി കിട്ടും. സെക്കണ്ടറിവിദ്യാഭ്യാസം കഴിഞ്ഞാൽ പിന്നെ മത്സരപരീക്ഷകൾ നടത്തി പ്രത്യേകവാസനയും ബുദ്ധിയും ഉള്ളവരെ ഉപരിപഠനത്തിനയയ്ക്കും. ഇപ്രകാരം ഉപരിപഠനത്തിനു പോകുന്നതിന് വിദ്യാർത്ഥികൾ ചെലവും വഹിക്കേണ്ട ആവശ്യം വരികയില്ല. അതെല്ലാം ഗവണ്മെൻറുതന്നെ വഹിച്ചുകൊള്ളും. ഇതിന് അവർ പറയുന്ന ന്യായം, ഒരാളുടെ സാധാരണയിൽ കവിഞ്ഞുള്ള കഴിവുകൾ രാഷ്ട്രത്തിൻെറ സ്വത്താണ് എന്നാണ്. അതിനാൽ സോവിയററ്യൂണിയനിൽ പഠിക്കാൻ ആഗ്രഹമുള്ളവർക്ക് 'പണം' (Money) ഒരു വിലങ്ങുതടിയായി നില്ക്കുന്നില്ല.

കാൽ നൂററാണ്ടുകൊണ്ട് സോവിയററ യൂണിയനിൽ വിദ്യാഭ്യാസപരമായി വന്നിട്ടുള്ള പുരോഗതിയെ ശരിയായി മനസ്സിലാക്കുന്നതിനു, വിപ്ലവത്തിനു മുൻപും പിൻപുമുള്ള സംഭവഗതികളുടെ വികാസത്തിൻെറ കണക്കു പരിശോധിക്കേണ്ടിയിരിക്കുന്നു. 1914-ൽ അവിടെ 2000 വിദ്യാലയങ്ങൾ മാത്രം ഉണ്ടായിരുന്നെങ്കിൽ ഇന്നു എലിമെൻററി സ്കൂളുകളും ഹൈസ്കൂളുകളും മാത്രം രണ്ടു ലക്ഷത്തോളമുണ്ട്. 3 കോടി 20 ലക്ഷം അദ്ധ്യേതാക്കളാണ് ഈ സ്കൂളുകളിൽ മാത്രം അദ്ധ്യയനം നടത്തുന്നത്. അന്നു എല്ലാ സ്കൂളുകളിലും കൂടി 78,95,600 കുട്ടികളായിരുന്നു അദ്ധ്യേതാക്കൾ. ഈ തുകതന്നെ അന്നു റഷ്യയിലുണ്ടായിരുന്ന ബാലന്മാരുടെ അഞ്ചിൽ ഒന്നു മാത്രമായിരുന്നു. കൂടാതെ സമ്പൂർണ്ണസജ്ജീകരണങ്ങളോടുകൂടിയ 65000 'കിൻഡർഗാർട്ടൻ' സ്കൂളുകൾ അവിടെയുണ്ട്. 3500 സാങ്കേതിക വിദ്യാലയങ്ങളിലായി 10 ലക്ഷത്തോളം വിദ്യാർത്ഥികൾ അവിടെ പഠിക്കുന്നുണ്ട്. 1948-ൽ തന്നെ വിദ്യാഭ്യാസത്തിനായി സോവിയററ ഗവണ്മെൻറ 4875 കോടി രൂപാ ചെലവാക്കി എന്നറിയുമ്പോൾ അവിടത്തെ വിദ്യാഭ്യാസപരിപാടിയെപ്പററി ഏകദേശമെങ്കിലും മനസ്സിലാക്കാമല്ലോ. 20 കോടി ജനങ്ങൾ അധിവസിക്കുന്ന സോവിയററ യൂണിയനിൽ 32 യൂണിവേഴ്സിററികളുണ്ട്. അതേസമയത്തു 35 കോടി ജനസംഖ്യയുള്ള ഇൻഡ്യയിലോ, 22 യൂണിവേഴ്സിററികളും!

വിപ്ലവത്തിനു മുൻപു സ്വന്തം അക്ഷരമാലപോലുമില്ലാതിരുന്ന 40 ദേശീയ വിഭാഗങ്ങൾക്കു വിപ്ലവത്തിനു ശേഷം സോവിയററ ഗവണ്മെൻറ അക്ഷരമാല സൃഷ്ടിച്ചു ഭാഷകളെ വളർത്തി. കൂടാതെ വിപ്ലവത്തിനു മുൻപു വിദ്യാലയങ്ങളിൽ മാതൃഭാഷയിലായിരുന്നില്ല അദ്ധ്യയനം നടത്തിയിരുന്നത്.

റഷ്യയിൽ വിദ്യാലയങ്ങളിൽ വച്ചുതന്നെ വിദ്യാർത്ഥികൾ ബഹുജനങ്ങളോടൊത്തു ജീവിക്കുവാൻ തക്ക സജ്ജീകരണങ്ങൾ ചെയ്തിട്ടുണ്ട്. 'യംഗ് കമ്മ്യൂണിസ്റ്റ ലീഗ്' (Young Communist League) മുതലായ സംഘടനകൾ മുഖേന അവിടത്തെ വിദ്യാർത്ഥികൾ സംഘടിച്ചുനിന്നു കർഷകരെയും തൊഴിലാളികളെയും ഓരോ വിധത്തിൽ സഹായിക്കുന്നു. ഇതിൻെറ ഫലമായി വിദ്യാലയംവിട്ടു പുറത്തിറങ്ങുന്ന ഒരു സോവിയററ വിദ്യാർത്ഥിക്കു ചുററുമുള്ള ജീവിതവുമായി ഇണങ്ങിച്ചേരുവാൻ ഒരു പ്രയാസവുമില്ല.

ശരിയായ പഠിപ്പും, കഴിവും, പരിശീലനവും ഉള്ള ഒരാളെ മാത്രമേ സോവിയററ യൂണിയനിൽ അദ്ധ്യാപകനായി നിയമിക്കുകയുള്ളൂ. ഭാവി പൗരന്മാരെ സൃഷ്ടിക്കേണ്ട ചുമതല ഈ അദ്ധ്യാപകന്മാരിൽ നിക്ഷിപ്തമായിരിക്കുന്നതിനാൽ അധികാരികൾ അതിൽ പ്രത്യേക ശ്രദ്ധ ചെലുത്തുന്നു.

ഇപ്രകാരം സംഘടിതമായ പരിപാടിയോടുകൂടി മുന്നോട്ടു നീങ്ങിയ സോവിയററ യൂണിയനു നിരക്ഷരതയെ അവസാനിപ്പിക്കാൻ സാധിച്ചു. അക്ഷരപരിജ്ഞാനമില്ലാത്ത [illegible] രാജ്യം സോവിയററ ഭരണത്തിൻെറ ഫലമായി സാക്ഷരത്വത്തിൻെറ നന്ദനോദ്യാനമായി പരിലസിക്കുന്നു.

# പഠിച്ച മണ്ടന്മാർ

(പി. എം. തോമസ്, കാരിക്കൽ, Cl : II/III a.)

(ഓട്ടൻതുള്ളൽ)

നൂററാണ്ടിരുപതിലായിട്ടും ബത
കുററൻമാരെ കണ്ടാലറിയാൻ
പാററുള്ളവരെല്ലാം അവരുടെ
കാര്യം കണ്ടു കഴിഞ്ഞേ തീരൂ.
കോളേജുകളിലും കട്ടികൾ തിങ്ങും
സ്കൂളുകൾ തന്നുടെയുള്ളറകളിലും
റോഡുകൾ കൂടും തെരുവീഥിയിലും
കാളകൾ വിലസും ചന്തകളതിലും
പാളകൾ നീട്ടും തെണ്ടികൾ തങ്ങടെ
മേളനമെവിടാണവിടങ്ങളിലും
ചായപ്പീടികളവിടങ്ങളിലും
കോളുകളുള്ളവിടുന്നവിടങ്ങളിലും
മേളനമെവിടുണ്ടവിടങ്ങളിലും
സിനിമാശാലകൾ, നാടകശാലകൾ
വനിതാശാലകൾ കാപ്പിക്കടകൾ
മിന്നമിന്നെ മിന്നും സാപ്പാട്ടുകടകൾ
ആനവണ്ടിയെവിടുണ്ടവിടങ്ങളിലും
കാണാമൊരു വക പൊണ്ണന്മാരുടെ
മോന്തകൾ വെളിയിലടപ്പടി മുഴുവൻ
കണ്ണാവല്ലും കാട്ടും ചിരിയും
പാന്റികൾ കൊണ്ടുള്ളൊരു ധാരികളും
വൻപൻ മീശ വമ്പൻ മീശകൾ
മുൻപൻ മീശകൾ കൊമ്പൻ മീശകൾ
മുൻപിൽ കാണുന്നാളുകളെല്ലാം
വെമ്പുംമാതിരി കപ്പടാമീശ
കണ്ണിനെ മൂടാൻ കണ്ണടവച്ചും
പെണ്ണിനെ നോക്കാൻ കണ്ണുതിരിച്ചും
കോട്ടുകളിട്ടും സൂട്ടുകളിട്ടും
ബൂട്ടുകളിട്ടും പാട്ടുകൾ കേട്ടും
ഒട്ടുകൾ കേട്ടും പാട്ടുമശേഷം
തട്ടാതൊരുവക പാട്ടും പാടി
കൂട്ടംകൂടി നടപ്പതു കാണാം

നാട്ടുകളെവിടുണ്ടവിടെക്കാണാം
ബീച്ചുകളെവിടുണ്ടവിടെക്കാണാം
പാർക്കുകൾ വിലസുന്നവിടെക്കാണാം
മോട്ടുകൾ പൂക്കളിലെന്നും മാതിരി
ഈച്ചകൾ നേടാനവിടേം കാണാം
കച്ചേരിയിലും, പച്ചരിവില്പും
റേഷൻ കടയുടെ തിണ്ണയിലും ബത
രോഷന്മാരുടെ കൂട്ടം കാണാം
വിദ്വാന്മാരുടെ നടുവിൽക്കാണാം
കുട്ടവാകളിയുടെയിടയിൽക്കാണാം
ചുട്ടുവാക്കോളം പെണ്ണുങ്ങൾ തൻ
പട്ടുവാർകൾക്കാനവിടേം കാണാം
അരിമുറ കാണാനവിടെക്കാണാ
മടി പിടിയുണ്ടെങ്കിലവിടെക്കാണാം
കാപ്പിക്കടയുടെ മുന്നിൽ കാണാം
ചോപ്പിൽച്ചെന്നാലവിടെക്കാണാം
വെപ്പിക്കടയുടെ മുമ്പിൽക്കാണാം
കവലകളിലിടമെല്ലാം കാണാം
വണ്ടികൾ നില്പൂ 'സ്റ്റാണ്ടി'ൽ കാണാം
വണ്ടിയെന്നിലിയുടെ പിന്നിൽ കാണാം
റോട്ടിൽക്കാണാം വീട്ടിൽക്കാണാം
ഫോട്ടോസ്റ്റുഡിയോയതിലും കാണാം
മോട്ടോർകാറിൻ മുൻപിൽ കാണാം
ബോട്ടിൽ ചെന്നാലതിലും കാണാം
കാട്ടിൽക്കാണാം നാട്ടിൽക്കാണാം
പാട്ടമശേഷം കൂടാതിവരെ
ബീഡിക്കടയുടെ മുന്നിൽക്കാണാം
താളി ചിരയ്ക്കുന്നവിടെ കാണാം
എന്തിനു പറയുന്നധികം ഞാനിനി
ചിന്തിതമല്ലിത ചിന്തിച്ചാകിൽ
നാട്ടിലും നഗരത്തിലും
കിട്ടും കാണാനവരിവിടെല്ലാം



നല്ലം കൂടിയുരുണ്ടാറങ്ങിയ
ഉല്ലന കുപ്പിയിലിട്ടാക്കാര്യമൊ-
രല്പം പോലും കാണുകയില്ലത
ശില്പിയശേഷമറിഞ്ഞിട്ടന്നു
കണ്ണിനെ കൂട്ടിക്കെട്ടുക വഴുത്തും
'കണ്ണിനെ കണ്ണടകൊണ്ടു മറച്ചും'
പെണ്ണിനു പുറകെ കൂടിയടുക്കും
പൊണ്ണന്മാരുടെ കണ്ണിലതെല്ലാം
മണ്ണിട്ടിടിന പെൺകുലമതിനൊരു
പൊണ്ണത്താട്ടമറിഞ്ഞവരുണ്ടോ?
പാട്ടമശേഷം മൂളന്നൊരു വക
പാട്ടുകയിട്ടു മുറുക്കിക്കൊണ്ടും
കണ്ണുകറക്കം മാതിരിയൊരുവക
മിന്നം സാരി ഞൊറിഞ്ഞു ധരിച്ചും
കൈവളയിട്ടും കാൽവളയിട്ടും
കൈവിരലെല്ലാം മോതിരമിട്ടും
പട്ടുറുമാലുകൾ വെട്ടും മാതിരി
യിട്ടു മുറുക്കി ഞെളിഞ്ഞു നടന്നും
ലേഡീസ് വാച്ചും ലേഡീസ് കടയും
മോടിയിലങ്ങു ശരിക്കു ധരിച്ചും
പിശറികളതു പോലിതുവശമതിലും
വിശ്രമന്നൊരു വക ഞാന്നുകളിട്ടും
ഈച്ചയുടക്കാതാട്ടിക്കൊണ്ടും
മേക്കപ്പ് ധരിച്ചും കാപ്പു ധരിച്ചും
ഈച്ചുകൾപോലെ ചിരിച്ചു ചരിച്ചും
'ബോച്ചു' കളായിപ്പോവതു കാണാം
നാരികളെന്നും സാരികൾ മാറാൻ
നാരിക മനിയേൽ നോക്കിയിരുന്നും
ഉടയിയ വേല കണക്കേ നാരിക
പാരിലതാക്കിപ്പോക്കിക്കൊണ്ടും
പുതുതാ വച്ചും വിദ്വാ ചൊന്നും
കുടുകടെ പൊട്ടും പൊട്ടിച്ചിരിയും
കുടുകിടുന്നേരം കളിയാതെന്നെ
ചുഴപ്പുടെ വാക്ക പറഞ്ഞു രസിച്ചും
വല്ലാതങ്ങു തിരിച്ചു പിരിച്ചും
നല്ലൊരു ചുരുളൻ കറുളകളെല്ലാം
വല്ലാതങ്ങു തിരിച്ചു പിരിച്ചും

നല്ലവർപോലും കണ്ടാലൊരുവക
വല്ലായ്മകളെക്കാട്ടും വണ്ണം
കരിനിറമൊരുതരം തലമുടിയെല്ലാം
തിരികകൾപോലെ വളച്ചു പിരിച്ചും
വലമുറികൊണ്ടെതലമുടിയെല്ലാം
പലവുരു ചുററിയൊതുക്കിയണച്ചും
പിന്നിതുക്കിയശേഷം വീണ്ടും
മുന്നിക്കൂട്ടി വളച്ചു പിരിച്ചും
വല്ലാതങ്ങു നടപ്പതുമെല്ലാം
'കല്ലും കണ്ടു കരഞ്ഞിടുന്ന'
സിനിമാശാലകളെല്ലാമിവരെ
വനിതാശാലകളായിത്തീർന്നു
മീററിംഗെവിടുണ്ടവിടെക്കാണാം
സീററിലുള്ളവർ സിനൂകൾ കിട്ടും
നാലാംകൂട്ടുകയിവിടെക്കാണാം
കാലാംപൂട്ടിയിപ്പുതിപ്പൾക്കാണാം
കന്നിക്കച്ചേന്നാലവിടെക്കാണാം
പൊന്നിൻ കടയുടെയുള്ളിൽക്കാണാം
പാർക്കിൽ ചെന്നാലവിടെക്കാണാം
താക്കീർ തങ്ങടെ നടുവിൽക്കാണാം
'ബീച്ചി'ൽ ചെന്നാലിങ്ങുരകി—
ചീച്ചകൾ പറവം മാതിരി കാണാം
'മാർക്കറ്റി'ൽ ചെന്നാലവിടെക്കാണാം
കാപ്പുകൾ വില്ക്കുന്നവിടെക്കാണാം
കൊടിമരമുണ്ടേലവിടെക്കാണാം
'കഥവാകളിയുടെ നടുവിൽക്കാണാം'
ഫോട്ടോ സ്റ്റുഡിയോ തന്നിൽ കാണാം
പാട്ടുകൾ പാടുന്നവിടെക്കാണാം
മോട്ടോർ കോറൻ സ്റ്റാൻഡിൽ ചെന്നാൽ
കൂട്ടത്തോടവരവിടേം കാണാം
ഇടവഴിയൂടെ പോകാൻ ചെന്നാൽ
പടുവാക്കരികളുവിടേം കാണാം
പറയും തോറും പറയാൻ കാണാം
കാവൊരുമേശം കാണുകയില്ല
പടുത നിറഞ്ഞവരെല്ലാമിങ്ങനെ
പിടഞ്ഞയാൽ പൂണരെന്തു ഫലം?

# ജ്യോതിഷ നിപുണൻ

(ചെറുകഥ)

By ശശി

(വിവർത്തകൻ—വി. രാമനാഥശർമ്മ, ക്ലാസ്സ് [illegible])

വഴിയരികിൽ ഇരുന്നു അത്ഭുതം മുതലായ പ്രൗഢവിഷയങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന ജ്യോത്സ്യന്മാരോടു എനിക്കു വലിയ മതിപ്പോ വിശ്വാസമോ ഒന്നുമില്ല. അവർക്കു ജ്യോതിഷത്തെപ്പറ്റി ഒന്നും അറിഞ്ഞുകൂടെന്നും, അവർ പറയുന്നതൊന്നും ഫലിക്കുകയില്ലെന്നുമാണ് എന്റെ അഭിപ്രായം. എന്നാൽ കഴിഞ്ഞ ആഴ്ച, മാമ്പലത്തിൽ, വൃക്ഷച്ചുവട്ടിൽ ഇരുന്നുകൊണ്ടിരുന്ന ഒരു ജ്യോത്സ്യനെ കണ്ടതു മുതൽ, എന്റെ മേല്പറഞ്ഞ അഭിപ്രായത്തെ ഞാൻ ലംഘിച്ചു. അതെ! അദ്ദേഹത്തിന്റെ ജ്യോത്സ്യത്തിനു പേരും പെരുമയും ലഭിച്ചതിനെപ്പറ്റി ഞാൻ അത്ഭുതപ്പെട്ടു.

അദ്ദേഹം ഇരുന്നിരുന്നതു ഒരു ബസ്സ്സ്റ്റാന്റിന്റെ സമീപത്താണ്. ഞാൻ അവിടെ ഒരു ദിവസം ബസ്സിനായി കാത്തിരുന്നു. അനേകം ആളുകൾ ആ ജ്യോതിഷവിദഗ്ദ്ധനെ അന്വേഷിച്ചു കൂട്ടം കൂട്ടമായി വന്നു, വന്നവർ അദ്ദേഹത്തിന്റെ ജ്യോത്സ്യത്തെപ്പറ്റി പുകഴ്ത്തി പറയുന്നതു ഞാൻ നേരിട്ടു കണ്ടു. അധികം ആളുകളും അദ്ദേഹത്തിന്റെ ഒരു പ്രത്യേക ജ്ഞാനത്തെക്കുറിച്ചാണ് അദ്ദേഹത്തെ പ്രശംസിച്ചുകൊണ്ടിരുന്നതു. എന്തെന്നാൽ, ഒരു സ്ത്രീ പ്രസവിക്കുന്ന കുട്ടി, ആണോ പെണ്ണോ എന്നു ശരിയായി പറയുന്നതിലാണ് അദ്ദേഹം നിപുണൻ. ആ അമാനുഷശക്തിയെക്കുറിച്ചാണ് അധികം ആളുകളും അദ്ദേഹത്തെ കീർത്തിച്ചുകൊണ്ടിരുന്നതു. "എന്റെ മരുമകൾക്കു പെൺകുട്ടി പിറക്കുമെന്നു താങ്കൾ പറഞ്ഞു. ഒരു വ്യത്യാസവും ഉണ്ടായില്ല. പെൺകുട്ടി തന്നെ പിറന്നു." "എന്റെ പൌത്രിക്കു ആൺകുട്ടിയേ പിറക്കുകയുള്ളു എന്നു താങ്കൾ പറഞ്ഞു. അതുപോലെ ആൺകുട്ടി തന്നെ പിറന്നു." ഇങ്ങനെ അനേകം പേർ അദ്ദേഹത്തിന്റെ ജ്യോത്സ്യം ഫലിച്ചതിനെപ്പറ്റി വാദനാളും പുകഴ്ത്തുന്നുണ്ടായിരുന്നു.

എനിക്കു ഒരു ആശ്ചര്യമയം! ഞാൻ എത്രയോ ജ്യോത്സ്യന്മാരെ കണ്ടിട്ടുണ്ട്. എന്നാൽ അവർ ആരും തന്നെ ജനിക്കാൻ പോകുന്ന കുട്ടി, ആണോ പെണ്ണോ എന്നു നല്ല തിട്ടമായിട്ടുകൂടി പറയാറില്ല. അങ്ങനെ തീർത്തുപറയുന്നതു സാദ്ധ്യമല്ല എന്നാണ് അവരുടെ അഭിപ്രായം. അങ്ങനെ പറയുന്നതു അസാദ്ധ്യമാണ്. അതുകൊണ്ടു ഈ ജ്യോത്സ്യർ മാത്രം, ആ വിഷയത്തെക്കുറിച്ചു ശരിയായി പറയുകയാണെന്നു വെച്ചാൽ തീർച്ചയായും അതൊരത്ഭുതമല്ലേ!!

എന്നാൽ അടുത്ത നിമിഷം തന്നെ എനിക്കൊരു പഴയ സംഗതി ഓർമ്മ വന്നു. എന്തെന്നാൽ, എന്റെ ഭാര്യക്കു ആൺകുട്ടിയേ പിറക്കുകയുള്ളു എന്നു ഒരു ജ്യോത്സ്യൻ പറഞ്ഞതായി എന്റെ അമ്മ ഒരു പ്രാവശ്യം എന്നോടു പറഞ്ഞിട്ടുണ്ട്. ആ ജ്യോത്സ്യം ഫലിച്ചില്ലെന്നുള്ള കാരണത്താൽ, എന്റെ അമ്മ എത്രയോ പ്രാവശ്യം ഈ ജ്യോത്സ്യരെ ശപിച്ചിട്ടുണ്ട്. എന്റെ ആ സ്വന്തം വിഷയത്തെക്കുറിച്ചു സംസാരിക്കുന്നതിനു ഞാൻ അടുത്തുകൂടി.

എന്നെക്കണ്ടയുടനെ അദ്ദേഹം "വരണം മിസ്റ്റർ! ഇരിക്കണം" എന്നു പറഞ്ഞു എതിരേറ്റു.



"അതൊക്കെ ഇരിക്കട്ടെ......എന്റെ അമ്മ നിങ്ങളുടെ അടുക്കൽ ജ്യോത്സ്യം ചോദിക്കാൻ വന്നല്ലോ, ഓർമ്മയുണ്ടോ? ......മീനാക്ഷി അമ്മാൾ എന്നു പേർ. താങ്കൾക്കു അന്നു അഞ്ചു രൂപാ ദക്ഷിണയും തന്നു......നല്ലവണ്ണം ഓർമ്മിച്ചു നോക്കു! മൈലാപ്പൂർ മാടത്തെരുവിൽ താമസിക്കും മീനാക്ഷി അമ്മ!" എന്നു ഞാൻ എന്റെ വിലാസത്തെ പൂർണ്ണമായി അറിയിച്ചു.

"ഓ! നല്ല ഓർമ്മയുണ്ട്......ഇരിക്കണം മിസ്റ്റർ!......അവർ നിങ്ങളുടെ അമ്മയാണോ?......ആഹാ......" എന്നു അയാൾ മറുപടി പറഞ്ഞു.

ഞാൻ അവിടെ ഉറപ്പിച്ചു ഇരുന്നു.

"ഒരിക്കലും പറഞ്ഞതു തെറ്റാൻ വഴിയില്ല!......ഇതാ എന്റെ നോട്ടുപുസ്തകം നോക്കണം......'മീനാക്ഷി അമ്മയുടെ മരുമകൾക്കു പെൺകുട്ടി തന്നെ ജനിക്കും'! നോക്കിയോ, എന്റെ ജ്യോത്സ്യം ഒരിക്കലും തെറ്റുകയില്ല. നിങ്ങളുടെ അമ്മയ്ക്കു ഓർമ്മപ്പിശക പറ്റിയതായിരിക്കും."

ഈ മറുപടി കേട്ടു ഞാൻ തല കുനിച്ചുപോയി. അദ്ദേഹത്തോടു മാപ്പു ചോദിക്കുവാൻ തീരുമാനിച്ചുകൊണ്ടു "ജ്യോത്സ്യരേ! ഞാൻ ചോദിച്ചതിനെക്കുറിച്ചു കോപിക്കരുതേ! ......നിങ്ങൾ ജ്യോത്സ്യത്തിൽ നിപുണൻ തന്നെ, സംശയമില്ല......എന്നാൽ ഒരു സംശയം......" എന്നു ഞാൻ തുടർന്നു പറഞ്ഞു.

"എന്തു സംശയം?"

"നല്ല സമയം, ആൾക്കൂട്ടം അധികവും കഴിഞ്ഞു. ഇപ്പോൾ ഇവിടെ നാം രണ്ടുപേർ മാത്രമേ ഉള്ളൂ. അതുകൊണ്ടു ചോദിക്കുന്നതിൽ തെറ്റില്ലെന്നു ഞാൻ വിചാരിക്കുന്നു......"

"ധൈര്യമായി ചോദിക്കണം മിസ്റ്റർ!......ഭയപ്പെടാതെ ചോദിക്കണം."

"ജനിക്കാൻ പോകുന്ന കുട്ടി, ആണോ പെണ്ണോ എന്നു നിങ്ങൾ ശരിയായി തീർത്തു പറയാറുണ്ടല്ലോ, അതെങ്ങനെയാണ് പറയുന്നത്?......ജ്യോതിഷത്തിൽ മറുകര കണ്ടിരിക്കുന്ന മഹാന്മാരും വിദഗ്ദ്ധന്മാർപോലും തീർത്തു പ്രവചിക്കാൻ സാധിക്കാത്ത ഈ സംഗതി നിങ്ങൾ എങ്ങനെ സൂക്ഷ്മമായി പറയുന്നു......"

"പറഞ്ഞുതരണം എന്നുള്ളതു നിർബ്ബന്ധമാണോ?"

"ഒരുപക്ഷെ വല്ല ദേവീഉപാസന മൂലമാണോ?"

"അതൊന്നുമില്ല. എല്ലാം വെറും പിഴപ്പ്, തന്ത്രം തന്നെ. പത്തു രൂപാ തന്നാൽ ആ തന്ത്രം പറഞ്ഞുതരാം."

"തന്ത്രമോ!......കൊള്ളാം......ആ തന്ത്രം അറിഞ്ഞാൽ കൊള്ളാമല്ലോ. ഇദാ, പത്തു രൂപാ. എടുത്തുകൊണ്ട് വേഗം ആ തന്ത്രത്തെപ്പറഞ്ഞുതന്നാലും."

"പറയാം......നമ്മോടു വന്നു ജ്യോത്സ്യം ചോദിക്കുന്നവരോട് ഒന്നുകിൽ ആൺ അല്ലെങ്കിൽ പെൺ എന്നു ഏതെങ്കിലും ഒന്നു തീർത്തു പറയണം. അവർ പോയശേഷം നമ്മുടെ ഒരു നോട്ടുപുസ്തകത്തിൽ പറഞ്ഞതിനു വിപരീതമായുള്ളതിനെ കുറിച്ചു വെക്കുക......അവരോടു പറഞ്ഞതു ഫലിച്ചില്ലെങ്കിൽ ഒട്ടും മുഷിക്കേണ്ട...... പറഞ്ഞതു ഫലിച്ചില്ലെങ്കിൽ 'നോട്ടുപുസ്തകത്തിൽ ശരിയായിട്ടാണല്ലോ എഴുതിവെച്ചിരിക്കുന്നതു; നിങ്ങൾക്കു ഓർമ്മപ്പിശക പറ്റിയതാണ്' എന്നു പറഞ്ഞു നമ്മുടെ നോട്ടുപുസ്തകം കാണിച്ചുകൊടുക്കണം.' അതും വിശ്വസിച്ചുകൊള്ളും. എല്ലാവരും നമ്മെ പുകഴ്ത്തിപ്പറയുകയും ചെയ്യും."

"അതെ! താങ്കൾ ഒരു ജ്യോതിഷനിപുണൻ തന്നെ!!" എന്നു ഞാൻ പറഞ്ഞു.

## MAGAZINE COMMITTEE

Mr. C. P. Mathew, M. A., *Principal.*
" V. M. Ittyerah, M. A.
" K. Jacob, M. A.
" A. Aravamuda Ayyangar, M. A., *Editor, English Section.*
" P. Krishna Pillai, B. O. L., *Editor, Malayalam Section.*

## OUR EXCHANGE MAGAZINES

1. The Sacred Heart College Annual, Thevara.
2. Sree Kerala Varma College Miscellany, Trichur.
3. University College Magazine, Trivandrum.
4. The Sanathana Dharma College, Alleppey.
5. St. Albert's College Annual, Ernakulam.
6. The Training College Annual, Trivandrum.
7. St. John's College Magazine, Agra.
8. The Scottish Church College Magazine, Calcutta.
9. Serampore College Magazine, Calcutta.
10. The Government Brennen College Magazine, Tellicherry.
11. The Government College Miscellany, Mangalore.
12. The Excelsior, St. Berchmans' College, Changanacherry.
13. The Besant Theosophical College Magazine, Madanapalle.
14. The Maharaja's College Magazine, Trivandrum.
15. Balan, Mar Basil Eng. High School, Kothamangalam.
16. Women's Christian College Magazine, Madras.
17. The Chronicle, Bishop's College Magazine, Calcutta.
18. Madras Christian College Magazine, Madras.
19. The Zamorin's College Magazine, Calicut.
20. The Kumbakonam College Magazine, Kumbakonam.
21. The Albertian (St. Albert's High School), Ernakulam.

Printed at the C. M. S. Press, Kottayam.
Edited by A. Aravamuda Ayyangar, M. A., and Published by T. I. Poonen, M. A.